34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 31, 2026 Vol. XXXIV No. 35

4 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനം
6 ഉരുകുന്ന ഹിമാനികൾ; ഉയരുന്ന ദുരന്തങ്ങൾ
17 ഓണക്കിറ്റുകൾ വിതരണം ചെയ്തു
20 ഡാളസിൽ രാജ്യാന്തര 56 ചീട്ടുകളി മത്സരം
21 ഗീതാമണ്ഡലത്തിൽ തിരുവോണം ആഘോഷിച്ചു

## ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി മത്സരങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയായി

ചിക്കാഗോ: വടംവലിയുടെ ലോക വേദിയിൽ ശ്രദ്ധേയമായ സാന്നിദ്ധ്യമായി മാറിയ ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ അറിയിച്ചു. സെപ്റ്റംബർ 6-ന് ഞായറാഴ്ച രാവിലെ 8 മണി മുതൽ ബെൻസൻവി

**അനിൽ മറ്റത്തിക്കുന്നേൽ**

ല്ലിലെ വിശാലമായ എനർജി സ്പോർട്സ് കോംപ്ലക്സിലാണ് ഇത്തവണത്തെ വടംവലി മാമാങ്കം അരങ്ങേറുന്നത്.




ചിക്കാഗോ സോഷ്യൽ ക്ലബ് ആസ്ഥാനത്ത് ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ചിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രസ് മീറ്റിൽ സോഷ്യൽ ക്ലബ് ഭാരവാഹികളും ടൂർണമെന്റ് കമ്മിറ്റി അംഗങ്ങളും മത്സരത്തിന്റെ ഒരുക്കങ്ങളും പ്രത്യേകതകളും മാധ്യമങ്ങളുമായി പങ്കുവെച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി പതിനാറോളം പ്രമുഖ ടീമുകൾ ഇത്തവണത്തെ മത്സരത്തിൽ പങ്കെടുക്കും. വൻ സമ്മാനത്തുകകളും ആവേശകരമായ പോരാട്ടങ്ങളും കൊണ്ട് ഇതിനകംതന്നെ അന്താരാഷ്ട്ര വടംവലി (ശേഷം 11-ാം പേജിൽ)

## നേപ്പാളിലെ മിന്നൽ പ്രളയം; മരണം 794 ആയി

കാഠ്മണ്ഡു: നേപ്പാളിന്റെ നാല് മധ്യ ജില്ലകളിൽ സംഹാരതാണ്ഡവമാടിയ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 794 ആയി. 2502 പേരെ കാണാനില്ലെന്നു നേപ്പാൾ പോലീസ് അറിയിച്ചു. ഇതിൽ 275 ഇന്ത്യക്കാരും ഉൾപ്പെടുന്നു. ടിബറ്റൻ മേഖലയിൽ 261 വിദേശികളെ കാണാതായെന്നു ചൈനീസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതിൽ 49 ഇന്ത്യക്കാരും ഉൾപ്പെടുന്നു. ആദ്യമായാണു വിവിധ രാജ്യങ്ങൾ തിരിച്ചുള്ള കണക്ക് ചൈന പുറത്തുവിടുന്നത്. മഞ്ഞുമല അടർന്നു നദിയിൽ പതിച്ചതിനെ തുടർന്നാണ് പട്ടണങ്ങളെയും ഗ്രാമങ്ങളെയും വിഴുങ്ങിയ മിന്നൽപ്രളയം ഉണ്ടായതെന്നാണ് പ്രാഥമിക നിഗമനം.



റസുവ, ധാടിങ്, ധുവാകോട്ട്, ചിത്വൻ ജില്ലകളെയാണ് പ്രളയം തകർത്തത്. ഡസൻകണക്കിനു ചെറുപട്ടണങ്ങളെയും ഗ്രാമങ്ങളെയും തകർത്തെറിഞ്ഞ പ്രളയജലം ത്രിശൂലി, നാരായണി നദികളിലേക്കാണ് ഒഴുകിയെത്തിയത്. ഇതിനിടെ ഒട്ടേറെ പാലങ്ങളും ജലവൈദ്യുത പദ്ധതികളും തകർന്നു.

ഭൂചലനമാണ് മിന്നൽപ്രളയത്തിനു കാരണമായതെന്നായിരുന്നു ആദ്യ നിഗമനം. എന്നാൽ, മഞ്ഞുപാളി അടർന്നതാണ് കാരണമെന്ന് യുഎസ് ജിയോളജിക്കൽ സർവേ വ്യക്തമാക്കി. ഒമ്പതു ജലവൈദ്യുത പദ്ധതികളുടെ തുരങ്കങ്ങളിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്തുകയെന്ന വെല്ലുവിളി നേരിടുകയാണ് നേപ്പാളി ആർമി എഞ്ചിനീയർമാരുടെ സംഘം. കാഠ്മണ്ഡുവിനെ വിവിധ ജില്ലകളുമായി ബന്ധിപ്പിക്കുന്ന നഗ്ദുംഗ-മഗ്ലിങ് ദേശീയപാത പൂർണമായി തകർന്നതോടെ രക്ഷാപ്രവർത്തനവും ദുഷ്കരമായി.

(ശേഷം 34-ാം പേജിൽ)

## ഫാ. തോമസ് ആനിമൂട്ടിൽ കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാൻ

**ജോസ് കണിയാലി**

കാക്കനാട്: കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാനായി ഫാ. തോമസ് ആനിമൂട്ടിലിനെ നിയമിച്ചു. കാക്കനാട്ടുള്ള സീറോമലബാർ ആസ്ഥാനത്ത് മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. നിലവിൽ കോട്ടയം അതിരൂപതയുടെ വികാരി ജനറാളാണ് ഫാ. തോമസ് ആനിമൂട്ടിൽ.



1989 ഏപ്രിൽ 13-ന് വൈദികപട്ടം സ്വീകരിച്ച ഫാ. തോമസ് ആനിമൂട്ടിൽ പയ്യാവൂർ സെന്റ് ആൻസ് ചർച്ച് ഇടവകാംഗമാണ്. അതിരൂപതയിലെ വിവിധ ഇടവകകളിൽ സേവനം ചെയ്ത അദ്ദേഹം അതിരൂപതാ ചാൻസലറായും പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയായും കാരിത്താസ് ആശുപത്രിയുടെ ഡയറക്ടറായും കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. നിലവിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയാണ്.

(ശേഷം 22-ാം പേജിൽ)

## മുഖ്യമന്ത്രിയെ കാണാൻ സെക്രട്ടേറിയറ്റിൽ പുതിയ ക്രമീകരണം

തിരുവനന്തപുരം: സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി സന്ദർശകരെ കാണുന്നതുമായി ബന്ധപ്പെട്ടു പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. പൊതുഅവധി അല്ലാത്ത തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മുതൽ 5.30 വരെ സന്ദർശകർക്കു മുഖ്യമന്ത്രിയെ കാണുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഈ മൂന്ന് ദിവസങ്ങളിലും പ്രായമായവർ, ഭിന്നശേഷിക്കാർ, ശാരീരിക അവശതകളുള്ളവർ എന്നിവരെ സെക്രട്ടേറിയറ്റ് വളപ്പിലെ പരാതി പരിഹാര സെല്ലിൽ മുഖ്യമന്ത്രി നേരിട്ട് കാണും. അതിനുശേഷമായിരിക്കും മുഖ്യമന്ത്രി ഓഫീസിൽ സന്ദർശകരെ കാണുക.

മുൻകൂട്ടി അപ്പോയിന്റ്മെന്റ് എടുത്തിട്ടുള്ളവർക്കും ഈ സമയത്ത് ഓഫീസിലെത്തി മുഖ്യമന്ത്രിയെ കാണാം. സെപ്റ്റംബർ രണ്ട് മുതൽ പുതിയ ക്രമീകരണം നിലവിൽ വരും. മറ്റു ജില്ലകളിൽനിന്ന് എത്തുന്നവർക്ക് മുഖ്യമന്ത്രിയെ വേഗത്തിൽ കണ്ട് പരാതി നൽകുന്നതിനും തിരക്ക് ഒഴിവാക്കുന്നതിനുമാണ് പുതിയ ക്രമീകരണമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. മുഖ്യമന്ത്രി സെക്രട്ടേറിയറ്റിൽ ഇല്ലാത്ത ദിവസങ്ങളിലും പരാതി പരിഹാര സെല്ലിൽ പൊതുജനങ്ങൾക്കു നേരിട്ടു പരാതി നൽകാം. വൈകുന്നേരം മൂന്ന് മുതൽ അഞ്ച് വരെ പ്രത്യേകം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കും.


SUNNY
FINANCIAL STRATEGIES
Forbes 2026
BEST-IN-STATE FINANCIAL SECURITY PROFESSIONALS
SHOOK RESEARCH
Member MDRT
CFP
RETIRE WITH CONFIDENCE.
BUILD WEALTH WITH PURPOSE.
Integrated financial planning for retirees, pre-retirees, professionals, executives, and business owners.
ONE RELATIONSHIP • ONE PLAN • GREATER CLARITY
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
COMPREHENSIVE FINANCIAL PLANNING
Six Key Planning Areas. One Coordinated Strategy.
Retirement & Financial Planning
Cash-flow planning • Social Security • Medicare • RMDs
Build a sustainable, tax-aware retirement income plan
Tax-Smart Planning Strategies
Roth conversions • tax diversification • capital-gain planning
Qualified plan deductions, withdrawal sequencing and CPAs
Wealth & Investment Management
Stocks • ETFs • mutual funds • bonds • advisory portfolios
Alternatives, hybrid annuities, retirement optimization
Business & Executive Planning
Solo 401(k) • SEP IRA • cash balance • defined benefit
Executive benefits, succession and continuity planning
401(k), IRA & Pension Rollovers
401(k) • 403(b) • 457(b) • TSP • pensions • IRAs
Consolidate and gain investment and distribution flexibility
Estate, Legacy & Protection Planning
Wills • trusts • life • disability • long-term care
Health & financial POAs, liquidity and wealth transfer
Plan Strategically. Invest Intentionally. Retire Confidently. Leave a Legacy.
COMPLIMENTARY FINANCIAL STRATEGY REVIEW
Identify gaps. Prioritize opportunities.
Gain access to your financial planning portal.
847-585-4931 | tom@sunnyfinancial.com
www.SunnyFinancial.com
SCAN TO CONNECT


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB ACCREDITED BUSINESS
Better Business Bureau

# കലിഫോർണിയയിൽ രണ്ട് മലയാളി യുവതികൾ കൊല്ലപ്പെട്ടു

തൃശൂർ: യുഎസിലെ കലിഫോർണിയയിലെ മിൽപീറ്റസിൽ ഒരേ അപ്പാർട്മെന്റ് സമുച്ചയത്തിൽ താമസിക്കുന്ന രണ്ടു മലയാളി യുവതികൾ കൊല്ലപ്പെട്ട നിലയിൽ. തൃശൂർ മണ്ണുത്തി മുടിക്കോട് തെക്കൂട്ട് ഹരിദാസിന്റെയും സുഷമയുടെയും മകൾ അഞ്ജന ഹരി (35), തിരുവനന്തപുരം കേശവദാസപുരം കാക്കനാട് ലെയ്ൻ 22 മറ്റത്ത് വീട്ടിൽ ജിജി മാത്യുവിന്റെയും പരേതയായ ബെസ്സി ജി. മാത്യുവിന്റെയും മകൾ ആൻ മേരി മാത്യു (40) എന്നിവരാണു കൊല്ലപ്പെട്ടത്. അതേ അപ്പാർട്മെന്റിൽ താമസിക്കുന്ന ഇവരുടെ സുഹൃത്തായ കോട്ടയം മൂന്നിലവ് സ്വദേശിനി അനിലയെ (32) അറസ്റ്റ് ചെയ്തതായി മിൽപീറ്റസ് പോലീസ് സ്ഥിരീകരിച്ചു.



അഞ്ജന ഹരി, ആൻ മേരി മാത്യു — അറസ്റ്റിലായ അനില

കൊലപാതകങ്ങളുടെ കാരണം അജ്ഞാതമായി തുടരുന്നു. അപ്പാർട്മെന്റിൽ പാർക്കിങ് സ്ഥലത്ത് അഞ്ജനയെ അനില കാറിടിപ്പിച്ചതിനു ദൃക്സാക്ഷികളുണ്ടെന്നു പോലീസ് അറിയിച്ചു. ഫ്ളാറ്റിനുള്ളിൽ കുത്തേറ്റു കിടക്കുന്ന നിലയിലായിരുന്നു ആനിന്റെ ശരീരം കാണപ്പെട്ടത്.

ഡിക്സൺ ലാൻഡിങ് റോഡിൽ മിൽക്രീക്ക് അപ്പാർട്മെന്റ്സിലായിരുന്നു മൂന്നു യുവതികളും കുടുംബസമേതം താമസം. മൂവരും അടുത്ത സുഹൃത്തുക്കളായിരുന്നെന്നു ബന്ധുക്കൾ പറയുന്നു. ഈയിടെ ഓണാഘോഷത്തിൽ ഒന്നിച്ചു പങ്കെടുക്കുകയും തിയറ്ററിൽ ഒന്നിച്ചു സിനിമ കാണാൻ പോകുകയും ചെയ്തിരുന്നു. എന്നാൽ, ആഗസ്റ്റ് 28-ന് വെള്ളിയാഴ്ച ഉച്ചയ്ക്കു 12-ഓടെ അപ്പാർട്മെന്റിന്റെ പാർക്കിങ് ഏരിയയിൽ നീല നിറത്തിലുള്ള എസ്‌യുവി ഒരു യുവതിയെ ഇടിച്ചുവീഴ്ത്തിയ ശേഷം കടന്നുകളയുന്നതു ദൃക്സാക്ഷികൾ കണ്ടിരുന്നു. വണ്ടിയോടിച്ചതും സ്ത്രീയാണെന്നു താമസക്കാർ മിൽപീറ്റ്സ് പോലീസിനെ അറിയിച്ചു.

പോലീസ് എത്തുമ്പോൾ അഞ്ജനയെ സംഭവസ്ഥലത്തു മരിച്ചനിലയിൽ കണ്ടെത്തി. സമീപത്തെ മറ്റൊരു കെട്ടിടത്തിന്റെ പാർക്കിങ് ഏരിയയിൽ നീല എസ്‌യുവി മുൻഭാഗം തകർന്ന നിലയിൽ കിടക്കുന്നതും പോലീസ് കണ്ടെത്തി. വണ്ടിയോടിച്ച അനിലയെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

അഞ്ജന കൊല്ലപ്പെട്ടതറിഞ്ഞ് ആനിന്റെ ഭർത്താവ് കോട്ടയം ചിങ്ങവനം പള്ളത്ര വീട്ടിൽ ജേക്കബ് ഫ്ളാറ്റിലെത്തി നോക്കുമ്പോഴാണ് കുത്തേറ്റു ചോര വാർന്ന് ആൻ മരിച്ചുകിടക്കുന്നതു കാണുന്നത്. പിതാവിന്റെ 70-ാം ജന്മദിന ആഘോഷത്തിന് ജൂൺ അവസാന വാരം ആൻ മേരി നാട്ടിലെത്തി മടങ്ങിയിരുന്നു. യുഎസിലെ സ്കൂളിൽ കംപ്യൂട്ടർ അധ്യാപികയാണ്. ആൻഡ്രീസ (12), അലീസ (5) എന്നിവരാണ് മക്കൾ. നടപടിക്രമങ്ങൾ പൂർത്തിയാക്കി മൃതദേഹം നാട്ടിലെത്തിക്കാൻ രണ്ട് ആഴ്ചയിലധികം വേണ്ടി വരുമെന്നും അക്രമ സംഭവത്തെകുറിച്ച് കൂടുതൽ അറിയില്ലെന്നും പിതാവ് ജിജി പറഞ്ഞു. സിൻഡിക്കേറ്റ് ബാങ്ക് മുൻ ഉദ്യോഗസ്ഥനാണ് ജിജി.

ആദ്യം ആനിനെ കൊലപ്പെടുത്തിയശേഷം അഞ്ജനയെ പുറത്തേക്കു വിളിച്ചുവരുത്തി കാറിടിപ്പിച്ചതാകാം എന്ന വിവരമാണ് അഞ്ജനയുടെ ബന്ധുക്കൾക്കു ലഭിച്ചത്.

അഞ്ജനയുടെ ഭർത്താവ് പീച്ചി വിലങ്ങന്നൂർ സ്വദേശി വിജീഷ് കലിഫോർണിയയിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറാണ്. അഞ്ജന അധ്യാപികയായി ജോലി ചെയ്യുകയായിരുന്നു. മകൾ ആറുവയസ്സുകാരി വാമിക.

2021-ലാണ് അഞ്ജനയും കുടുംബവും കലിഫോർണിയയിലെത്തുന്നത്. 2023-ൽ ആണ് അവസാനമായി മണ്ണുത്തിയിലെ വീട്ടിലെത്തിയത്. മൃതദേഹം നാട്ടിലെത്തിക്കാൻ ശ്രമം തുടങ്ങിയതായി അഞ്ജനയുടെ ബന്ധുക്കൾ അറിയിച്ചു.

# ഇന്ത്യക്കാർക്ക് ഉസ്ബെക്കിസ്ഥാനിൽ 30 ദിവസത്തെ വിസയില്ലാ പ്രവേശനം

ദുബായ്: ഇന്ത്യൻ പൗരന്മാർക്ക് 30 ദിവസത്തെ വിസയില്ലാ പ്രവേശനം പ്രഖ്യാപിച്ച് ഉസ്ബെക്കിസ്ഥാൻ. താഷ്കെന്റിൽ നടന്ന ഉച്ചകോടിയിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള കൂടിക്കാഴ്ചയ്ക്കിടെ ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷൗക്കത്ത് മിർസിയോയേവ് ആണ് പ്രഖ്യാപനം നടത്തിയത്. ഇരു രാജ്യങ്ങളും തമ്മിലുള്ള വാണിജ്യ, വിനോദസഞ്ചാര ബന്ധങ്ങളും ജനങ്ങൾ തമ്മിലുള്ള സൗഹൃദവും ശക്തമാക്കാൻ ഈ നീക്കം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

അതേസമയം, യുഎഇ റസിഡന്റ് വിസയുള്ളവർക്ക് ഉസ്ബെക്കിസ്ഥാനിലേക്ക് പോകാൻ നേരത്തെ തന്നെ വിസ ആവശ്യമില്ല. അതുകൊണ്ട് തന്നെ മലയാളികളടക്കം ഒട്ടേറെ പേരാണ് ഓരോ അവധിക്കാലത്തും ഈ രാജ്യം സന്ദർശിക്കുന്നത്.

ഇന്ത്യ രാജ്യത്തിന്റെ വിശ്വസ്തനായ തന്ത്രപ്രധാന പങ്കാളിയാണെന്ന് വിശേഷിപ്പിച്ച മിർസിയോയേവ് ഉഭയകക്ഷി വ്യാപാരത്തിലും വ്യവസായ സംരംഭങ്ങളിലും വൻ വളർച്ചയുണ്ടായതായി ചൂണ്ടിക്കാട്ടി. കഴിഞ്ഞവർഷം ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം ചരിത്രത്തിലാദ്യമായി 100 കോടി ഡോളർ കവിഞ്ഞു.

സമീപവർഷങ്ങളിൽ സംയുക്ത സംരംഭങ്ങളുടെ എണ്ണം ഏഴുമടങ്ങായി വർധിച്ചു. നിലവിൽ പ്രതിവാരം 14 നേരിട്ടുള്ള വിമാന സർവീസുകൾ ഇരുരാജ്യങ്ങൾക്കുമിടയിൽ സർവീസ് നടത്തുന്നുണ്ട്.

ഇന്ത്യയും ഉസ്ബെക്കിസ്ഥാനും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. താഷ്കെന്റിലെ ലാൽ ബഹാദൂർ ശാസ്ത്രി ഇന്ത്യൻ കൾചറൽ സെന്റർ, മഹാത്മാഗാന്ധി സെന്റർ ഫോർ ഇന്ത്യൻ സ്റ്റഡീസ് എന്നിവയുടെ സേവനങ്ങളും പ്രസിഡന്റ് എടുത്തുപറഞ്ഞു. ഉസ്ബെക്കിസ്ഥാനിൽ യോഗയ്ക്ക് വലിയ പ്രചാരം ലഭിക്കുന്നുണ്ടെന്നും 2018 മുതൽ രാജ്യത്ത് യോഗാ ഫെഡറേഷൻ പ്രവർത്തിക്കുന്നുണ്ടെന്നും കഴിഞ്ഞ ജൂണിൽ രാജ്യവ്യാപകമായി യോഗ ഫെസ്റ്റിവൽ സംഘടിപ്പിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# ബാറുടമകളിൽനിന്ന് കോഴ; എക്സൈസ് ഡിസി ഉൾപ്പെടെ ഏഴ് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

തിരുവനന്തപുരം: ബാറുടമകളിൽനിന്ന് മാസപ്പടിയും മദ്യവും കൈപ്പറ്റിയെന്ന പരാതിയിൽ കോട്ടയം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എസ്. അശോക് കുമാർ ഉൾപ്പെടെ ഏഴ് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ.

എക്സൈസ് മന്ത്രി എം. ലിജുവിനുൾപ്പെടെ ലഭിച്ച പരാതിയുടെ ഭാഗമായി എക്സൈസ് കമ്മീഷണർ സീറാം സാംബശിവറാവു നേരിട്ടു നടത്തിയ പരിശോധനയിലാണ് ഡെപ്യൂട്ടി കമ്മീഷണർ ഉൾപ്പെടെയുള്ളവർ പണവും മദ്യവും മറ്റു പാരിതോഷികങ്ങളും സ്ഥിരമായി കൈപ്പറ്റുന്നതായി കണ്ടെത്തിയത്. ഇതേത്തുടർന്നാണ് അച്ചടക്ക നടപടി.

കോട്ടയം എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നർകോട്ടിക് സ്പെഷൽ സ്ക്വാഡിലെ പ്രിവന്റീവ് ഓഫീസർ എം. മാനുവൽ, പ്രവീൺ ശിവാനന്ദ്, ചങ്ങനാശേരി എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർമാരായ ലാലു തങ്കച്ചൻ, ടി. സന്തോഷ്, ചങ്ങനാശേരി എക്സൈസ് റേഞ്ചിലെ പ്രിവന്റീവ് ഓഫീസർ കെ. ഷിജു, ചങ്ങനാശേരി എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ എ.എസ്. വിശാഖ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. എക്സൈസ് മന്ത്രി എം. ലിജുവിന്റെ കർശന നിർദേശത്തെത്തുടർന്നാണ് അവധി ദിവസമായിട്ടും ഓഗസ്റ്റ് 30-ന് ഞായറാഴ്ച സസ്പെൻഷൻ ഉത്തരവിറക്കിയത്. ചങ്ങനാശേരി എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ജി.എൽ. ആദർശിനെതിരേയും വകുപ്പുതലത്തിൽ പിഴ ഉൾപ്പെടെയുള്ള നേരിയ നടപടിയുണ്ടാകും. മേൽനോട്ട ചുമതലയിൽ വീഴ്ച വരുത്തിയതിനാണ് നടപടി.

ചങ്ങനാശേരി, കോട്ടയം മേഖലകളിലെ ചില ബാറുകളിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ വൻ ക്രമക്കേടുകൾ നടക്കുന്നതായി മന്ത്രിക്ക് നേരിട്ടു പരാതി ലഭിച്ചിരുന്നു.

# മുഖ്യമന്ത്രിയെ വഴിയിൽ തടഞ്ഞതിന് ചേന്തി അനിൽ റിമാൻഡിൽ

തിരുവനന്തപുരം: ചേന്തിയിൽ സംഘടിപ്പിച്ച ശ്രീനാരായണ ജയന്തി ആഘോഷത്തിൽ പങ്കെടുക്കാത്തതിൽ പ്രതിഷേധിച്ച് മുഖ്യമന്ത്രി വി.ഡി. സതീശനെ തടഞ്ഞ് അപമാനിച്ച സംഭവത്തിൽ ഡിസിസി അംഗം ചേന്തി അനിൽ റിമാൻഡിൽ. മുഖ്യമന്ത്രിയെ മനഃപൂർവം തടഞ്ഞ സംഭവം പാർട്ടിക്ക് അവമതിപ്പ് ഉണ്ടാക്കിയ സാഹചര്യത്തിൽ ചേന്തി അനിലിനെ പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽനിന്നു ഡിസിസി പ്രസിഡന്റ് പുറത്താക്കി.

ഓഗസ്റ്റ് 28-ന് വെള്ളിയാഴ്ച ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചതയദിനാഘോഷത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ പങ്കെടുക്കാത്തതിൽ പ്രതിഷേധിച്ച് ചേന്തി അനിലിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിയുടെ വാഹനം തടഞ്ഞ് അപമാനിക്കുകയായിരുന്നു. ശ്രീനാരായണ ഗുരുവിന്റെ ജന്മസ്ഥലമായ ചെമ്പഴന്തി ആശ്രമത്തിലെ ശ്രീനാരായണഗുരു ജയന്തി സമ്മേളനത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി വി.ഡി. സതീശൻ പോകുന്ന വഴിയാണ് ചേന്തി അനിലിന്റെ നേതൃത്വത്തിൽ വാഹനം തടഞ്ഞത്. ഇവിടത്തെ പരിപാടിയിൽ പങ്കെടുക്കാതെ പോകാൻ അനുവദിക്കില്ലെന്നും മുഖ്യമന്ത്രിയെ ചേന്തി അനിൽ വെല്ലുവിളിച്ചു. വാഹനത്തിൽനിന്നു പുറത്തിറങ്ങിയ മുഖ്യമന്ത്രിയും ഇദ്ദേഹത്തിനുനേരെ ചൂടായി. പിന്നീട് രാത്രിയോടെ ചേന്തി അനിലിനെ ശ്രീകാര്യം പോലീസ് കസ്റ്റഡിയിലെടുത്തു. രാവിലെ അറസ്റ്റ് രേഖപ്പെടുത്തി മുഖ്യമന്ത്രിയുടെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തി തുടങ്ങിയ വകുപ്പുകൾ ചുമത്തിയാണ് അറസ്റ്റ് ചെയ്തത്.

കോടതിയിൽ ഹാജരാക്കിയപ്പോൾ ഇദ്ദേഹം വിവിധ പോലീസ് സ്റ്റേഷനുകളിലായി റൗഡി പട്ടികയിൽ ഉൾപ്പെട്ടയാളാണെന്നും ജാമ്യം അനുവദിക്കരുതെന്നും പോലീസ് അഭ്യർത്ഥിച്ചു. തുടർന്നു സെപ്റ്റംബർ 11 വരെ ചേന്തി അനിലിനെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. അറസ്റ്റിനു പിന്നാലെ കെപിസിസി പ്രസിഡന്റിന്റെ നിർദേശപ്രകാരം തിരുവനന്തപുരം ഡിസിസി അധ്യക്ഷൻ എൻ. ശക്തൻ, അനിലിനെതിരെ പാർട്ടിതല നടപടിയും സ്വീകരിച്ചു.

മുഖ്യമന്ത്രിയെ പോലുള്ള ഉന്നത നേതാവിനെ ഡിസിസി അംഗം വഴിയിൽ തടഞ്ഞു നിർത്തുകയും വെല്ലുവിളിക്കുകയും ചെയ്തത് ഗുരുതര അച്ചടക്ക ലംഘനമായി കണ്ടാണ് നടപടിയെന്ന് ഡിസിസി പ്രസിഡന്റ് എൻ. ശക്തൻ പറഞ്ഞു. അതേസമയം, ഗ്രൂപ്പ് പോരിന്റെ ഭാഗമായാണ് തനിയ്ക്കെതിരെ നടപടി സ്വീകരിച്ചതെന്നു ചേന്തി അനിൽ പോലീസ് കസ്റ്റഡിയിൽ മാധ്യമങ്ങളോടു പ്രതികരിച്ചു. എന്നാൽ, മുൻനിര നേതാക്കളോ പാർട്ടിയിലെ ഗ്രൂപ്പുകളോ അനിലിനെ പിന്തുണച്ചു രംഗത്ത് എത്തിയില്ല.

കോൺഗ്രസിൽ മുഖ്യമന്ത്രി തർക്കം നടക്കവേ രമേശ് ചെന്നിത്തലയെ അനുകൂലിച്ച് ശ്രീകാര്യം മേഖലയിൽ ചേന്തി അനിലിന്റെ നേതൃത്വത്തിൽ ഫ്ളക്സ് ബോർഡ് സ്ഥാപിച്ചിരുന്നു.

# ഉസ്ബെക് ഉന്നത ബഹുമതി മോദിക്ക്

ബിഷ്കെക്: ഷാങ്ഹായ് കോഓപ്പറേഷൻ ഓർഗനൈസേഷൻ (എസ്‌സിഒ) ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി മധ്യേഷ്യൻ രാജ്യമായ കിർഗിസ്ഥാനിൽ എത്തി. രാജ്യതലസ്ഥാനമായ ബിഷ്കെക്കിൽ ആണ് ഉച്ചകോടി. ഉച്ചകോടിക്കിടെ കിർഗിസ്-ഇന്ത്യ ഉഭയകക്ഷി ചർച്ചകളും നടക്കും. ഉച്ചകോടിയിൽ പങ്കെടുക്കാൻ ചൈന പ്രസിഡന്റ് ഷി ചിൻപിങ്ങും എത്തിയിട്ടുണ്ട്. ഉസ്ബെക്കിസ്ഥാൻ സന്ദർശനം പൂർത്തിയാക്കിയശേഷമാണു മോദി ബിഷ്കെക്കിലെത്തിയത്. വിദേശ നേതാക്കൾക്കുള്ള ഉസ്ബെക്കിസ്ഥാന്റെ പരമോന്നത ബഹുമതി താഷ്കെന്റിൽ മോദിക്കു സമ്മാനിച്ചു. ഉസ്ബെക് പ്രസിഡന്റ് ഷൗക്കത്ത് മിർസിയോയേവാണു പുരസ്കാരം നൽകിയത്. ഇരുരാജ്യങ്ങളും വ്യാപാരം, ഹരിതോർജം, ടെക്നോളജി തുടങ്ങിയ മേഖലകളിൽ ഒട്ടേറെ കരാറുകൾ ഒപ്പിട്ടു.



# സർക്കാർ ആശുപത്രികളിൽ ഇനി 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനം

തിരുവനന്തപുരം: കേരളത്തിലെ സർക്കാർ ജില്ലാ, ജനറൽ ആശുപത്രികളിൽ 24 മണിക്കൂറും സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിൽ സർക്കാരും ഡോക്ടർമാരുടെ സംഘടനയും തമ്മിൽ ധാരണ. ഓർത്തോ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ജനറൽ മെഡിസിൻ, സർജറി വിഭാഗങ്ങളിൽ രാവിലെ എട്ടുമുതൽ രാത്രി എട്ടുവരെ മുഴുവൻ സമയവും ഒരു സ്പെഷലിസ്റ്റ് ഡോക്ടറുടെ സേവനമുണ്ടാകും.

രാത്രി എട്ടുമുതൽ ഓൺ കോൾ ഡ്യൂട്ടിയിൽ സ്പെഷലിസ്റ്റ് സേവനം ഉറപ്പാക്കാനും ആരോഗ്യമന്ത്രി കെ. മുരളീധരനും സർക്കാർ ഡോക്ടർമാരുടെ സംഘടനയായ കെജിഎംഒഎ ഭാരവാഹികളും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ധാരണയിലായി. സ്പെഷാലിറ്റി ഡോക്ടർമാരുടെ ഒഴിവുകൾ നികത്താമെന്നും പ്രമോഷൻ നടപടി വേഗത്തിലാക്കാമെന്നും സർക്കാർ ഉറപ്പുനൽകി. കെജിഎംഒഎയുടെ എതിർപ്പിൽ ആരോഗ്യമന്ത്രി പരസ്യമായി അതൃപ്തിയും രേഖപ്പെടുത്തി.

കേരളത്തിലെ ജില്ല, ജനറൽ ആശുപത്രികളിൽ 24 മണിക്കൂറും സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാനുള്ള തീരുമാനത്തിൽ വിട്ടുവീഴ്ചയില്ലെന്നു മന്ത്രി അറിയിച്ചു. ഇതിന് ആനുപാതികമായി കൂടുതൽ ഡോക്ടർമാരെ നിയമിക്കണമെന്നു കെജിഎംഒഎ ആവശ്യപ്പെട്ടു. ഇക്കാര്യം പരിശോധിക്കാമെന്നു മന്ത്രിയും അറിയിച്ചു. ആവശ്യത്തിന് ഡോക്ടർമാർ സംവിധാനത്തിന് അകത്തുതന്നെയുണ്ടെന്നും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ നിന്ന് സ്പെഷലിസ്റ്റുമാരെ വിന്യസിച്ച പദ്ധതി നടപ്പാക്കാമെന്നുമായിരുന്നു സർക്കാർ നിലപാട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ നിന്ന് സ്പെഷലിസ്റ്റ് ഡോക്ടർമാരെ പുനർവിന്യസിക്കുമ്പോൾ അവരോട് സമ്മതം ചോദിക്കും.

പുനർവിന്യസിക്കുന്ന സ്പെഷലിസ്റ്റുമാർക്കു പകരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കും.

പുനർവിന്യസിക്കുന്ന സ്പെഷലിസ്റ്റുകൾക്ക് പ്രത്യേക അലവൻസ് വേണമെന്ന ആവശ്യം പരിഗണിക്കാമെന്നും മന്ത്രി അറിയിച്ചു. പ്രശ്നപരിഹാരമായതോടെ ആദ്യഘട്ടത്തിൽ പുനലൂർ ആശുപത്രിയിൽ പദ്ധതി തുടങ്ങും.

## നാഡീരോഗങ്ങൾ നിരീക്ഷിക്കാൻ പുതിയ സംവിധാനം

തിരുവനന്തപുരം: പാർക്കിൻസൺസ്, അമിയോട്രോഫിക് ലാറ്ററൽ സ്ക്ലിറോസിസ് (എഎൽഎസ്) തുടങ്ങി നാഡീവ്യവസ്ഥയെ ബാധിക്കുന്ന രോഗങ്ങൾ തുടക്കത്തിലെ തിരിച്ചറിയാൻ കഴിയുന്ന സാങ്കേതികവിദ്യ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ (ആർജിസിബി) ഗവേഷകർ വികസിപ്പിച്ചു. ഈ രോഗങ്ങളുമായി ബന്ധപ്പെട്ട ജൈവസൂചകങ്ങളെ (ബയോമാർക്കർ) തുടക്കത്തിൽ തന്നെ കണ്ടെത്തി നിരീക്ഷിക്കാൻ സഹായിക്കുന്ന നാനോപോർ സെൻസിങ് സാങ്കേതിക വിദ്യയാണിത്.

സൂക്ഷ്മവും പൊള്ളയുമായ ഘടനകളാണ് നാനോപോറുകൾ. ശരീരത്തിൽ ജൈവസൂചകങ്ങൾ കുറഞ്ഞാൽ പരമ്പരാഗത രീതിയിലൂടെ രോഗങ്ങൾ തുടക്കത്തിലേ കണ്ടെത്തുന്നത് ബുദ്ധിമുട്ടാണ്. ഉയർന്ന കൃത്യതയോടെ ജൈവസൂചകങ്ങളെ തിരിച്ചറിയാൻ ആർജിസിബി ഗവേഷകസംഘം രൂപകല്പന ചെയ്ത സെൽഫ് അസംബ്ലിങ് ഡ്യൂവൽ-ഡയമീറ്റർ നാനോപോർ സെൻസറുകൾക്കു കഴിയും. രോഗബാധിതവും അല്ലാത്തതുമായ ബയോമാർക്കറുകളെ വേർതിരിച്ചറിയാൻ ഈ സെൻസറുകൾക്ക് കഴിയും.

ഡോ. കെ.ആർ. മഹേന്ദ്രന്റെ നേതൃത്വത്തിൽ പിഎച്ച്.ഡി. വിദ്യാർത്ഥി വർഷ ഷാജി, പോസ്റ്റ് ഡോക്ടറൽ ഗവേഷക ഡോ. നീതു പുതുമഠത്തിൽ എന്നിവരടങ്ങുന്ന സംഘം നടത്തിയ ഗവേഷണ റിപ്പോർട്ട് ശാസ്ത്ര ജേണലായ 'നേച്ചർ നാനോടെക്നോളജി'യിൽ പ്രസിദ്ധീകരിച്ചു. രക്തം ഉൾപ്പെടെ ശരീരദ്രവങ്ങളിൽ നിന്ന് കാൻസർ പോലെ വിവിധ രോഗങ്ങളുടെ സൂചകങ്ങളെ നേരിട്ടു കണ്ടെത്താൻ കഴിയുന്ന പോയിന്റ് ഓഫ് കെയർ ഉപകരണങ്ങൾ നിർമിക്കാൻ ഭാവിയിൽ ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുമെന്ന് ആർജിസിബി ഡയറക്ടർ ഡോ. ബീന പിള്ള പറഞ്ഞു.

## ഏബ്രഹാം ഇട്ടിച്ചെറിയ അന്തരിച്ചു



കോട്ടയം: പബ്ലിക് ലൈബ്രറി പ്രസിഡന്റും കുട്ടികളുടെ ലൈബ്രറി ചെയർമാനുമായ ഏബ്രഹാം ഇട്ടിച്ചെറിയ (88) അന്തരിച്ചു. അരനൂറ്റാണ്ട് ലൈബ്രറിയെ നയിച്ച അദ്ദേഹം വ്യവസായി, സംഘാടകൻ, പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലകളിലും മികവു തെളിയിച്ചു. അദ്ദേഹത്തിന്റെ ഗ്രന്ഥശാലാ പ്രവർത്തനങ്ങളുടെ 50-ാം വാർഷികം അടുത്തമാസം ആഘോഷിക്കാനിരിക്കെയാണു വിയോഗം.

1938 നവംബർ 30-നു ചക്കാലയിൽ സി.ഐ. ഏബ്രഹാമിന്റെയും മേരിക്കുട്ടിയുടെയും മകനായി ജനനം. കോട്ടയം സിഎംഎസ് കോളജിൽനിന്നു ചരിത്രത്തിൽ ബിരുദവും മദ്രാസ് ക്രിസ്ത്യൻ കോളജിൽനിന്നു ബിരുദാനന്തരബിരുദവും നേടി. ഡൽഹി സർവകലാശാലയിൽനിന്നു പൊളിറ്റിക്കൽ സയൻസിലും ബിരുദാനന്തര ബിരുദം നേടി.

പിതാവിന്റെ നിർദേശപ്രകാരം നാട്ടിലേക്കു മടങ്ങിയ അദ്ദേഹം കോട്ടയത്തു പ്രവർത്തിക്കുന്ന സി.ഐ. ഏബ്രഹാം ആൻഡ് കമ്പനിയെ നയിച്ചു. 1977-ൽ കോട്ടയം പബ്ലിക് ലൈബ്രറി സെക്രട്ടറിയായ അദ്ദേഹം 1982 മുതൽ പ്രസിഡന്റാണ്. ലൈബ്രറി കെട്ടിടത്തിന്റെ താഴത്തെ നിലയൊഴികെയുള്ള കെട്ടിടങ്ങൾ, കെപിഎസ് മേനോൻ ഹാൾ, കാനായി കുഞ്ഞിരാമൻ തീർത്ത അക്ഷരശിൽപം തുടങ്ങിയവയുടെ നിർമാണത്തിനു നേതൃത്വം നൽകി.

മാർത്തോമ്മാ സഭാ കൗൺസിൽ അംഗം, സഭാ ട്രസ്റ്റി, ടിഎംഎ കൗൺസലിങ് ഇൻസ്റ്റിറ്റ്യൂട്ട് ട്രഷറർ, കോട്ടയം എക്യുമെനിക്കൽ അസോസിയേഷൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ് ട്രഷറർ, രാമവർമ യൂണിയൻ ക്ലബ് സെക്രട്ടറി, പ്രസിഡന്റ്, കോട്ടയം വൈഎംസിഎ പ്രസിഡന്റ് (2000-2008), കോട്ടയം ആർട്സ് സൊസൈറ്റി പ്രസിഡന്റ്, തിരുവല്ല മാർത്തോമ്മാ കോളജ് ട്രഷറർ, സിഎംഎസ് കോളജ് ഭരണസമിതിയംഗം, ഇൻഡോ-ജപ്പാൻ ഫെഡറേഷൻ കപ്പ് വോളിബോൾ ട്രഷറർ, സഭയുടെ വത്തിക്കാൻ പ്രതിനിധി സംഘാംഗം തുടങ്ങി നിരവധി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ: തിരുവല്ല കോവൂർ ആനിലല്ലി. മക്കൾ: അനീറ്റ തോമസ് (ന്യൂജഴ്സി, യുഎസ്എ), ബിനീറ്റ വർഗീസ് (ബെംഗളൂരു), സി.ഐ. ഏബ്രഹാം (കോട്ടയം), ആനി ഏബ്രഹാം (ബെംഗളൂരു). മരുമക്കൾ: ഏബ്രഹാം തോമസ് (ന്യൂജഴ്സി, യുഎസ്എ), ജോൺസൺ വർഗീസ് (ബെംഗളൂരു), അശ്വതി പൗലോസ് (കുന്നംകുളം), സുരേഷ് ഏബ്രഹാം (ബെംഗളൂരു).

## ഡിജിറ്റൽ സർവേയിലെ അപാകത: പുതിയ മാർഗനിർദേശമായി

തിരുവനന്തപുരം: ഡിജിറ്റൽ സർവേയിലെ സാങ്കേതികപ്പിശകുകൾ മൂലം ഭൂനികുതി സ്വീകരിക്കുന്നതു തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് പുതിയ മാർഗനിർദേശങ്ങൾ പുറത്തിറക്കി. ഡിജിറ്റൽ സർവേയിലെ പേര്, വിലാസം, വിസ്തീർണം തുടങ്ങിയവയിലെ പിഴവു കാരണം തടസ്സം നേരിട്ടവർക്ക് ഇനി താൽക്കാലികമായി നികുതി അടയ്ക്കാം. എൽആർഎം (ലാൻഡ് റവന്യൂ മാനേജ്മെന്റ്) അപേക്ഷ തീർപ്പാക്കുന്നതുവരെ കാത്തുനിൽക്കാതെ റെലിസ് പോർട്ടലിലെ റസിഡന്റ് എൻട്രി സൗകര്യം ഇതിനായി ഉപയോഗിക്കാം.

നികുതി രസീതിൽ എൽആർഎം, അപേക്ഷയുടെ എൽടിഐഎൻ നമ്പറും ഇതൊരു താൽക്കാലിക തണ്ടപ്പേര് ആണെന്ന വിവരവും നിർബന്ധമായും രേഖപ്പെടുത്തണം.

ഭാവിയിൽ എൽആർഎം നടപടികൾ പൂർത്തിയാകുമ്പോൾ താൽക്കാലികമായി അടച്ചതുക യഥാർത്ഥ തണ്ടപ്പേരിലേക്കു വകമാറ്റും. ഡിജിറ്റൽ സർവേയിലെ പിശകുകൾ പറഞ്ഞ് പൊതുജനങ്ങളെ നികുതി അടയ്ക്കുന്നതിൽ നിന്നു തടയരുതെന്ന് വില്ലേജ് ഓഫീസർമാർക്കു നിർദേശം നൽകിയിട്ടുണ്ട്.

## പുക കൂടിയാൽ ഇരുചക്രവാഹനം ഇഴയും

ന്യൂഡൽഹി: പുക മലിനീകരണം കൂടിയാൽ ഇനി വണ്ടിക്ക് വേഗം കുറയും. ഇരുചക്രവാഹനങ്ങൾക്കാണ് പുതിയ നിയന്ത്രണ സംവിധാനം കേന്ദ്ര സർക്കാർ കൊണ്ടുവരുന്നത്. പുകമലിനീകരണം അനുവദനീയ അളവ് കടന്നാൽ വാഹനം സ്വയം ഫോഴ്സ് റിപ്പയർ മോഡിലേക്ക് മാറുന്ന സംവിധാനമാണ് പരീക്ഷിക്കുന്നത്. ഭാരത് സ്റ്റേജ് 6 രണ്ടാം ഘട്ടത്തിലെ മലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങൾ പാലിക്കാത്ത ഇരുചക്ര വാഹനങ്ങളിൽ വേഗവും ശേഷിയും കുറഞ്ഞ് സാധാരണ ഉപയോഗം അസാദ്ധ്യമാക്കുന്ന ലിംപ് ഹോം മോഡ് സംവിധാനമാണ് ഏർപ്പെടുത്തുക. വാഹനത്തിന്റെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളിൽ ഉണ്ടാകുന്ന തകരാറുകൾ കണ്ടുപിടിച്ച് മുന്നറിയിപ്പ് നല്കുന്ന ഓൺ ബോർഡ് ഡയഗ്നോസ്റ്റിക്സ് (ഒബിഡി) സിസ്റ്റത്തിന്റെ ഭാഗമായാണ് ഇത് നടപ്പിലാക്കുക. വാഹനനിർമാതാക്കളുടെ സംഘടനയായ സിയാം ആണ് ഈ നിർദേശം സർക്കാരിന് നല്കിയത്.

## പി.എച്ച്. കുര്യൻ അന്തരിച്ചു



തിരുവനന്തപുരം: മുൻ അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കുര്യൻ (67) അന്തരിച്ചു. കോട്ടയം പാമ്പാടി സ്വദേശിയായ അദ്ദേഹം തിരുവനന്തപുരം മുട്ടടയിലായിരുന്നു താമസം. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ആഗസ്റ്റ് 26-ന് ബുധനാഴ്ച വൈകുന്നേരം അഞ്ചരയോടെയായിരുന്നു അന്ത്യം. അർബുദബാധിതനായി ചികിത്സയിലായിരുന്നു.

കേരളം നേരിട്ട ദുരന്തങ്ങളായ ഓഖി ചുഴലിക്കാറ്റ്, 2018-ലെ മഹാപ്രളയം എന്നിവയുടെ സമയത്ത് റവന്യൂ സെക്രട്ടറി എന്ന നിലയിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. ഭാര്യ: ഉഷ. മക്കൾ: ഗോഡ്‌ലി ഹേബൽ കുര്യൻ (സീനിയർ പ്ലാനിംഗ് മാനേജർ, അൽ-ഫുത്തൈം ഓട്ടോമോട്ടീവ്), ഡോ. ഹെൻറി കുര്യൻ (ഓർത്തോപീഡിഷ്യൻ, ശ്രീ ഗോകുലം മെഡിക്കൽ കോളജ്). മരുമക്കൾ: സ്നേഹ അനിൽ (സീനിയർ ബിസിനസ് അനലിസ്റ്റ്, അൽ ഘുറൈർ), ഡോ. ജോമി ജേക്കബ് (പീഡിയാട്രീഷ്യൻ, ശ്രീ ഗോകുലം മെഡിക്കൽ കോളജ്).

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago
3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917
Volume XXXIV
Number 35
August 31, 2026

*Chief Editor*
K.M. Eapen
*Executive Editor*
Jose Kaniyaly
*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen
*Circulation Manager*
Ajith Eapen
*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza
*Manager*
K.M. Thimothy
*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203


*Co-ordinating Editor*
Mani Samuel
*News Editor*
Mini Mani
*Graphics*
Samuel Mani
*Special Correspondent*
Anil Pennukkara


DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്‌വചനം

ഒരിക്കലും ജീവിതത്തിൽ ദുഃഖം അറിയാത്തവൻ ഏറ്റവും വലിയ ഭാഗ്യഹീനനാണ്.
**കബീർദാസ്**

ഓർത്തു ദുഃഖിക്കുന്നതിനേക്കാൾ നല്ലത് മറന്നു ചിരിക്കുന്നതാണ്.
**റോസറ്റി**


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# നീറ്റിൽ നിന്ന് പാഠം പഠിച്ചു

നീറ്റ് പരീക്ഷയെ ചുറ്റിപ്പറ്റിയുണ്ടായ ചോദ്യപേപ്പർ ചോർച്ച, ക്രമക്കേടുകൾ, ഫലപ്രഖ്യാപനത്തിലെ ആശയക്കുഴപ്പങ്ങൾ എന്നിവ ഇന്ത്യയിലെ വിദ്യാഭ്യാസ സംവിധാനത്തിന്റെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്നതായി മാറിയിരിക്കുകയാണ്. ഒരുവിദ്യാർത്ഥിയുടെ വർഷങ്ങളായുള്ള അദ്ധ്വാനവും ഒരു കുടുംബത്തിന്റെ സാമ്പത്തിക നിക്ഷേപവും ഏതാനും മണിക്കൂറുകൾ നീളുന്ന ഒരു പരീക്ഷയുടെ ഫലവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, പരീക്ഷാ സംവിധാനത്തിലെ ചെറിയൊരു വീഴ്ചപോലും വലിയ അനീതിയായി മാറുന്നു. നീറ്റ് പ്രതിസന്ധിക്ക് ശേഷം മുൻ ഐഎസ്ആർഒ ചെയർമാൻ ഡോ. കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ധ സമിതി പരീക്ഷാ സംവിധാനത്തിൽ സമഗ്രമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും 101 ശിപാർശകൾ സമർപ്പിക്കുകയും ചെയ്തു.

ഈ ശിപാർശകളിൽ ഏറ്റവും ശ്രദ്ധേയമായത് നീറ്റിനെ ജെഇഇ മെയിൻ-ജെഇഇ അഡ്വാൻസ്ഡ് മാതൃകയിൽ ബഹുഘട്ട പരീക്ഷയാക്കാനുള്ള നിർദേശമാണ്. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ഒരേ ദിവസം ഒരേ പരീക്ഷ എഴുതേണ്ടിവരുന്നതിലൂടെ ഉണ്ടാകുന്ന വലിയ ഭരണപരവും സുരക്ഷാപരവുമായ സമ്മർദ്ദം കുറയ്ക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആദ്യഘട്ടത്തിൽ പ്രാഥമിക യോഗ്യത നേടുന്നവർക്ക് രണ്ടാംഘട്ടത്തിൽ കൂടുതൽ ആഴത്തിലുള്ള പരീക്ഷ നടത്തുക എന്ന രീതിയാണ് പരിഗണിക്കപ്പെട്ടത്. എന്നാൽ രണ്ട് ഘട്ട പരീക്ഷ കൊണ്ടുവരുന്നത് മാത്രം പ്രശ്നപരിഹാരമല്ല. പരീക്ഷയുടെ ഓരോഘട്ടത്തിലും സുരക്ഷയും സുതാര്യതയും ഉറപ്പാക്കേണ്ടതുണ്ട്. ചോദ്യപേപ്പർ സുരക്ഷയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. രാധാകൃഷ്ണൻ സമിതി നിർദേശിച്ച സുരക്ഷിതമായ കമ്പ്യൂട്ടർ സഹായിത എഴുത്തുപരീക്ഷാ രീതിയിൽ ചോദ്യപേപ്പർ ഇന്ത്യയിലുടനീളം അച്ചടിച്ച രൂപത്തിൽ കൊണ്ടുപോകുന്നതിനു പകരം സുരക്ഷിതമായി ഡിജിറ്റൽരൂപത്തിൽ പരീക്ഷാകേന്ദ്രങ്ങളിൽ എത്തിച്ച് പരീക്ഷയ്ക്ക് തൊട്ടുമുമ്പ് അവിടെ അച്ചടിക്കുന്ന രീതിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിലൂടെ അച്ചടിശാലകൾ, സുരക്ഷാമുറികൾ, ഗതാഗതം തുടങ്ങിയ ഘട്ടങ്ങളിലെ ചോർച്ചാ സാധ്യത കുറയ്ക്കാം. ദീർഘകാലത്ത് കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയിലേക്കുള്ള മാറ്റവും പരിഗണിക്കപ്പെട്ടിട്ടുണ്ട്.

പരീക്ഷാർത്ഥിയുടെ തിരിച്ചറിയൽ ഉറപ്പാക്കുന്നതിനും പുതിയ സംവിധാനങ്ങൾ ആവശ്യമാണ്. അപേക്ഷ മുതൽ പരീക്ഷയും പ്രവേശനവും വരെയുള്ള വിവിധ ഘട്ടങ്ങളിൽ ആധാർ, ജൈവ തിരിച്ചറിയൽ സംവിധാനം, നിരീക്ഷണ ക്യാമറകൾ, കൃത്രിമബുദ്ധി അധിഷ്ഠിത പരിശോധന തുടങ്ങിയവ ഉപയോഗിക്കണമെന്നാണ് നിർദ്ദേശം. യഥാർത്ഥ വിദ്യാർത്ഥി തന്നെയാണോ പരീക്ഷ എഴുതുന്നതെന്ന് ഉറപ്പാക്കുകയും പരീക്ഷാകേന്ദ്രങ്ങളിലെ ക്രമക്കേടുകൾ തടയുകയും ചെയ്യുകയാണ് ലക്ഷ്യം. സുരക്ഷിതമായ പരീക്ഷാകേന്ദ്രങ്ങളുടെ എണ്ണം വർധിപ്പിക്കണമെന്ന നിർദേശവും ഇതിന്റെ ഭാഗമാണ്. ഇതിനിടയിലാണ് നന്ദൻ നീലകണിയുടെ നേതൃത്വത്തിലുള്ള ഉന്നതതല ദൗത്യസംഘം പുതിയ പരീക്ഷാ പരിഷ്കാര ചർച്ചയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത്. പൊതുപരീക്ഷകളുടെ നടത്തിപ്പ്, സുരക്ഷ, പരീക്ഷാരീതി, ഭരണസംവിധാനം എന്നിവ സമഗ്രമായി പരിശോധിക്കുകയാണ് ഈ ദൗത്യസംഘത്തിന്റെ ലക്ഷ്യം. എൻ ടിഎ നടത്തുന്ന പരീക്ഷകളും ഇതിന്റെ പരിധിയിൽ വരുന്നു. പരീക്ഷാ സുരക്ഷയ്ക്കൊപ്പം സാങ്കേതികവിദ്യയുടെ ഉപയോഗം, പരീക്ഷാകേന്ദ്രങ്ങളുടെ സൗകര്യങ്ങൾ, എല്ലാവർക്കും തുല്യമായ പരീക്ഷാവസരം, വിദ്യാർത്ഥികളുടെ മാനസിക സമ്മർദം എന്നിവയും പരിഗണിക്കപ്പെടുന്നു. നന്ദൻ നീലകണിയുടെ നേതൃത്വത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. ആധാർ, യുപിഐ തുടങ്ങിയ രാജ്യവ്യാപകമായ ഡിജിറ്റൽ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച വ്യക്തിയാണ് അദ്ദേഹം. അതുകൊണ്ട് പരീക്ഷാ സംവിധാനത്തിലും സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താം. എന്നാൽ സാങ്കേതികവിദ്യ മാത്രം പരീക്ഷയെ സുരക്ഷിതമാക്കില്ല. ശക്തമായ സൈബർ സുരക്ഷ, ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥർ, സ്വതന്ത്രമായ മേൽനോട്ടം, കർശനമായ പരിശോധന, വീഴ്ച വരുത്തുന്നവർക്കെതിരായ വേഗത്തിലുള്ള നടപടി എന്നിവയും അതിനൊപ്പം വേണം. നീറ്റിനെ ജെഇഇ മാതൃകയിലാക്കാനുള്ള നിർദേശവും സൂക്ഷ്മമായി പരിശോധിക്കണം. ജെഇഇ മാതൃക പകർത്തുക എന്നതല്ല ലക്ഷ്യം; അതിലെ മികച്ച രീതികളിൽനിന്ന് പഠിക്കുക എന്നതാണ് ലക്ഷ്യം. പരീക്ഷയുടെ ഘട്ടങ്ങൾ, പാഠ്യപദ്ധതി, മാർക്ക് നിർണയം, റാങ്ക് നിശ്ചയിക്കുന്ന രീതി എന്നിവ മുൻകൂട്ടി വ്യക്തമാക്കണം.

നീറ്റ് ഒരു മെഡിക്കൽ പ്രവേശന പരീക്ഷ മാത്രമല്ല. ഇന്ത്യയിലെ വിദ്യാഭ്യാസ സംവിധാനത്തോടുള്ള യുവതലമുറയുടെ വിശ്വാസത്തിന്റെ പരീക്ഷ കൂടിയാണ്. ആ വിശ്വാസം ഒരിക്കൽ തകർന്നാൽ പുതിയ നിയമങ്ങളും പുതിയ സാങ്കേതികവിദ്യകളും മാത്രം കൊണ്ട് അത് തിരിച്ചുപിടിക്കാനാകില്ല. നീതിയും സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്ന ഒരു പുതിയ പരീക്ഷാ സംസ്കാരമാണ് ആവശ്യം.

# ഉരുകുന്ന ഹിമാനികൾ; ഉയരുന്ന ദുരന്തങ്ങൾ

പ്രത്യേക ലേഖകൻ

കാഠ്മണ്ഡു: നേപ്പാളിലെ റസുവാ ജില്ലയിലൂടെ ഒഴുകുന്ന ഭോട്ടെകോസി നദിയിൽ ഉണ്ടായ അതിശക്തമായ വെള്ളപ്പാച്ചിൽ ഹിമാലയൻ മേഖലയിലെ അപകടസാധ്യതയാണ് വ്യക്തമാക്കിയിരിക്കുന്നത്.

നേപ്പാളിൽ നാം കണ്ടത് ഒരു സാധാരണ മൺസൂൺ പ്രളയമല്ല, മറിച്ച് കാലാവസ്ഥ വ്യതിയാനം സൃഷ്ടിച്ച ദുരന്തമാണെന്ന് പറയുന്ന ശാസ്ത്രജ്ഞരുമുണ്ട്. നേപ്പാളിന്റെയും ടിബറ്റിന്റെയും ഉയർന്ന ഹിമാലയൻ മേഖലകളിലുള്ള കോസി നദിയുടെ പ്രഭവമേഖലകളിൽ 2168 ഹിമതടാകങ്ങളുണ്ട്. ഇവയിൽ ഏകദേശം 42 തടാകങ്ങൾ 'ജലബോംബുകൾ' ആകാൻ സാധ്യതയുള്ളവയാണ്.



ആഗോളതാപനം കാരണം ഹിമതടാകങ്ങളുടെ എണ്ണം വർധിക്കുകയാണ്. ഏകദേശം 127 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണ് ഇവയ്ക്കുള്ളത്. ഇവയിൽ ഏകദേശം 47 ശതമാനം ദുർബലമായ പാറയും അവശിഷ്ടങ്ങളും കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണ്. 34.8 ശതമാനം ഉറച്ച പാറകളാലും 17.7 ശതമാനം മഞ്ഞുകൊണ്ടും തടയപ്പെട്ടവയാണ്.

ടിബറ്റൻ പ്രദേശത്ത് (ഗോസൈൻകുണ്ഡയ്ക്ക് വടക്ക് 47 കിലോമീറ്റർ അകലെ) രേഖപ്പെടുത്തിയ 4.4 തീവ്രതയുള്ള ഭൂകമ്പം യഥാർത്ഥത്തിൽ ഒരു ഹിമതടാകം തകർന്നുവീണതിനെ തുടർന്നുണ്ടായ ആഘാതവും അതിനു ശേഷമുണ്ടായ മണ്ണും മഞ്ഞും കലർന്ന പാറയിടിച്ചിലും കാരണമുണ്ടായതാണെന്ന് വ്യക്തമാക്കി.

നിലവിലുള്ള ഒരു ഹിമതടാകത്തിന്റെ വലിയൊരു ഭാഗം വേർപെട്ടു മാറുമ്പോഴാണ് ഗ്ലേഷ്യൽ കൊളാപ്സ് സംഭവിക്കുന്നത്. ഇത് നേരിട്ട് ജിഎൽഒഎഫ് അല്ലെങ്കിലും, അവയ്ക്ക് കാരണമായേക്കാം. പ്ലാനറ്റ് ലാബ്സിൽ നിന്നുള്ള സാറ്റലൈറ്റ് ചിത്രങ്ങൾ ഉദ്ധരിച്ച് വിദഗ്ധർ പറയുന്നത്, ഹിമനദിയുടെ താഴ്ഭാഗം തകർന്ന് നൂറുകണക്കിന് മീറ്റർ താഴെയുള്ള താഴ്വരയിലേക്ക് പതിച്ചതാണ് പ്രളയത്തിന് കാരണമായതെന്നാണ്. ത്രിശൂലി (ഭോട്ടെകോഷി എന്നും അറിയപ്പെടുന്നു) നദിയിലുണ്ടായ പെട്ടെന്നുള്ള വെള്ളപ്പൊക്കവും അവശിഷ്ടങ്ങളുടെ കുത്തൊഴുക്കുമാണ് പെട്ടെന്നുള്ള വെള്ളപ്പൊക്കത്തിന് കാരണമായതെന്ന് ഇന്ത്യയുടെ നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ (എൻആർഎസ്സി) പ്രാഥമിക ഉപഗ്രഹ വിലയിരുത്തലിൽ അറിയിച്ചു. മണ്ണും മഞ്ഞും കലർന്ന പാറയിടിച്ചിലോ ഉരുൾപൊട്ടലോ കാരണം നദി താത്കാലികമായി തടസപ്പെട്ടിരിക്കാം എന്നതാണ് പ്രാഥമിക നിഗമനം.

ഭോട്ടെകോസി, സൺകോസി എന്നീ നദികളിലേക്കു പൊട്ടിയൊഴുകാൻ ഇടയുള്ള തടാകങ്ങളിൽ ഗണ്യമായൊരു പങ്ക് ചൈനയുടെ നിയന്ത്രണത്തിലുള്ള ടിബറ്റ് പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. നേപ്പാളിനുള്ളിൽ 21 അപകടകാരികളായ ഹിമതടാകങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

നേപ്പാളിൽ പ്രളയമുണ്ടായ ലാങ്ടങ് ഭാഗത്തെ മഞ്ഞുമലകളുടെ അപകടകരമായ അവസ്ഥ മൂന്ന് മാസം മുൻപ് പ്രസിദ്ധീകരിച്ച ഗവേഷണപ്രബന്ധം വ്യക്തമാക്കുന്നു. നേപ്പാൾ സ്വദേശിയും ബ്രിട്ടനിലെ ന്യൂകാസിൽ സർവകലാശാലയിലെ ഗവേഷകയുമായ ഗുഞ്ജൻ സിൽവലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രബന്ധം തയാറാക്കിയത്.

നേപ്പാൾ-ടിബറ്റ് അതിർത്തിയിലെ ലാങ്ടങ് ലിറുങ് കൊടുമുടി മേഖലയിൽ ശരാശരി താപനില ഉയരുന്നതു മൂലം മഞ്ഞ് അതിവേഗം ഉരുകുന്നുവെന്നും ഹിമാനികൾ മെലിയുന്നുവെന്നും പഠനത്തിലുണ്ട്. 1964 മുതൽ 2000 വരെ മഞ്ഞുപാളികൾ ഉരുകിയതിനെക്കാൾ ഒന്നരമടങ്ങ് വേഗത്തിലാണ് 2000 മുതൽ 2023 വരെ ഇവ ഉരുകിയത്. പല ഹിമാനികളും ചെറിയ ഭാഗങ്ങളായി പിളരുകയും പരസ്പരബന്ധം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്.

1977-നും 2010-നും ഇടയിൽ നേപ്പാളിലെ ആകെ ഹിമാനികളുടെ വിസ്തീർണത്തിൽ 24 ശതമാനത്തിന്റെ കുറവുണ്ടായി. 4,000 മീറ്ററിനു മുകളിലുള്ള ഹിമാനി മേഖലകളിൽ താപനില ഓരോ 10 വർഷവും ഏകദേശം 0.31 ഡിഗ്രി സെൽഷ്യസ് വീതം ഉയരുന്നതായി പ്രബന്ധത്തിൽ പറയുന്നു. ആഗോള ശരാശരി വർധന 10 വർഷത്തിൽ ഏകദേശം 0.06-0.07 ഡിഗ്രി മാത്രമാണ്. അതായത്, ഈ പർവത പ്രദേശങ്ങൾ ആഗോള ശരാശരിയെക്കാൾ ഏകദേശം 4-5 മടങ്ങ് വേഗത്തിൽ ചൂടാകുന്നു.

20-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഹിമാനികളിൽ മഞ്ഞ് അടിയുന്നതും ഉരുകുന്നതും ഏകദേശം ഒരേ അളവിലായിരുന്നെങ്കിൽ, 2000-നു ശേഷം മഞ്ഞ് ഉരുകുന്നതിന്റെ വേഗം കൂടിയതായും പഠനത്തിൽ പറയുന്നു.

# കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്ന് ബാലാവകാശ കമ്മീഷൻ

തിരുവനന്തപുരം: നിയമങ്ങൾ ഏറെയുണ്ടായിട്ടും കേരളത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്നും കുട്ടികൾ ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്ന സ്കൂളുകളിൽ പോലും ഏറെ പ്രശ്നങ്ങളുണ്ടെന്നും സംസ്ഥാന ബാലാവകാശ കമ്മീഷന്റെ റിപ്പോർട്ട്. ഒരു വർഷത്തിനിടെ ലഭിച്ചത് 2743 പരാതികളെന്ന് കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. പോക്സോ, ബാലനീതി, വിദ്യാഭ്യാസ അവകാശം, സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, കുട്ടികളുടെ സ്വകാര്യത, മാനസികാരോഗ്യം തുടങ്ങി ഭൂരിഭാഗം മേഖലകളിലും കുട്ടികൾ അവകാശലംഘനങ്ങൾ നേരിടുന്നുവെന്നു റിപ്പോർട്ടിൽ പറയുന്നു.

അടിസ്ഥാനസൗകര്യ പ്രശ്നങ്ങൾ, അദ്ധ്യാപകരുടെ കുറവ്, ശുചിത്വ പ്രശ്നങ്ങൾ, കളിസ്ഥലത്തിന്റെ അപര്യാപ്തത, ഗതാഗത പ്രശ്നങ്ങൾ, അദ്ധ്യാപകരിൽനിന്നുള്ള വിവേചനം തുടങ്ങിയവ ചൂണ്ടിക്കാട്ടിയുള്ള പരാതികൾ വിദ്യാഭ്യാസ അവകാശത്തിന്റെ പരിരക്ഷയിലും വീഴ്ചയുണ്ടെന്നതിന്റെ സൂചനയാണെന്നു റിപ്പോർട്ടിൽ പറയുന്നു. സ്കൂളുകളിലേക്കു വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ചു കൊണ്ടുപോകുന്നതായും പരാതികളെത്തി. സ്വകാര്യതാ ലംഘനവുമായി ബന്ധപ്പെട്ടും പരാതികളുണ്ട്.


JV
BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR. COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

## വ്യാജ ഇൻഷുറൻസ് ക്ലെയിം:

# സംസ്ഥാനങ്ങൾ പ്രത്യേകസംഘം രൂപീകരിക്കണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: വാഹനാപകട ഇൻഷുറൻസ് ലഭിക്കുന്നതിന് വ്യാജ ക്ലെയിമുകൾ നൽകുന്നുവെന്ന ആരോപണം നിലനിൽക്കെ, ഇതേക്കുറിച്ചു അന്വേഷിക്കാൻ എല്ലാ സംസ്ഥാനങ്ങളിലും പ്രത്യേക സംഘങ്ങൾ (എസ്ഐടി) രൂപീകരിക്കണമെന്നു സുപ്രീംകോടതി നിർദേശിച്ചു.

ഒരേ വാഹനം ഒന്നിലധികം അപകടങ്ങളിൽപെട്ടതായി കാണിച്ചു ക്ലെയിമുകൾ നൽകുകയും വൻതോതിൽ പണം തട്ടിക്കുകയും ചെയ്യുന്നുവെന്നാണ് കോടതിയുടെ നിരീക്ഷണം. തട്ടിപ്പു സംശയിക്കുന്ന ക്ലെയിം അപേക്ഷകൾ ഇൻഷുറൻസ് കമ്പനികൾ എസ്ഐടിക്കു കൈമാറണം. എസ്ഐടികൾ അടിയന്തര അന്വേഷണം നടത്തണം. അന്വേഷണത്തിന് ആവശ്യമായത്ര ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സംസ്ഥാന സർക്കാരുകൾ നൽകണം. അന്വേഷണരീതി സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്നും കോടതി നിർദേശിച്ചു.

ക്ലെയിം തട്ടിപ്പ്, ഇൻഷുറൻസ് കമ്പനി ഉദ്യോഗസ്ഥരുടെ ഒത്തുകളി തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ആർക്കും എസ്ഐടിക്കു കൈമാറാം. ഒപ്പം ഇൻഷുറൻസ് കമ്പനികൾ ആഭ്യന്തര അന്വേഷണവും നടത്തണം. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള തട്ടിപ്പും പരിശോധിക്കപ്പെടണമെന്നു കോടതി നിർദേശിച്ചു.

ഒരേ വാഹനം, പല അപകടങ്ങളിലും ഉൾപ്പെട്ടതായി കാണിച്ചു ക്ലെയിം നൽകുന്നത് പ്രീമിയം വർധനയ്ക്കും കാരണമാകും.

വാഹനാപകടങ്ങളും ഇൻഷുറൻസ് ക്ലെയിമുകളും പരിശോധിക്കാൻ വാഹൻ, സാരഥി തുടങ്ങിയ സംവിധാനങ്ങളുമായി ബന്ധപ്പെട്ട പൊതു ഡേറ്റ പോർട്ടൽ രൂപീകരിക്കണമെന്ന് നിർദേശവും കോടതിയുടെ പരിഗണനയിൽ വന്നു. ആവർത്തിച്ചുള്ള ക്ലെയിമുകൾ ഉണ്ടാകുന്നുണ്ടോ എന്ന കാര്യം ഈ സംവിധാനത്തിലൂടെ വ്യക്തമാകും. ഗതാഗത മന്ത്രാലയത്തിന്റെ ഇ-ഡീറ്റെയ്ൽഡ് ആക്സിഡന്റ് റിപ്പോർട്ട് സംവിധാനത്തെ ഇൻഷുറൻസ് ഡേറ്റ ബേസുകളുമായി ബന്ധിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനും കോടതി നിർദേശിച്ചു. വ്യാജ ഇൻഷുറൻസ് ക്ലെയിമുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ടു സ്വീകരിക്കുന്ന നടപടികൾ വിശദീകരിച്ചു സത്യവാങ്മൂലം നൽകാനും കോടതി സർക്കാരിനോടു നിർദേശിച്ചു. ഇൻഷുറൻസ് പരിരക്ഷയുള്ള ഒരു വാഹനം പല അപകടങ്ങളിൽ ഉൾപ്പെട്ടതായി ആവർത്തിച്ചു കാണിച്ച നഷ്ടപരിഹാരം നേടാൻശ്രമിച്ച കേസിലാണ് സുപ്രീംകോടതിയുടെ സുപ്രധാന ഉത്തരവ്. ധനമന്ത്രാലയം, ഐആർഡിഎഐ, ഗതാഗത മന്ത്രാലയം ജനറൽ ഇൻഷുറൻസ് കൗൺസിൽ എന്നിവരെയും കേസിൽ കക്ഷികളാക്കി.

## 'കേരളം' എന്ന പേര് ഔദ്യോഗികമായി നിലവിൽ വന്നു

ന്യൂഡൽഹി: കേരളത്തിന്റെ കേരള എന്ന പേരിനുപകരം 'കേരളം' എന്ന പേര് ഔദ്യോഗികമായി നിലവിൽവന്നു. ആഗസ്റ്റ് 25-ന് ചൊവ്വാഴ്ച ഇതു സംബന്ധിച്ച വ്യവസ്ഥകൾ പ്രാബല്യത്തിലായതായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിൽ അറിയിച്ചു. ആഭ്യന്തരമന്ത്രാലയം അഡീഷണൽ സെക്രട്ടറി ഹിർദേഷ് കുമാറാണ് വിജ്ഞാപനം പുറത്തിറക്കിയത്. ഇതുസംബന്ധിച്ച പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയ ബില്ലിൽ ഈ മാസം 17-ന് രാഷ്ട്രപതി ഒപ്പുവെച്ചിരുന്നു. ഔദ്യോഗികരേഖകളിൽ കേരള എന്ന സ്ഥാനത്ത് കേരളം എന്നാക്കി മാറ്റുന്നതിനുവേണ്ടിയായിരുന്നു ബിൽ. വിജ്ഞാപനം പുറത്തിറങ്ങിയതോടെ നിയമത്തിന്റെ വ്യവസ്ഥകൾ പ്രാബല്യത്തിലായി.

## ധാതു അവകാശ നിയമം റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയുടെ ഇടപെടൽ

ന്യൂഡൽഹി: 2021-ലെ കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ആക്ട് ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കുകയും ഭൂവുടമകളിൽനിന്ന് ഈടാക്കിയ റോയൽറ്റി തുക തിരികെ നൽകാൻ നിർദേശിക്കുകയും ചെയ്ത കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. മലബാറിലെ ഖനന റോയൽറ്റി തർക്കത്തിലാണ് കേരള സർക്കാരിന് ആശ്വാസകരമായ ഉത്തരവ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി. മോഹന എന്നിവരുടെ ബെഞ്ച് പുറപ്പെടുവിച്ചത്.

പുതിയ ഉത്തരവ് ഉണ്ടാകുന്നതുവരെ നിയമപ്രകാരം കേരളം ഏതെങ്കിലും തരത്തിലുള്ള റോയൽറ്റി ഈടാക്കുകയോ തിരിച്ചുപിടിക്കുകയോ ചെയ്യരുതെന്നും ബെഞ്ച് ഉത്തരവിട്ടു. ധാതുക്കളുടെ ഉടമസ്ഥാവകാശം നഷ്ടപരിഹാരം കൂടാതെ നിയമത്തിലൂടെ കവർന്നെടുക്കാൻ കഴിയില്ലെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് 2021-ലെ കേരള ധാതു ഏറ്റെടുക്കൽ നിയമം ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കിയത്. മലബാർ മേഖലയിൽ സർക്കാർ റോയൽറ്റി വാങ്ങാൻ പാടില്ലെന്നും അടച്ച റോയൽറ്റി സർക്കാർ ക്വാറി ഉടമകൾക്കു തിരികെ നൽകണമെന്നും ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

എന്നാൽ ധാതു ഏറ്റെടുക്കൽ, ഭൂമി യേറ്റെടുക്കുന്നതുമായി താരതമ്യപ്പെടുത്താൻ കഴിയില്ലെന്നും ഭരണഘടനയുടെ 39 (ബി) പ്രകാരമുള്ള പ്രത്യേക പരിഗണന ധാതുക്കൾക്കുണ്ടെന്നും അതിനാൽ സുപ്രീംകോടതി മുൻവിധികളുടെ അടിസ്ഥാനത്തിൽ 2021-ലെ നിയമം നിലനിൽക്കുമെന്നാണ് കേന്ദ്രസർക്കാർ സുപ്രീംകോടതിയെ അറിയിച്ചത്. ഹൈക്കോടതി വിധിയിലൂടെ റോയൽറ്റി ഇനത്തിൽ 1200 കോടി രൂപയുടെ നഷ്ടം സംഭവിക്കുമെന്നും സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു.

തുടർന്നാണ് നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തത്. എന്നാൽ നിയമം നിലനിർത്തണമെങ്കിൽ നഷ്ടപരിഹാരത്തിനുള്ള വകുപ്പുകൾ പുതുതായി ചേർക്കേണ്ടിവരുമെന്നും ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടിവരുമെന്നും ചീഫ് ജസ്റ്റിസ് വാക്കാൽ പരാമർശിച്ചു. പിരിച്ചെടുത്ത റോയൽറ്റി തുക കോടതിയിൽ കെട്ടിവെക്കണമെന്നു ക്വാറി ഉടമകൾ കോടതിയിൽ വാദിച്ചപ്പോൾ കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ച് ബെഞ്ച് ഓർമപ്പെടുത്തി.

## ഹരിപ്പാട് സ്വദേശിനി കെസിയ മിസ് യൂണിവേഴ്സ് ഇന്ത്യ

ജയ്പൂർ: ഇന്ത്യയുടെ സൗന്ദര്യ സിംഹാസനം ഇനി കേരളത്തിനു സ്വന്തം. രാജസ്ഥാൻ തലസ്ഥാനമായ ജയ്പൂരിലെ സീ സ്റ്റുഡിയോസിൽ നടന്ന മിസ് യൂണിവേഴ്സ് ഇന്ത്യ 2026 മത്സരത്തിൽ മലയാളിയായ കെസിയ ലിസ് മെജോ (19) കിരീടമണിഞ്ഞു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള 52-ലധികം മത്സരാർഥികളെ പിന്തള്ളിയാണ് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സ്വദേശിനിയായ കെസിയ ഈ അഭിമാന നേട്ടം സ്വന്തമാക്കിയത്. മിസ് യൂണിവേഴ്സ് ഇന്ത്യ 2025 ജേതാവ് മാണിക വിശ്വകർമ കെസിയയെ പുതിയ കിരീടമണിയിച്ചു. അടുത്ത നവംബറിൽ പ്യൂർട്ടോറിക്കോയിൽ നടക്കുന്ന 75-ാമത് മിസ് യൂണിവേഴ്സ് മത്സരത്തിൽ കെസിയ ഇന്ത്യയെ പ്രതിനിധീകരിക്കും. തമിഴ്നാട്ടിൽനിന്നുള്ള വൈഷ്ണവി ഗണേഷ് ഫസ്റ്റ് റണ്ണറപ്പായും ഗുജറാത്തിൽനിന്നുള്ള അനുശ്രീ സതവ്‌ലേക്കർ സെക്കൻഡ് റണ്ണറപ്പായും തെരഞ്ഞെടുക്കപ്പെട്ടു. നിയമവിദ്യാർഥിയും മോഡലുമായ കെസിയ ഹരിപ്പാട് മുട്ടം കിണറ്റുകരയിൽ മെജോ ഏബ്രഹാമിന്റെയും സുജാ മെജോയുടെയും മകളാണ്.

ഇന്ത്യയുടെ ആദ്യ മിസ് യൂണിവേഴ്സ് സുസ്മിത സെൻ, പ്രശസ്ത സിനിമാതാരങ്ങളായ ഉർവശി റൗട്ടേല, സെലിന ജെയ്റ്റ്ലി, റിയ സിൻഹ, നിർമാതാവ് പ്രഗ്യ കപൂർ എന്നിവരടങ്ങിയ ജൂറിയാണ് വിജയികളെ തെരഞ്ഞെടുത്തത്.




## 11 വിമാനത്താവളങ്ങൾ സ്വകാര്യ മേഖലയിലേക്ക്

ന്യൂഡൽഹി: തിരുച്ചിറപ്പള്ളി, തിരുപ്പതി, വാരാണസിയടക്കം 11 വിമാനത്താവളങ്ങളുടെ കൂടി നടത്തിപ്പ് സ്വകാര്യമേഖലയ്ക്കു കൈമാറാൻ കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകി. അമൃത്സർ (പഞ്ചാബ്)-കാംഗ്ര (ഹിമാചൽ പ്രദേശ്), വാരാണസി (യുപി)-ഗയ (ബിഹാർ)-ഖുശിനഗർ (യുപി), ഭുവനേശ്വർ (ഒഡീഷ)-ഹുബ്ബള്ളി (കർണാടക), റായ്പൂർ (ഛത്തീസ്ഗഢ്)-ഔറംഗബാദ് (മഹാരാഷ്ട്ര), തിരുച്ചിറപ്പള്ളി (തമിഴ്നാട്)-തിരുപ്പതി (ആന്ധ്ര പ്രദേശ്) എന്നിങ്ങനെ അഞ്ചു ബണ്ടിലുകളായാണ് ലേലം. നിലവിൽ ഈ വിമാനത്താവളങ്ങൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലാണ്.

തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് അദാനി ഗ്രൂപ്പിന് നൽകിയതിനു സമാനമായിട്ടാകും ഈ വിമാനത്താവളങ്ങളും സ്വകാര്യകമ്പനിക്ക് നൽകുന്നത്. പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ് അപ്രൈസൽ കമ്മിറ്റി (പിപിപിഎസി) നീക്കത്തിന് അംഗീകാരം നൽകി.








FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530
PRAYERFULLYSEARCHING FOR A
SENIOR PASTOR
A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.
Faith Christian Church is urgently & prayerfully seekinga Spirit-filled Senior Pastor to lead our growing, multigenerational, multilingual Malayalee Pentecostal congregation.
KEY QUALIFICATIONS
• Fluent in Malayalam & English
• Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
• Ordained Pentecostal minister
• Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
• U.S. citizen or permanent resident
• Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)
ROLE OVERVIEW
Preach and teach the word of God
Provide pastoral care and spiritual guidance
Lead with vision, integrity and unity
Strengthen discipleship and missions
Foster connection across cultures and generations
HOW TO APPLY
Email Resume to: faithch.nyc@gmail.com
scan here to apply


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ജന്തർ മന്തർ പ്രതിഷേധക്കാർക്കു നേരെ പോലീസ് ബലപ്രയോഗം നടത്തിയെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: കോക്രോച്ച് ജനതാ പാർട്ടിയുടെ നേതൃത്വത്തിൽ ജൂലൈ 20-ന് നടത്തിയ പാർലമെന്റ് മാർച്ചിൽ പ്രതിഷേധക്കാർക്കു നേരേ പോലീസ് നിയമവിരുദ്ധവും മാരകവുമായ ബലപ്രയോഗം നടത്തിയെന്ന് രാജ്യാന്തര മനുഷ്യാവകാശ സംഘടനയായ ആംനെസ്റ്റി ഇന്റർനാഷണലിന്റെ റിപ്പോർട്ട്. പ്രതിഷേധക്കാർക്കു നേരേ പോലീസ് പെല്ലറ്റ് ഗണ്ണുകളും കണ്ണീർവാതകവും ഗ്രനേഡുകളും ലാത്തികളും വൈദ്യുതി ഷോക്ക് ഉപകരണങ്ങളും പ്രയോഗിച്ചെന്ന് സാക്ഷിമൊഴികളും വീഡിയോ-ഫോട്ടോ തെളിവുകളും ആധാരമാക്കി ആംനെസ്റ്റി സ്ഥിരീകരിച്ചു.

ആഭ്യന്തര പോലീസിംഗ് നയങ്ങളും അന്താരാഷ്ട്ര നിയമങ്ങളും ലംഘിച്ചാണ് ആയുധങ്ങൾ ഉപയോഗിച്ചതെന്നും എന്നിട്ടും ഡൽഹിയിലെ ഒരൊറ്റ ഉദ്യോഗസ്ഥനെപ്പോലും കുറ്റപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

പെല്ലറ്റ് ഗൺ ഉൾപ്പെടെയുള്ള ബലപ്രയോഗം ഡൽഹി പോലീസ് തുടർച്ചയായി നിഷേധിക്കുന്നതിനിടെയാണ് നിയമവിരുദ്ധമായ ബലപ്രയോഗം അധികൃതർ നടത്തിയിട്ടുണ്ടെന്ന് ഫോട്ടോകളും വീഡിയോ തെളിവുകളും മുൻനിർത്തി രാജ്യാന്തര മനുഷ്യാവകാശ സംഘടന ചൂണ്ടിക്കാട്ടുന്നത്.

ജൂലൈ 20-നുണ്ടായ പ്രതിഷേധത്തിൽ റെക്കോർഡ് ചെയ്ത 15 വീഡിയോകളാണ് ആംനെസ്റ്റിയുടെ അന്താരാഷ്ട്ര എവിഡൻസ് (തെളിവ്) ലാബ് സ്ഥിരീകരിച്ചത്. ഇതിൽ പ്രതിഷേധക്കാർക്കുനേരേ സേന ഷോട്ട്ഗണ്ണുകൾ പ്രയോഗിക്കുന്ന രണ്ട് വീഡിയോയും പെല്ലറ്റ് ഗൺ ഉപയോഗം മൂലം ഒരാൾക്കു പരുക്കേറ്റിട്ടുള്ള വീഡിയോയും പ്രതിഷേധക്കാർക്കിടയിൽ കണ്ണീർവാതകം വന്നുവീണു പൊട്ടിത്തെറിക്കുന്ന വീഡിയോയുമുണ്ട്.

പെല്ലറ്റ് ഗണ്ണുകൾ ഉപയോഗിക്കുന്നതിനുമുമ്പ് ജനങ്ങൾക്കു മുന്നറിയിപ്പ് നൽകണമെന്ന് ഇന്ത്യൻ സർക്കാരിന്റെ ബ്യൂറോ ഫോർ പോലീസ് റിസർച്ച് ഡെവലപ്മെന്റ് നിർദേശിച്ചിട്ടുണ്ടെങ്കിലും ഇത് പിന്തുടർന്നിട്ടില്ലെന്നു റിപ്പോർട്ടിൽ പറയുന്നു. ഗുരുതര അക്രമമുണ്ടാകുമ്പോൾ മാത്രമാണ് കണ്ണീർവാതകം ഉപയോഗിക്കേണ്ടതെന്നിരിക്കെ അത്തരമൊരു തലത്തിലെ അക്രമത്തിനു തെളിവില്ലെന്ന് ആംനെസ്റ്റി പറയുന്നു. അനങ്ങാതെ നിൽക്കുന്ന ഒരാൾക്കെതിരെയും ചെറുപ്പക്കാരനായ ഒരാൾക്കെതിരേയും യാതൊരു പ്രകോപനവുമില്ലാതെ പോലീസ് ലാത്തിച്ചാർജ് നടത്തുന്നതും സമാധാനപരമായി പ്രതിഷേധിക്കുന്ന ഒരാൾക്കെതിരേ വൈദ്യുതി ഷോക്ക് പ്രയോഗിക്കുന്നതും ആംനെസ്റ്റി സ്ഥിരീകരിച്ച വീഡിയോകളിൽ ഉൾപ്പെടുന്നു.

ബിഹാറിൽ ജൂലൈ 24-ന് നടന്ന പ്രതിഷേധത്തിനെതിരെ ഒരു പോലീസ് ഉദ്യോഗസ്ഥൻ എകെ-47 പ്രയോഗിക്കുന്ന രണ്ടു വീഡിയോയും ആംനെസ്റ്റി ഇന്റർനാഷണൽ സ്ഥിരീകരിച്ചിട്ടുണ്ട്. ഇത്രയും തെളിവുകളുണ്ടായിട്ടും ഇന്ത്യൻ അധികാരികൾ അന്വേഷണം നടത്താനോ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനോ തയാറായിട്ടില്ലെന്ന് ആംനെസ്റ്റി പ്രതികരിച്ചു.

## ചിന്നമ്മ എസ്തപ്പാൻ മരങ്ങാട്ടിൽ അന്തരിച്ചു



പിറവം: മരങ്ങാട്ടിൽ പരേതനായ എസ്തപ്പാന്റെ ഭാര്യ ചിന്നമ്മ (89) അന്തരിച്ചു. പരേത മോനിപ്പള്ളി ഊരാളിൽ കുടുംബാംഗമാണ്.

മക്കൾ: ജോയ് മരങ്ങാട്ടിൽ, ജോളി ഫിലിപ്പ് മൂലേക്കരോട്ട്, പീറ്റർ മരങ്ങാട്ടിൽ, കുര്യൻ മരങ്ങാട്ടിൽ, ജെസ്സി അലക്സ് മ്യാലിൽ, ജയ്മോൾ സജി നെടുംതൊട്ടിയിൽ, സജി മരങ്ങാട്ടിൽ.

മരുമക്കൾ: മേഴ്സി എഴുകനാൽ (പാലാ), പരേതനായ ഫിലിപ്പ് മൂലേക്കരോട്ട് (കല്ലറ), മിനി പൂച്ചായിൽ (കരിപ്പാടം), ഷീന കണ്ണാലയിൽ (കൈപ്പുഴ), അലക്സ് മ്യാലിൽ (കല്ലറ), സജി നെടുംതൊട്ടിയിൽ (കുറുമുള്ളൂർ), സുനി കിഴവള്ളിൽ (കോതനല്ലൂർ).

മാതാപിതാക്കൾ: മോനിപ്പള്ളി ഊരാളിൽ പരേതരായ പത്രോസും നൈത്തിയും. സഹോദരങ്ങൾ: പരേതനായ ഫാ. സൈമൺ ഊരാളിൽ, ഏലിയാമ്മ മാത്യു വട്ടക്കളം (ന്യൂയോർക്ക്), സിസ്റ്റർ ഡൊളോറസ് ഊരാളിൽ (സെന്റ് ആൻസ് ഓഫ് ലൂസേൻ), ഫിലിപ്പ് ഊരാളിൽ (മോനിപ്പള്ളി), സ്റ്റീഫൻ ഊരാളിൽ (ന്യൂയോർക്ക്), മോളി ബാബു നെടുംചിറ (ഫ്ളോറിഡ), ഡെന്നി ഊരാളിൽ (ഫ്ളോറിഡ).

പരേതരായ മോൺ. സ്റ്റീഫൻ ഊരാളിൽ പിതൃസഹോദരനും മോൺ. പീറ്റർ ഊരാളിൽ, ബ്രദർ ലൂക്ക് ഊരാളിൽ എസ്.ജെ. എന്നിവർ പിതൃസഹോദരപുത്രന്മാരുമാണ്. പരേതയ്ക്ക് 15 കൊച്ചുമക്കളും 17 കുഞ്ഞുമക്കളുമുണ്ട്.

## 45 വർഷം നീണ്ട കൊലക്കേസ്: എഴുപതുകാരന് ഒടുവിൽ മോചനം

ന്യൂഡൽഹി: ജാർഖണ്ഡിലെ ഇരട്ടക്കൊലപാതക കേസിൽ 45 വർഷത്തോളം നീണ്ട നിയമനടപടികളെ 'നീതിന്യായ വ്യവസ്ഥയുടെ പരാജയം' എന്ന് വിമർശിച്ച് സുപ്രീം കോടതി. കേസിൽ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ടശേഷം ഇപ്പോൾ ചികിത്സയിൽ കഴിയുന്ന സൈമൺ സോറന്റെ (70) ശിക്ഷ സസ്പെൻഡ് ചെയ്ത കോടതി, ഉടൻ മോചിപ്പിക്കാൻ ഉത്തരവിട്ടു. ജസ്റ്റിസ് ജെ.ബി. പർദിവാല, ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ചാണ് നീതിന്യായവ്യവസ്ഥയിലെ കടുത്ത വീഴ്ച ചൂണ്ടിക്കാണിച്ചത്.

1981 ഒക്ടോബർ 18-ന് നെല്ലുകൊയ്യാൻ പോയ വിഭൂതി മണ്ഡൽ, ബനാർസി മണ്ഡൽ എന്നിവരെ അമ്പും വില്ലും മഴുവും ഉപയോഗിച്ച് കൊലപ്പെടുത്തിയെന്നതാണ് കേസ്. ആറ് പ്രതികളിൽ രണ്ട് പേർ കുറ്റം ചുമത്തുന്നതിനു മുൻപും ശിക്ഷിക്കപ്പെട്ട നാല് പേരിൽ മൂന്ന് പേർ ഹൈക്കോടതിയിൽ അപ്പീൽ നിലനിൽക്കെയും മരിച്ചു. ദാരുണമായ കുറ്റകൃത്യത്തിന് കൃത്യമായ ശിക്ഷ ലഭിച്ചില്ലെന്നതു വ്യവസ്ഥിതിയുടെ പരാജയമാണ്. മറുഭാഗത്ത് പ്രതിക്ക് വിചാരണ കാത്ത് 22 വർഷവും അതിനുശേഷം ഹൈക്കോടതിയിലെ അപ്പീൽ തീർപ്പാകാൻ വീണ്ടും 22 വർഷത്തിലേറെയും കാത്തിരിക്കേണ്ടി വന്നതും വൻ വീഴ്ചയാണെന്നു ബെഞ്ച് നിരീക്ഷിച്ചു. വിചാരണ വേളയിൽ 11 വർഷത്തിനിടെ അഞ്ച് തവണ കോടതികൾ മാറിയതായും സുപ്രീം കോടതി ചൂണ്ടിക്കാട്ടി.

## ഓർത്തഡോക്സ് സഭയ്ക്ക് നാല് പുതിയ മെത്രാന്മാർ

മുളന്തുരുത്തി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കു നാല് പുതിയ മെത്രാന്മാരെ മുളന്തുരുത്തിയിൽ ചേർന്ന മലങ്കര ക്രിസ്ത്യാനി അസോസിയേഷൻ തെരഞ്ഞെടുത്തു. ഫാ. എ.എ. എൽദോസ്, ഫാ. സാംജി ടി. ജോർജ്, ഫാ. ഷിബു വേണാട് മത്തായി, തോമസ് പോൾ റമ്പാൻ എന്നിവരാണു പുതിയ മെത്രാൻമാർ.

മുളന്തുരുത്തി വെട്ടിക്കൽ ദയറയിലെ സെന്റ് ഗ്രിഗോറിയോസ് നഗറിൽ സമ്മേളിച്ച മലങ്കര അസോസിയേഷൻ വോട്ടിങ്ങിലൂടെയാണു മെത്രാന്മാരെ തെരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ അസോസിയേഷൻ പ്രസിഡന്റ് കൂടിയായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു.

സഭാ മാനേജിങ് കമ്മിറ്റി നിർദേശിച്ച ആറ് പേരിൽ നിന്നായിരുന്നു തെരഞ്ഞെടുപ്പ്. ആകെ 3474 പേർ വോട്ട് ചെയ്തു. 1168 വൈദികരും 2306 അൽമായരും വോട്ടെടുപ്പിൽ പങ്കാളിയായി. ഫാ. എ.എ.എൽദോസിന് വൈദികരുടെ 811 വോട്ടും അൽമായരുടെ 1380 വോട്ടും ലഭിച്ചു. ഫാ. സാംജി ടി. ജോർജിന് വൈദികരുടെ 717 വോട്ടും അൽമായരുടെ 1507 വോട്ടും ലഭിച്ചു. ഫാ. ഷിബു വേണാട് മത്തായിക്ക് വൈദികരുടെ 703 വോട്ടും അൽമായരുടെ 1263 വോട്ടും കിട്ടി. തോമസ് പോൾ റമ്പാന് വൈദികരുടെ 894 വോട്ടും അൽമായരുടെ 1892 വോട്ടും ലഭിച്ചു.

## ചിന്നമ്മ ജോൺ അന്തരിച്ചു



ഡാളസ്: വെട്ടിയാർ പാലൊലിൽ വീട്ടിൽ പരേതനായ ജോൺ മാത്യുവിന്റെ ഭാര്യ ചിന്നമ്മ ജോൺ (86) ഡാളസിൽ അന്തരിച്ചു. ഷാരോൺ ഫെലോഷിപ്പ് സഭയുടെ മുൻ പാസ്റ്റർ പി.ജി. ഡാനിയേലിന്റെ സഹോദരിയാണ് പരേത. മക്കൾ: ജോളി വില്യം, ജേക്കബ് ജോൺ, ജോസഫ് ജോൺ (എല്ലാവരും യുഎസ്എ). മരുമക്കൾ: വില്യം ജോർജ്, ബേബി ജോൺ, സുനി ജോസഫ്.

ഭൗതികശരീരം സെപ്റ്റംബർ 4-ന് വെള്ളിയാഴ്ച വൈകിട്ട് 6.30-ന് ഷാരോൺ ഫെലോഷിപ്പ് ചർച്ചിൽ (940 Barnes Bridge Rd, Mesquite, Texas) പൊതുദർശനത്തിനു വെക്കും.

തുടർന്ന് അനുസ്മരണവും സെപ്റ്റംബർ 5-ന് ശനിയാഴ്ച രാവിലെ 9.30-ന് സഭാ മന്ദിരത്തിൽ സംസ്കാര ശുശ്രൂഷകളും നടത്തിയശേഷം ന്യൂ ഹോപ്പ് ഫ്യൂണറൽ ഹോം സണ്ണി വെയ്ൽ ടെക്സസ് സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും. കൂടുതൽ വിവരങ്ങൾക്ക്: വില്യം ജോർജ് 469 441 0726.

വാർത്ത: രാജൻ ആര്യപ്പള്ളിൽ







# വടംവലി മത്സരങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയായി

(ഒന്നാം പേജിൽ നിന്നും)

രംഗത്ത് ശ്രദ്ധ നേടിയ ചിക്കാഗോ സോഷ്യൽ ക്ലബിന്റെ ടൂർണമെന്റിലേക്ക് ഈ വർഷവും ലോകമെമ്പാടുമുള്ള വടംവലി പ്രേമികളുടെ ശ്രദ്ധ തിരിയുകയാണ്.




പ്രശസ്ത സിനിമാതാരം അൻസിബ ഹസനും പ്രശസ്ത ഗായകൻ സുധീഷ് ശശികുമാറും മുഖ്യാതിഥികളായി പങ്കെടുക്കും. കായിക മാമാങ്കത്തോടൊപ്പം കലയും വിനോദവും ഭക്ഷണ വിരുന്നും ഒരുമിക്കുന്ന വലിയ ആഘോഷമായാണ് സംഘാടകർ ഇത്തവണത്തെ ടൂർണമെന്റ് ഒരുക്കുന്നത്. മത്സരത്തിലെ ഒന്നാം സമ്മാന ജേതാക്കൾക്ക് 11,111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിക്കും. രണ്ടാം സമ്മാനമായി 5,555 ഡോളറും ജോയി മുണ്ടംപ്ലാക്കൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും മൂന്നാം സമ്മാനമായി 3,333 ഡോളറും ചാക്കോ ആൻഡ് മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും നാലാം സമ്മാനമായി 1,111 ഡോളറും ചിക്കാഗോ മംഗല്യ ജ്വല്ലറി ട്രോഫിയും നല്കും.

ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരുടെ നേതൃത്വത്തിലാണ് ക്ലബിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

ടൂർണമെന്റ് കമ്മിറ്റിക്ക് സിറിയക് കൂവക്കാട്ടിൽ ചെയർമാനായും മാനി കരിക്കുളം വൈസ് ചെയർമാനായും സ്റ്റീഫൻ കിഴക്കേക്കുറ്റ് ജനറൽ കൺവീനറായും, ബിനു കൈതക്കത്തൊട്ടിൽ ഫിനാൻസ് ചെയർമാനായും നേതൃത്വം നല്കുന്നു. വിപുലമായ വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ മാസങ്ങളായി തുടരുന്ന ഒരുക്കങ്ങളാണ് ഇപ്പോൾ അവസാനഘട്ടത്തിൽ എത്തിയിരിക്കുന്നത്.

ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി ചരിത്രത്തിൽ ആദ്യമായാണ് മത്സരം പൂർണമായും ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നത്. കാലാവസ്ഥയെ ആശ്രയിക്കാതെ കാണികൾക്കും മത്സരാർത്ഥികൾക്കും ഒരുപോലെ മികച്ച അനുഭവം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തവണ എനർജി സ്പോർട്സ് കോംപ്ലക്സ് വേദിയായി തെരഞ്ഞെടുത്തിരിക്കുന്നത്. ആയിരക്കണക്കിന് കാണികളെ ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമായ സൗകര്യം, മികച്ച പാർക്കിംഗ് സംവിധാനങ്ങൾ, ചിക്കാഗോ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നുമുള്ള എളുപ്പത്തിലുള്ള യാത്രാസൗകര്യം എന്നിവ വേദിയുടെ പ്രധാന സവിശേഷതകളാണ്.

വടംവലി മത്സരത്തോടൊപ്പം കുടുംബങ്ങൾക്കും കാണികൾക്കും ആസ്വദിക്കാവുന്ന വിവിധ കലാപരിപാടികളും സംഘാടകർ ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം വിവിധ രുചിവൈവിധ്യങ്ങൾ പരിചയപ്പെടുത്തുന്ന ഇന്ത്യ ഫുഡ് ഫെസ്റ്റും ടൂർണമെന്റിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായിരിക്കും. ഈ വർഷത്തെ അന്താരാഷ്ട്ര വടംവലി മത്സരത്തിൽ എലീറ്റ് ഗെയിമിംഗ്, പേരന്റ് പെട്രോളിയം, ഗോൾഡ് റഷ് ഗെയിമിംഗ്, ലക്കി ലിങ്കൺ ഗെയിമിംഗ് തുടങ്ങിയ സ്ഥാപനങ്ങൾ ഉൾപ്പെടെ നിരവധി പ്രമുഖ സ്പോൺസർമാർ പിന്തുണയുമായി എത്തിയിട്ടുണ്ട്. സ്പോൺസർമാരുടെയും സോഷ്യൽ ക്ലബ് അംഗങ്ങളുടെയും കായികപ്രേമികളുടെയും ശക്തമായ പിന്തുണയാണ് വർഷംതോറും ടൂർണമെന്റിനെ കൂടുതൽ വിപുലമാക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

സെപ്റ്റംബർ 5, 6 തീയതികളിലെ വാരാന്ത്യം ചിക്കാഗോയിലെ മലയാളി കായികപ്രേമികൾക്ക് വലിയ കായികോത്സവമായി മാറും. സെപ്റ്റംബർ 5-ന് ശനിയാഴ്ച ഇതേ എനർജി സ്പോർട്സ് കോംപ്ലക്സിൽ എൻ.കെ. ലൂക്കോസ് മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിക്കായുള്ള വോളിബോൾ ടൂർണമെന്റും പിറ്റേന്ന് സെപ്റ്റംബർ 6-ന് ഞായറാഴ്ച ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരവും അരങ്ങേറും. രണ്ട് ദിവസങ്ങളിലായി നടക്കുന്ന ഈ കായിക മാമാങ്കങ്ങളുടെയും നടത്തിപ്പിൽ ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അംഗങ്ങൾ സജീവമായി നേതൃത്വം നല്കുന്നു എന്നത് ഏറെ ശ്രദ്ധേയമാണെന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന ടീമുകളെയും കായികപ്രേമികളെയും സ്വീകരിക്കാൻ ചിക്കാഗോ ഒരുങ്ങിക്കഴിഞ്ഞതായും ടൂർണമെന്റ് കമ്മിറ്റിക്കു വേണ്ടി സിറിയക് കൂവക്കാട്ടിൽ അറിയിച്ചു. വാശിയേറിയ പോരാട്ടങ്ങളും ലോകോത്തര ടീമുകളുടെ സാന്നിദ്ധ്യവും വൻ സമ്മാനത്തുകയും സിനിമാ-സംഗീത താരങ്ങളുടെ സാന്നിദ്ധ്യവും കലാപരിപാടികളും ഇന്ത്യ ഫുഡ് ഫെസ്റ്റും ഒരുമിക്കുന്ന സെപ്റ്റംബർ 6-ലെ അന്താരാഷ്ട്ര വടംവലി മാമാങ്കത്തിനായി ഇനി ചിക്കാഗോ കാത്തിരിക്കുകയാണ്.

ഇന്ത്യാ പ്രസ്ക്ലബ് പ്രസിഡണ്ട് പ്രസന്നൻ പിള്ളയുടെ നേതൃത്വത്തിൽ ബിജു കിഴക്കേക്കുറ്റ് (എൻആർഐ റിപ്പോർട്ടർ), ബിജു സഖറിയ (ഫ്ളവേഴ്സ് ടിവി യുഎസ്എ), സാജു കണ്ണമ്പള്ളി (കെവി ടിവി), അലൻ ജോർജ് (ഏഷ്യാനെറ്റ് ന്യൂസ്), ജോസ് ചെന്നിക്കര (വാചകം) എന്നിവരടക്കം ചിക്കാഗോയിലെ വിവിധ മാധ്യമ പ്രവർത്തകർ പ്രസ് മീറ്റിൽ പങ്കെടുത്തു.

## കേന്ദ്രമന്ത്രിമാരുടെ വസതി നവീകരിക്കാൻ 92 കോടി

ന്യൂഡൽഹി: ഡൽഹിയിൽ ലട്യൻസ് സോണിലെ കേന്ദ്രമന്ത്രിമാരുടെ വീടുകൾ നവീകരിക്കാൻ 2025-26-ൽ സർക്കാർ ചെലവഴിച്ചത് 92.35 കോടി രൂപ. ഈയിടെ രാജിവെച്ച ധർമേന്ദ്ര പ്രധാൻ, രവ്നീത് സിങ് ബിട്ടു, ജോർജ് കുര്യൻ എന്നിവരുൾപ്പെടെ 72 പേരാണു കഴിഞ്ഞവർഷം മന്ത്രിസഭയിൽ ഉണ്ടായിരുന്നത്. ആ നിലയ്ക്ക് ഒരു മന്ത്രിമന്ദിരത്തിനു ശരാശരി 1.25 കോടി രൂപയാണ് നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഒരുവർഷം ചെലവാക്കിയത്. വിലക്കയറ്റവും തൊഴിലില്ലായ്മയും രൂക്ഷമായിരിക്കുമ്പോൾ സർക്കാരിന്റെ ധൂർത്ത് അംഗീകരിക്കാൻ കഴിയില്ലെന്ന് കോൺഗ്രസ് പറഞ്ഞു. ആം ആദ്മി പാർട്ടിയും വിമർശിച്ചു. ഇത്രയും തുക ചെലവഴിച്ചിരുന്നെങ്കിൽ രാജ്യാന്തര നിലവാരമുള്ള 10 സ്കൂളുകൾ തുടങ്ങാമായിരുന്നുവെന്നു കോക്രോച്ച് ജനതാ പാർട്ടി പറഞ്ഞു. ലട്യൻസ് സോണിലെ ബംഗ്ലാവുകൾ മിക്കതും 100 വർഷം പഴക്കമുള്ളവയാണ്. ചോർച്ച അടയ്ക്കലും കുടിവെള്ള പൈപ്പുകളുടെ അറ്റകുറ്റപ്പണിയും ടൈൽസ് മാറ്റലും ഉൾപ്പെടെയാണ് സിപിഡബ്ല്യുഡി ചെയ്തത്. 2004 മുതൽ 2009 വരെ ലട്യൻസ് മേഖലയിലെ എംപിമാരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് 93.50 കോടി രൂപയാണ് ചെലവഴിച്ചത്. അതിനുശേഷമുള്ള കണക്കുകൾ പുറത്തുവിട്ടിട്ടില്ല.



# അന്താരാഷ്ട്ര വടംവലി മത്സരത്തെ നിയന്ത്രിക്കാൻ പരിചയസമ്പന്നരായ നാലംഗ റഫറിസംഘം

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരത്തെ നിയന്ത്രിക്കാൻ പരിചയസമ്പന്നരായ നാലംഗ റഫറി സംഘം ഇത്തവണയും രംഗത്ത്. കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളായി തുടർച്ചയായി ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി മത്സരത്തെ നിയന്ത്രിച്ചുവരുന്ന അതേ നാലംഗ സംഘമാണ് ഇത്തവണയും മത്സരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നത്.

ജോസ് ഇടിയാലിൽ, നിണൽ മുണ്ടപ്ലാക്കിൽ, ജെസ്മോൻ പുറമടം, സിബി കദളിമറ്റം എന്നിവരടങ്ങുന്ന നാലംഗ റഫറി ടീമാണ് വാശിയേറിയ അന്താരാഷ്ട്ര വടംവലി മത്സരത്തെ നിയന്ത്രിക്കുന്നത്. കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളായി വടംവലി മത്സരങ്ങളെ സുഗമമായും കാർക്കശ്യത്തോടെയും ഒരു പരാതിക്കുപോലും ഇടം നല്കാതെ മത്സരങ്ങൾ വിജയകരമായി നിയന്ത്രിച്ച പരിചയസമ്പന്നതയുമായാണ് ഇത്തവണയും ഇവർ കളത്തിലെത്തുന്നത്. ചിക്കാഗോ മലയാളികൾക്ക് സുപരിചിതരായ ഈ നാലുപേരും വടംവലി രംഗത്ത് അന്താരാഷ്ട്ര തലത്തിൽ തന്നെ ഏറെ ശ്രദ്ധിക്കപ്പെട്ടവരാണ്.

വർഷങ്ങളായി നിരവധി വാശിയേറിയ മത്സരങ്ങൾ നിയന്ത്രിച്ചിട്ടുള്ള ഇവരുടെ പരിചയസമ്പന്നതയും തീരുമാനങ്ങളിലെ കൃത്യതയും മത്സരത്തിന്റെ സുഗമമായ നടത്തിപ്പിന് വലിയ മുതൽക്കൂട്ടാണ്. ഇവരുടെ പ്രവർത്തനങ്ങളിൽ ചിക്കാഗോ സോഷ്യൽ ക്ലബിന് പൂർണ്ണ സംതൃപ്തിയുണ്ടെന്നും അവരുടെ പ്രൊഫഷണലിസത്തിലും പരിചയസമ്പന്നതയിലും ക്ലബിന് പൂർണ്ണ വിശ്വാസമുണ്ടെന്നും ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ അറിയിച്ചു.




# ചിക്കാഗോയിലെ വടംവലിക്കളത്തിൽ ഇടിമുഴക്കമാകുവാൻ അനൗൺസ്മെന്റിന് മൂവർ സംഘം

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ പന്ത്രണ്ടാമത് ടൂർണമെന്റ് ചിക്കാഗോയിൽ അരങ്ങേറുമ്പോൾ അനൗൺസ്മെന്റിൽ അഗ്രഗണ്യരായ കമന്റേറ്റർമാരുടെ ഇടിമുഴക്കവും ഇത്തവണത്തെ വടംവലി മത്സരത്തെ ആവേശഭരിതമാക്കും.




കമന്ററിയിലൂടെ വടംവലി പ്രേമികളുടെ ആവേശം വാനോളമുയർത്തുന്ന മൂവർസംഘം ഇത്തവണയും ചിക്കാഗോ സോഷ്യൽ ക്ലബിന്റെ വടംവലിക്ക് ശബ്ദമാകുവാനായി എത്തുകയാണ്.

കഴിഞ്ഞ പന്ത്രണ്ട് വർഷമായി ചിക്കാഗോ വടംവലി മത്സരം ആരംഭിച്ചതു മുതൽ കമന്ററി സംഘത്തിന്റെ നെടുംതൂണായിരുന്ന ചിക്കാഗോയുടെ സ്വന്തം സജി പൂതൃക്കയിൽ, കുറെ വർഷങ്ങളായി ചിക്കാഗോ സോഷ്യൽ ക്ലബിന്റെ വടംവലിയുടെയും നോർത്ത് അമേരിക്കയിലെ വിവിധ വടംവലി മത്സരങ്ങളുടെയും കമന്ററിക്ക് നേതൃത്വം നല്കിയ ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, ഇവരോടൊപ്പം കേരളത്തിലെ സുപ്രധാന വടംവലി മത്സരങ്ങളിൽ മനോഹരമായി കമന്ററി പറഞ്ഞ് നിരവധി കൈയടി നേടിയ പരിചയസമ്പന്നതയുടെ മുഖമായി മലബാറിന്റെ മണ്ണിൽനിന്ന് ചിക്കാഗോയിലേക്ക് എത്തുന്ന സിജിൽ രാജു എന്നിവരാണ് ഇത്തവണത്തെ വടംവലിയുടെ കമന്ററി ഗംഭീരമാക്കുവാൻ തയ്യാറാകുന്നത്.

വടംവലിക്കളത്തിലെ ഓരോ നീക്കവും ആവേശവും കാണികളിലേക്ക് എത്തിച്ചുകൊണ്ട് മത്സരത്തിന്റെ ചൂടും വീറും ഇരട്ടിയാക്കുന്ന ഈ മൂവർ സംഘത്തിന്റെ ശബ്ദമുഴക്കം ഇത്തവണയും ചിക്കാഗോയിലെ വടംവലി വേദിയിൽ ആവേശത്തിന്റെ ഇടിമുഴക്കമാകുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.

സെപ്റ്റംബർ ആറിന് ബെൻസൻവില്ലിലുള്ള എനർജി സ്പോർട്സ് കോംപ്ലക്സിൽ വെച്ചാണ് വടംവലി മത്സരങ്ങൾ അരങ്ങേറുക.

ഈ വടംവലി മത്സരങ്ങൾ ആസ്വദിക്കുവാനും മത്സരത്തെ വിജയിപ്പിക്കുവാനും ലോകമെമ്പാടുമുള്ള എല്ലാ വടംവലി പ്രേമികളെയും ചിക്കാഗോയുടെ മണ്ണിലേക്ക് സ്വാഗതം ചെയ്യുന്നതായി വടംവലി കമ്മിറ്റിക്കു വേണ്ടി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു.

# മോളി കുരുവിള വരാപ്പുഴ അന്തരിച്ചു



മ്രാല: വരാപ്പുഴ കുരുവിളയുടെ (ബേബി) ഭാര്യ മോളി കുരുവിള (67) അന്തരിച്ചു. പരേത കൂടല്ലൂർ മങ്ങാട്ടുപുളിക്കൽ കുടുംബാംഗമാണ്. മക്കൾ: മിനു കുരുവിള & ബിബിൻ വേങ്കടത്ത് (ഓസ്ട്രേലിയ), ജേക്കബ് കുരുവിള & അനു എരുമേലിക്കര (തിരുവനന്തപുരം). കൊച്ചുമക്കൾ: റീഹാൻ, റിച്ച, റൂത്ത്, സാറ, ജെയ്ഡൻ, ലൂക്ക.

മാതാപിതാക്കൾ: കൂടല്ലൂർ മങ്ങാട്ടുപുളിക്കിയിൽ പരേതരായ ഉതുപ്പാൻ മത്തായിയും മറിയാമ്മയും. സഹോദരങ്ങൾ: പരേതയായ പെണ്ണമ്മ & സ്റ്റീഫൻ കണ്ണച്ചാൻകുന്നേൽ (അരീക്കര), ജോയി മങ്ങാട്ടുപുളിക്കിയിൽ & മോളി പടവത്തിൽ (ഫ്ളോറിഡ), പരേതനായ കുര്യച്ചൻ & ആലീസ് കരോട്ടു മന്നാകുളത്തിൽ (കുറുമുള്ളൂർ), തമ്പി & ഏലിയാമ്മ പുത്തൻപ്രാലേൽ (നീണ്ടൂർ), റ്റി.യു. മത്തായി & ജെസ്സി തെങ്ങുംപള്ളിൽ (മാലക്കല്ല്), മാത്യു & റെജി ഇടിയാലിൽ (ചിക്കാഗോ), ജോർജ് മങ്ങാട്ടുപുളിക്കിയിൽ & ലിന്റ കീഴങ്ങാട്ട് (ചിക്കാഗോ).

സംസ്കാരം സെപ്റ്റംബർ 3-ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മ്രാല സെന്റ് പീറ്റർ & പോൾ ക്നാനായ കത്തോലിക്കാ പള്ളിയിൽ നടത്തപ്പെടുന്നതാണ്.








# നിയുക്ത സഹായമെത്രാൻ തോമസ് ആനിമൂട്ടിൽ പിതാവിന് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ ഹൃദ്യമായ സ്വീകരണം



ജോസ് കണിയാലി

കോട്ടയം: കോട്ടയം അതിരൂപതയുടെ നിയുക്ത സഹായമെത്രാനായി അഭിഷിക്തനാകുന്ന അഭിവന്ദ്യ തോമസ് ആനിമൂട്ടിൽ പിതാവിന് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വൈദികരും സമർപ്പിതരും അല്മായ സഹോദരങ്ങളും അടങ്ങുന്ന വിശ്വാസിസമൂഹം സ്നേഹനിർഭരമായ സ്വീകരണം നല്കി.

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സിനഡിൽ പങ്കെടുത്തതിനു ശേഷം അഭിവന്ദ്യ പിതാക്കന്മാർ വൈകുന്നേരം നാലു മണിയോടെ കോട്ടയം അരമനയിലെത്തി. നടവിളിയുടെ അകമ്പടിയോടെ അരമന മുറ്റത്ത് തടിച്ചുകൂടിയ വിശ്വാസിസമൂഹം പിതാക്കന്മാരെ സ്നേഹപൂർവം വരവേറ്റു. നിയുക്ത സഹായമെത്രാൻ തോമസ് ആനിമൂട്ടിൽ പിതാവിനെ കത്തീഡ്രൽ വികാരി ഫാ. തോമസ് ആദോപ്പിള്ളിൽ കത്തിച്ച തിരി നല്കി സ്വീകരിച്ചു.



തുടർന്ന് ക്രിസ്തുരാജ കത്തീഡ്രൽ ദേവാലയത്തിൽ നടന്ന സ്വീകരണച്ചടങ്ങിൽ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പിതാവ് എല്ലാവർക്കും സ്വാഗതമാശംസിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ക്നാനായ സമൂഹത്തിന്റെ അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമവും സുഗമവുമാക്കുന്നതിനുള്ള പുതിയ സാദ്ധ്യതകൾ ഈ ദൈവനിയോഗത്തിലൂടെ തുറക്കപ്പെടുമെന്ന് അഭിവന്ദ്യ മൂലക്കാട്ട് പിതാവ് പ്രത്യാശ പ്രകടിപ്പിച്ചു. അതിനാവശ്യമായ സഭാസംവിധാനങ്ങൾ കാലതാമസം കൂടാതെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഒക്ടോബർ രണ്ടിന് നടക്കുന്ന മെത്രാഭിഷേക ചടങ്ങിലേക്ക് എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുകയും ചെയ്തു.

തുടർന്നു നടന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ശേഷം നിയുക്ത സഹായമെത്രാൻ അഭിവന്ദ്യ തോമസ് ആനിമൂട്ടിൽ പിതാവ് കൃതജ്ഞതയർപ്പിച്ചു സംസാരിച്ചു. തനിക്ക് ലഭിച്ചിരിക്കുന്ന ഈ ദൈവനിയോഗം അധികാരത്തിന്റേതല്ലെന്നും മറിച്ച് ദൈവജനത്തെ കൂടുതൽ സമർപ്പണത്തോടെ ശുശ്രൂഷിക്കാനുള്ള വിളിയാണെന്നുമുള്ള ബോധ്യം തനിക്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ലോകമെമ്പാടുമുള്ള ക്നാനായ മക്കളുടെ പ്രാർത്ഥനയും സഹകരണവും ഈ ശുശ്രൂഷയിൽ തനിക്ക് കരുത്തായിരിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു.

"എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് സകലതും ചെയ്യാൻ കഴിയും" എന്ന ആപ്തവാക്യം ഹൃദയത്തിൽ ഏറ്റുവാങ്ങി മേൽപ്പട്ട ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന അഭിവന്ദ്യ തോമസ് ആനിമൂട്ടിൽ പിതാവിന് പ്രാർത്ഥനയിലൂടെ നമുക്കു കരുത്തും പിന്തുണയും പകരാമെന്ന് വിജയപുരം രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിപ്പറമ്പിൽ പിതാവ് ആശംസിച്ചു.

സ്നേഹവും പ്രാർത്ഥനയും പ്രതീക്ഷയും നിറഞ്ഞ ഈ സ്വീകരണച്ചടങ്ങുകൾ നിയുക്ത സഹായമെത്രാൻ തോമസ് ആനിമൂട്ടിൽ പിതാവിന്റെ ആശീർവാദ പ്രാർത്ഥനയോടെ സമാപിച്ചു. ആനിമൂട്ടിൽ പിതാവിന്റെ നിരവധി കുടുംബാംഗങ്ങൾ ഈ സ്വീകരണ ചടങ്ങിൽ സംബന്ധിക്കുവാൻ മലബാറിൽ നിന്നും എത്തിയിരുന്നു. പുതിയ ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന പിതാവിന് ക്നാനായ സമൂഹത്തിന്റെ പ്രാർത്ഥനയും സ്നേഹവും നിറഞ്ഞ പിന്തുണയുടെ സാക്ഷ്യമായി മാറി ഈ സ്വീകരണം.



















# 3 ലക്ഷം കോടിയുടെ പ്രവാസി നിക്ഷേപം വികസനത്തിന് പ്രയോജനപ്പെടുത്തണം: ഫ്രാൻസിസ് ജോർജ് എംപി

ഡാളസ്: കേരളത്തിന്റെ മുന്നോട്ടുള്ള പുരോഗതിയിൽ പ്രവാസികളായ മലയാളികളുടെ സംഭാവന വളരെ വലുതാണെന്ന് ഫ്രാൻസിസ് ജോർജ് എംപി. ഡാളസ് മലയാളി അസോസിയേഷൻ (ഡിഎംഎ) സംഘടിപ്പിച്ച ഓ



ണാഘോഷ പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രവാസികൾ നാട്ടിലേക്ക് അയയ്ക്കുന്ന പണം ശരിയായ രീതിയിൽ വിനിയോഗിക്കാൻ കൃത്യമായ പദ്ധതികൾ ഉണ്ടാകേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ബാങ്കുകളിൽ മൂന്നും ലക്ഷം കോടി രൂപയോളം പ്രവാസികളുടെ നിക്ഷേപമായി കിടപ്പുണ്ട്. സർക്കാർ മറ്റ് ഉറവിടങ്ങളിൽ നിന്ന് ഉയർന്ന പലിശയ്ക്ക് കടമെടുക്കുന്നതിനേക്കാൾ ലാഭകരമായി, പ്രവാസികൾക്ക് ബാങ്ക് പലിശയേക്കാൾ ഒന്നു രണ്ട് ശതമാനം കൂടുതൽ നല്കുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് ഈ തുക സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയും. ഇത് സർക്കാരിനും പ്രവാസികൾക്കും ഒരുപോലെ പ്രയോജനപ്പെടുമെന്നും കേരളത്തിന്റെ വികസനത്തിൽ പങ്കാളികളാകാൻ പ്രവാസികൾക്ക് ഇതിലൂടെ സാധിക്കുമെന്നും എംപി കൂട്ടിച്ചേർത്തു.

പ്രളയകാലത്തും കോവിഡ് മഹാമാരിയുടെ സമയത്തും പ്രവാസി സഹോദരങ്ങൾ കൈയും മെയ്യും മറന്ന് നടപ്പാക്കിയ കാരുണ്യപ്രവർത്തനങ്ങളും സേവനങ്ങളും കേരള ജനതയ്ക്ക് ഒരിക്കലും മറക്കാനാവില്ല. വിദേശരാജ്യങ്ങളിൽ പ്രവാസികൾ ആർജിച്ച അറിവും പരിചയസമ്പത്തും നാട്ടിൽ പ്രയോജനപ്പെടുത്താനുള്ള അനുകൂല അന്തരീക്ഷവും അവസരവും ഒരുക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നല്കിയിട്ടു




ണ്ടെന്നും ഫ്രാൻസിസ് ജോർജ് എംപി ഓർമ്മിപ്പിച്ചു. നമ്മുടെ പുതിയ തലമുറയെ നാടുമായി ബന്ധിപ്പിച്ചു നിർത്താനും പുതിയ സംരംഭങ്ങളിൽ പങ്കാളികളാക്കാനും അവരെ നാട്ടിലേക്ക് അടുപ്പിക്കാനും മലയാളി അസോസിയേഷനുകൾക്ക് വലിയ പങ്കുണ്ട്. സംഘടനകൾക്ക് ഇത്തരം നല്ല കാര്യങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. ലോകമെമ്പാടുമുള്ള മലയാളികളുടെ ദേശീയ ഉത്സവമായ ഓണനാളുകളിൽ സംഘടനാ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിക്കുകയാണെന്നും ഫ്രാൻസിസ് ജോർജ് എംപി വ്യക്തമാക്കി.

# ഫൊക്കാനയുടെ കേരളാ കൺവൻഷൻ 2027 ജനുവരി 11 മുതൽ 13 വരെ










ചിക്കാഗോ: ഫൊക്കാനയുടെ കേരളാ കൺവൻഷൻ 2027 ജനുവരി 11 മുതൽ 13 വരെ കൊച്ചി ബോൾഗാട്ടി പാലസിൽ വെച്ച് നടത്തപ്പെടും. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ, സാമൂഹിക നായകന്മാർ പങ്കെടുക്കുന്ന ഈ സമ്മേളനം വളരെ വ്യത്യസ്തമായി സംഘടിപ്പിക്കുമെന്ന് ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു.

മൂന്നു ദിവസം നീണ്ടുനിൽക്കുന്ന കൺവൻഷൻ ഒരു ജനകീയ കൺവൻഷനായി മാറ്റാനാണ് ശ്രമം. കേരളത്തിന്റെ യുവതയെ കാർന്നു തിന്നുന്ന മയക്കുമരുന്ന്, മറ്റ് ലഹരി ഉപയോഗങ്ങൾക്കെതിരെ കേരളീയ സമൂഹത്തെ ബോധവാന്മാരാക്കുന്ന കേരള സർക്കാരിന്റെ തൂഫാൻ പദ്ധതിക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും കേരളത്തിലു

**ജിജി ടോം**

ടനീളമുള്ള ബോധന പ്രവർത്തനങ്ങൾക്ക് ഫൊക്കാന നേതൃത്വം നൽകുകയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിന്റെ ഉദ്ഘാടനം, അശരണർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് തുടക്കം, നേഴ്സിംഗ് സ്കോളർഷിപ്പ് വിതരണം, ഭാഷയ്ക്കൊരു ഡോളർ പുരസ്കാര സമർപ്പണം, സാഹിത്യ പുരസ്കാര സമ്മേളനം, ബിസിനസ് സെമിനാർ, മാധ്യമ സെമിനാർ, സാംസ്കാരിക സായാഹ്നം തുടങ്ങി നിരവധി പരിപാടികളാൽ സമൃദ്ധമായ ഫൊക്കാനാ കേരളാ കൺവൻഷൻ എന്തുകൊണ്ടും ശ്രദ്ധേയമായിരിക്കുമെന്ന് ഫൊക്കാനാ പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു.






# കെ.സി.എസ്. ചിക്കാഗോയുടെ ഓണം 2026 അതിഗംഭീരമായി

**ഷാജി പള്ളിവീട്ടിൽ**

ഡെസ്പ്ലെയിൻസ് - ഇല്ലിനോയിസ്: കെ.സി.എസ്. ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ ഓണം 2026 അതീവ ആഘോഷപൂർവം ഡെസ്പ്ലെയിൻസിലെ ക്നാനായ സെന്ററിൽ സംഘടിപ്പിച്ചു. 500 - ലധികം ക്നാനായ അംഗങ്ങളും കുടുംബങ്ങളും പങ്കെടുത്ത ആഘോഷം പാരമ്പര്യവും സംസ്കാരവും സംഗീതവും സൗഹൃദവും ഒത്തുചേർന്ന മനോഹരമായ ഒരു സായാഹ്നമായി മാറി.



പരമ്പരാഗതമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. തുടർന്ന് മാവേലിയുടെ നേതൃത്വത്തിൽ വർണ്ണാഭമായ ഓണഘോഷയാത്ര നടന്നു. കെസിഎസ് വനിതാ ഫോറം എക്സിക്യൂട്ടീവ് അംഗങ്ങളായ ഷാനിൽ വെട്ടിക്കാട്ട്, ജിനു നെടിയകാലായിൽ, ജെയ്ൻ മുണ്ടപ്ലാക്കിൽ, മന്നു തിരുനെല്ലിപ്പറമ്പിൽ, ഡെന്നി തുരുത്തുവേലിൽ എന്നിവരുടെ നേതൃത്വത്തിൽ താലപ്പൊലിയും മുത്തുക്കുടയും ഉൾപ്പെടുത്തി ഘോഷയാത്രയെ കൂടുതൽ ആകർഷകമാക്കി.

തുടർന്ന് വനിതാ ഫോറം അംഗങ്ങൾ അവതരിപ്പിച്ച മനോഹരമായ തിരുവാതിരക്കളി ആഘോഷത്തിനു കൂടുതൽ മാറ്റ്കൂട്ടി. വനിതാ ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുക്കിയ മനോഹരമായ പൂക്കളം ഓണാഘോഷത്തിന്റെ പാരമ്പര്യഭംഗി വർദ്ധിപ്പിക്കുകയും പങ്കെടുത്തവർക്ക് പൂക്കളത്തോടൊപ്പം മനോഹരമായ ചിത്രങ്ങൾ പകർത്താനുള്ള അവസരം ഒരുക്കുകയും ചെയ്തു.

കെസിഎസ് ഒരുക്കിയ പ്രത്യേക ഫോട്ടോബൂത്ത് കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിച്ചു. പ്രശസ്ത ഗായകൻ ചാൾസ് ആലപിച്ച മനോഹരമായ ഗാനങ്ങൾ ആഘോഷത്തിന് കൂടുതൽ ആവേശവും സന്തോഷവും പകർന്നു.

















കെസിഎസ് സെക്രട്ടറി ഷാജി പള്ളിവീട്ടിൽ സ്വാഗതം ആശംസിച്ചു. കെസിഎസ് പ്രസിഡണ്ട് ജോസ് അനാമല, കെസിസിഎൻഎ സെക്രട്ടറി വിപിൻ ചാലുങ്കൽ, കെസിസിഎൻഎ റീജിയണൽ വൈസ് പ്രസിഡണ്ട് ബാബു തൈെപ്പറമ്പിൽ, ലെയ്സൺ ബോർഡ് ചെയർമാൻ ടെഡി മുഴയൻമാക്കൽ എന്നിവർ ആശംസകൾ നേർന്നു. കെസിഎസ് ട്രഷറർ ടീന നെടുവാമ്പുഴ പരിപാടിയുടെ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു. കെസിഡബ്ല്യുഎഫ്എൻഎ റീജിയണൽ വൈസ് പ്രസിഡണ്ട് അനിത പണയപ്പറമ്പിൽ, ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ സിജോ പുളിയോർകുന്നേൽ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

മുൻ കെസിഎസ് പ്രസിഡണ്ട് ജോൺ ഇലക്കാട്ട് ആഘോഷപരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു. 2026 - ൽ ജനിച്ച് കെസിഎസ് അംഗത്വത്തിന് അർഹനായ ആദ്യ ക്നാനായ നവജാതശിശുവിനുള്ള പ്രത്യേക പുരസ്കാരം ജിമ്മി & സ്റ്റെഫിനി താന്നികുഴപ്പിൽ ദമ്പതികൾക്ക് സമ്മാനിച്ചു. എല്ലാ വർഷവും ഈ പുരസ്കാരം സ്പോൺസർ ചെയ്യുന്ന ഫിലിപ്പ് & ചിന്നമ്മ ഞാറവേലിൽ ഇത്തവണയും പുരസ്കാരത്തിന്റെ സ്പോൺസറായി.

ചടങ്ങിനോടനുബന്ധിച്ച് ക്നാനായ സമൂഹത്തിലെ കർഷകരുടെ സമർപ്പണവും കഠിനാദ്ധ്വാനവും ആദരിക്കുന്ന കെസിഎസ് കർഷകശ്രീ പുരസ്കാരങ്ങളും വിതരണം ചെയ്തു.

* ഒന്നാം സമ്മാനം : ജിജി പള്ളിവീട്ടിൽ & ബേബി തട്ടാമറ്റം

* രണ്ടാം സമ്മാനം : ബെന്നി നല്ലുവീട്ടിൽ & ബെന്നി ആലക്കൽ

* മൂന്നാം സമ്മാനം : മിഥിൻ & ബ്ലെസ്സി ചിറക്കപ്പറമ്പിൽ

* റൈസിംഗ് ഫാർമർ അവാർഡ്: ടാജി പാറേട്ട്

കെസിഎസ് ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ആഘോഷത്തിൽ പങ്കുചേർന്ന് പരിപാടി വിജയകരമാക്കാൻ സഹകരിച്ച എല്ലാ അംഗങ്ങളോടും അദ്ദേഹം പ്രത്യേക നന്ദി അറിയിച്ചു.

പാരമ്പര്യവും സംസ്കാരവും ഐക്യവും കൂട്ടായ്മയും നിറഞ്ഞ കെസിഎസ് ചിക്കാഗോ ഓണം 2026, ക്നാനായ സമൂഹത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ മനോഹരമായ ആഘോഷമായി മാറി. പരമ്പരാഗത ഓണസദ്യ, മാവേലി ഘോഷയാത്ര, താലപ്പൊലി, മുത്തുക്കുട, തിരുവാതിര, പൂക്കളം, സംഗീതം, പുരസ്കാരങ്ങൾ എന്നിവയോടൊപ്പം 500 - ലധികം പേരുടെ ആവേശകരമായ പങ്കാളിത്തവും ആഘോഷത്തെ അവിസ്മരണീയമാക്കി.






















# എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് സെപ്റ്റംബർ 5-ന്; വി.കെ. ശ്രീകണ്ഠൻ എംപി മുഖ്യാതിഥി

പ്രസന്നൻ പിള്ള

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ ആതിഥേയത്വം വഹിക്കുന്ന പത്തൊൻപതാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ്, വോളിബോളിനെ ഹൃദയത്തിൽ ഏറ്റിയ ചിക്കാഗോയുടെ മണ്ണിലേക്ക്... വോളിബോൾ ടൂർണമെന്റ് സെപ്റ്റംബർ 5-ന് ഇല്ലിനോയ് ബെൻസൻവില്ലിലുള്ള എനർജി സ്പോർട്സ് കോംപ്ലക്സിൽ രാവിലെ 8 മുതൽ



വി.കെ. ശ്രീകണ്ഠൻ എംപി

ആരംഭിക്കുമെന്ന് ചിക്കാഗോ മലയാളി അസോസിയേഷൻ ഭാരവാഹികളും എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ ഭാരവാഹികളും വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ചിക്കാഗോ ചാപ്റ്ററുമായി ചേർന്ന് നടത്തിയ വാർത്താസമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്. പാലക്കാട് എംപി വി.കെ. ശ്രീകണ്ഠൻ മുഖ്യാതിഥിയായി പങ്കെടുക്കും. അമേരിക്കയിലെ 12 സംസ്ഥാനങ്ങളിൽ നിന്നായി നിരവധി ടീമുകൾ ടൂർണമെന്റിൽ പങ്കെടുക്കും. ഓപ്പൺ പൂളിൽ പന്ത്രണ്ട് ടീമുകൾ, 18 വയസിൽ താഴെയുള്ളവരുടെ ടീമുകൾ, നാല്പതിനു മുകളിൽ, പ്രായമുള്ളവരുടെ ടീമുകൾ, വനിതാ ടീമുകൾ എന്നിവരുടെ വെവ്വേറെ മത്സരങ്ങളും ഉണ്ടായിരിക്കും.

ട്രോഫികൾ കൂടാതെ എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ നല്കുന്ന 5000 ഡോളറിന്റെ കാഷ് അവാർഡുകൾ വിജയികളാകുന്ന ടീമുകൾക്ക് ലഭിക്കുമെന്ന് ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട് അറിയിച്ചു. കൂടാതെ ചിക്കാഗോ മലയാളി അസോസിയേഷൻ നല്കുന്ന സമ്മാനങ്ങളും ഉണ്ടായിരിക്കും. കിങ്സ് എന്റർടൈൻമെന്റ് ആൻഡ് ഗെയിമിങ് ആണ് ടൂർണമെന്റിന്റെ പ്രധാന പ്രായോജകർ.

അമേരിക്കയിലുള്ള മലയാളി വോളിബോൾ പ്രേമികൾക്ക് പിന്തുണയും പ്രചോദനവുമാകാനാണ് ഈ അന്താരാഷ്ട്ര ടൂർണമെന്റ് സംഘടിപ്പിക്കുന്നതെന്ന് എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ വൈസ് പ്രസിഡണ്ട് പയസ് ആലപ്പാട്ട് പറഞ്ഞു.

ചിക്കാഗോ മലയാളി അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗങ്ങൾ ഏറെ അഭിമാനത്തോടെയാണ് ഈ ടൂർണമെന്റിനെ വരവേൽക്കുന്നതെന്ന് ചിക്കാഗോ മലയാളി അസോസിയേഷൻ ട്രഷറർ അച്ചൻകുഞ്ഞ് മാത്യു പറഞ്ഞു.

ഇതൊരു അന്താരാഷ്ട്ര മത്സരമാണെന്നും വിവിധ ടീമുകളുടെ ഭാഗമായി ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമുള്ള കളിക്കാർ മാറ്റുരയ്ക്കുമെന്നും എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ നാഷണൽ മെംബർ സിബി കദളിമറ്റം അറിയിച്ചു.

ടൂർണമെന്റ് സെപ്റ്റംബർ 5-ന് രാവിലെ 8 മണിക്ക് തുടങ്ങുമെന്നും ഫൈനൽ മത്സരം വൈകിട്ട് ഏഴോടെ നടക്കുമെന്നും ടൂർണമെന്റ് ചെയർമാൻ ജിനു ജോൺ പുന്നശ്ശേരിയിൽ അറിയിച്ചു.





19 വർഷം മുമ്പ് ചിക്കാഗോയിലാണ് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റിന് തുടക്കമായത്. പിന്നീട് പല തവണ ചിക്കാഗോ ടൂർണമെന്റിന് ആതിഥ്യമേകി. ഇത്ര വർഷങ്ങളായിട്ടും ഈ ടൂർണമെന്റ് വളരെ മനോഹരമായി മുന്നോട്ടു പോകുകയാണ്. ഇവിടെ വരുന്ന ടീമുകളെല്ലാം അവരുടെ സ്വന്തം ചെലവിലാണ് വരുന്നതും താമസിക്കുന്നതും. എല്ലാം സ്പോർട്സ്മാൻ സ്പിരിറ്റാണ് ഇവരെ എല്ലാവരെയും ഒന്നിപ്പിക്കുന്ന ഘടകം. ടൂർണമെന്റിന്റെ തുടക്കക്കാരിൽ ഒരാളും എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ അഡ്വൈസറി ബോർഡ് അംഗവുമായ പീറ്റർ മാത്യു കുളങ്ങര പറഞ്ഞു.

ഇല്ലിനോയി ബെൻസൻവില്ലിലുള്ള എനർജി സ്പോർട്സ് കോംപ്ലക്സ് പതിനായിരത്തോളം കാണികൾക്ക് ഇരിക്കാൻ തക്കവിധം സൗകര്യമുള്ള ഇടമാണെന്നും എല്ലാവരുടെയും



വാഹനങ്ങൾ പാർക്ക് ചെയ്യാൻ ധാരാളം സ്ഥലമുണ്ടെന്നും ടൂർണമെന്റ് അഡ്വൈസറി ബോർഡ് അംഗം സിറിയക് കൂവക്കാട്ടിൽ അറിയിച്ചു.

ചിക്കാഗോ എന്നും വോളിബോളിനെ പ്രോത്സാഹിപ്പിക്കുന്ന നഗരമാണെന്നും ഇവിടുത്തെ മലയാളികളുടെയും മാധ്യമങ്ങളുടെയും വലിയ പിന്തുണ ഈ ടൂർണമെന്റിന്റെ മുതൽക്കൂട്ടാണെന്നും ജനറൽ കൺവീനർ മാത്യു തട്ടാമറ്റം പറഞ്ഞു.

കളിക്കാർക്കും അവർക്കൊപ്പം വരുന്നവർക്കും ഭക്ഷണം സൗജന്യമായിരിക്കുമെന്നും മത്സരത്തിനുശേഷം നടക്കുന്ന ബാങ്ക്വറ്റിൽ എല്ലാവർക്കും ഭക്ഷണം ഉണ്ടായിരിക്കുമെന്നും ജോഷി പുത്തൂരാൻ അറിയിച്ചു.

ചിക്കാഗോ മലയാളി അസോസിയേഷൻ ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ, ജെസ്സ്മോൻ പുറമഠം, റിന്റു ഫിലിപ്പ് എന്നിവർ എല്ലാവരെയും ടൂർണമെന്റിലേക്ക് സ്വാഗതം ചെയ്തു.

ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ചിക്കാഗോ ചാപ്റ്റർ ഭാരവാഹികളായ പ്രസിഡണ്ട് പ്രസന്നൻ പിള്ള, സെക്രട്ടറി അലൻ ജോർജ്, ട്രഷറർ അനിലാൽ ശ്രീനിവാസൻ, ഫ്ളവേഴ്സ് ടിവി യുഎസ്എ സിഇഒ ബിജു സഖറിയ, ഐപിസിഎൻഎ അഡ്വൈസറി ബോർഡ് അംഗവും എൻആർഐ റിപ്പോർട്ടർ സിഇഒയുമായ ബിജു കിഴക്കേക്കുറ്റ്, ഡൊമിനിക് ചൊള്ളമ്പേൽ, വർഗീസ് പാലമലയിൽ എന്നിവർ വാർത്താ സമ്മേളനത്തിനു നേതൃത്വം നല്കി.

എൻ.കെ. ലൂക്കോസിനെ ഓർമ്മിക്കുമ്പോൾ: തൊടുപുഴ കരിങ്കുന്നം സ്വദേശി നടുമ്പറമ്പിൽ എൻ.കെ. ലൂക്കോസ് എന്നും വോളിബോളിനെ ആവേശത്തോടെ സ്നേഹിച്ചിരുന്ന വ്യക്തിയായിരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ ലോകപ്രശസ്ത വോളിബോൾ താരം ജിമ്മി ജോർജിനൊപ്പം അദ്ദേഹം കളിച്ചിരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വോളിബോൾ ടീം അംഗമായിരുന്നു. 1980-ലാണ് അദ്ദേഹം അമേരിക്കയിൽ എത്തിയത്. 1987-ലാണ് സുഹൃത്തുക്കളുമായി ചേർന്ന് ന്യൂയോർക്കിൽ കേരള സ്പൈക്കേഴ്സ് എന്ന പേരിൽ ഒരു വോളിബോൾ ടീം രൂപീകരിച്ചത്. സ്പോർട്സ് കൂടാതെ വിവിധ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലും എൻ.കെ. ലൂക്കോസ് സജീവമായിരുന്നു. 2003-ലാണ് ന്യൂജേഴ്സിയിലുണ്ടായ വാഹനാപകടത്തിൽ അദ്ദേഹം മരണമടഞ്ഞത്.

എൻ.കെ. ലൂക്കോസിന്റെ സ്മരണയ്ക്കായാണ് കുടുംബവും സുഹൃത്തുക്കളും ചേർന്ന് രൂപീകരിച്ച എൻ.കെ. ലൂക്കോസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ വോളിബോളിനെ പ്രോത്സാഹിപ്പിക്കാനായി കഴിഞ്ഞ 19 വർഷമായി അമേരിക്കയിലും കേരളത്തിലുമായി വോളിബോൾ ടൂർണമെന്റുകൾ നടത്തുന്നത്.

## നല്ല നാളേയ്ക്കായി മലയാളികൾ ഓട്ടത്തിൽ

ടോണി പൊങ്ങാനാ

ഗ്ലെൻവ്യൂ: അല്പം സമീകൃത ആഹാരം, ഒരിത്തിരി വ്യായാമം. രണ്ടും കൃത്യമായി ചെയ്താൽ ജീവിതശൈലി രോഗങ്ങളെ പടിക്കു പുറത്തു നിർത്താനാവും എന്ന സന്ദേശം ആളുകളിൽ എത്തിക്കാൻ ഓടുകയാണ് ഒരു കൂട്ടം മലയാളികൾ. സെപ്റ്റംബർ 12-ാം



തീയതി ഗ്ലെൻവ്യൂവിൽ ആണ് ഫിറ്റ് ഫോർവേർഡ് 5K (FIT FOR WARD) എന്ന പേരിൽ 5 കിലോമീറ്റർ ഓട്ടം നടക്കുക. ആദ്യം ഓടിയെത്തുന്നവർക്ക് മെഡലുകളും നടന്നെത്തുന്നവർക്ക് ചായയും കടികളും ഒക്കെയായി ഒരുക്കിയിരിക്കുന്ന ഈ പരിപാടിക്ക് മികച്ച പ്രതികരണമാണ് ഇതിനോടകം ലഭിച്ചിരിക്കുന്നത്. ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ്, നേഴ്സസ് റീഹാബിലിറ്റേഷൻ പ്രൊഫഷണൽസ്, റെസ്പെരിറ്റോറി തെറാപ്പിസ്റ്റ്സ്, റേഡിയോഗ്രാഫേഴ്സ് തുടങ്ങിയ ആരോഗ്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണൽസിന്റെ സംഘടനകൾ ഒന്നുചേർന്നാണ് പ്രഥമ മലയാളി 5K ഒരുക്കുന്നത്.

കേരള ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല, മന്ത്രി മോൻസ് ജോസഫ്, ബിഷപ് മാർ ജോയി ആലപ്പാട്ട് തുടങ്ങി നിരവധി പ്രമുഖരുടെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

പങ്കെടുക്കാവുന്ന ആളുകളുടെ എണ്ണത്തിൽ നിയന്ത്രണങ്ങൾ ഉള്ളതിനാൽ ആറിനു മുൻപായി ഓൺലൈനിലോ സംഘാടകർ വഴിയോ രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമേ പ്രവേശനം ഉണ്ടായിരിക്കൂ. ഇതുവഴി സമാഹരിക്കുന്ന തുക ഭിന്നശേഷിക്കാർക്കായി ആരംഭിക്കുന്ന മലയാളി സംരംഭമായ ചോസൺ ഫൗണ്ടേഷൻ ഓഫ് ഇല്ലിനോയിസ് എന്ന സംഘടനയ്ക്കു നല്കും.

പ്രായഭേദമെന്യേ എല്ലാവരെയും ഈ കമ്യൂണിറ്റി ഇവന്റിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘടനാ പ്രസിഡണ്ടുമാരായ ലിൻസൺ കൈതമല (ISWAI), ഡോ. സിമി ജോസഫ് (INAI), മജോ ഓട്ടപ്പള്ളി (ARPO-KO), ടോം ജോസ് (MARC), സോണി പോൾ (MAR) എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

# ഫോമാ വില്ലേജിൽ ഓണസമ്മാനവുമായി ഫിലിപ്പ് ചാമത്തിൽ; എല്ലാ കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ വിതരണം ചെയ്തു






**അനിൽ പെണ്ണുക്കര**

തിരുവല്ല: തിരുവല്ല കടപ്ര ഫോമാ വില്ലേജിലെ എല്ലാ കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ വിതരണം ചെയ്ത് ഫോമാ മുൻ പ്രസിഡന്റും ഫോമാ വില്ലേജ് സ്ഥാപകനുമായ ഫിലിപ്പ് ചാമത്തിൽ. ഓണത്തിന്റെ സന്തോഷം പങ്കുവെച്ച് ഫോമാ വില്ലേജ് നിവാസികൾക്കൊപ്പം സമയം ചെലവഴിച്ച ഫിലിപ്പ് ചാമത്തിലിന്റെ സന്ദർശനം ഒരു വേറിട്ട അനുഭവമായി മാറി. ഓരോ കുടുംബത്തിനും ആവശ്യമായ നിരവധി സാധനങ്ങൾ ഉൾപ്പെടുത്തിയ രണ്ട് വലിയ കിറ്റുകൾ വീതമാണ് ഓണസമ്മാനമായി അദ്ദേഹം നൽകിയത്. വില്ലേജിലെത്തിയ ഫിലിപ്പ് ചാമത്തിലിനെ നാടൻ കാട്ടുപൂക്കൾ പറിച്ചെടുത്ത് മനോഹരമായി തയ്യാറാക്കിയ ബൊക്കെ നൽകിയാണ് വില്ലേജിലെ നിവാസികൾ സ്വീകരിച്ചത്. സ്നേഹപൂർവമായ ആ സ്വീകരണത്തിന് ശേഷം ഫോമാ വില്ലേജിൽ സ്ഥാപിച്ച ശിലാഫലകത്തിന് സമീപം എല്ലാവരും ഒത്തുകൂടി. തുടർന്ന് ഓരോ കുടുംബത്തോടും സംസാരിച്ചും അവരുടെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞും ഏറെ നേരം അദ്ദേഹം വില്ലേജ് നിവാസികൾക്കൊപ്പം ചെലവഴിച്ചു.

ഫോമാ വില്ലേജിലെത്തുന്ന ഓരോ അവസരവും നിവാസികൾക്കൊപ്പം സന്തോഷം പങ്കിടാനുള്ള അവസരമാക്കി മാറ്റുന്ന ഫിലിപ്പ് ചാമത്തിൽ ഇത്തവണയും അതേ സ്നേഹബന്ധം നിലനിർത്താനാണ് എത്തിയത്. ഓണക്കിറ്റുകൾ വിതരണം ചെയ്തതിനു പുറമെ വില്ലേജിലെ കുടുംബങ്ങളുമായി വ്യക്തിപരമായി സംസാരിക്കുകയും അവരുടെ ആവശ്യങ്ങളും ബുദ്ധിമുട്ടുകളും ചോദിച്ചറിയുകയും ചെയ്തു. ഓണം ആഘോഷിക്കാനുള്ള ഒരുക്കങ്ങളെക്കുറിച്ചും കുടുംബങ്ങളുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ചും അദ്ദേഹം അന്വേഷിച്ചു. പ്രവാസി മലയാളികളുടെ കൂട്ടായ്മയായ ഫോമായുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ഫോമാ വില്ലേജ് ഇന്ന് ഈ പ്രദേശത്തിന്റെ തന്നെ പേരായി മാറിയിരിക്കുകയാണ്.

2018-ലെ മഹാപ്രളയത്തിൽ വീടും ജീവിതമാർഗ്ഗവും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സുരക്ഷിതമായൊരു ജീവിതം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫോമാ വില്ലേജ് എന്ന ആശയം യാഥാർഥ്യമാക്കിയത്. അന്നത്തെ ഫോമാ പ്രസിഡന്റ് ഫിലിപ്പ് ചാമത്തിലിന്റെ നേതൃത്വത്തിൽ, തണൽ എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. പ്രളയജലനിരപ്പ് പഠിച്ചശേഷം വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ കഴിയുന്ന തരത്തിൽ ഉയർത്തി നിർമ്മിച്ച വീടുകളാണ് വില്ലേജിലുള്ളത്. ദുരിതാശ്വാസമായി സഹായം നൽകി മടങ്ങുന്നതിന് പകരം, ഭാവിയിലും സുരക്ഷിതമായി കഴിയാൻ പറ്റുന്ന വീടുകൾ ഒരുക്കണമെന്ന ദീർഘവീക്ഷണമായിരുന്നു പദ്ധതിയുടെ പിന്നിൽ. വർഷങ്ങൾക്കുശേഷം ശക്തമായ മഴയും വെള്ളപ്പൊക്കവും ഉണ്ടായപ്പോഴും വീടുകൾ സുരക്ഷിതമായി നിലനിന്നത് ആ ദീർഘവീക്ഷണത്തിന്റെ വിജയമായി മാറുകയും ചെയ്തു. ഇന്ന് ഓണക്കാലത്ത് അതേ വില്ലേജിലെ കുടുംബങ്ങളുടെ സന്തോഷത്തിൽ പങ്കുചേരാൻ ഫിലിപ്പ് ചാമത്തിൽ വീണ്ടും എത്തിയതും ശ്രദ്ധേയമായി.

ഓണക്കിറ്റ് വിതരണത്തിന് പിന്നാലെ ഫോമാ വില്ലേജിലെ രോഗബാധിതരായ അന്തേവാസികളെയും ഫിലിപ്പ് ചാമത്തിൽ നേരിൽ സന്ദർശിച്ചു. അവരുടെ ആരോഗ്യസ്ഥിതിയും ജീവിതസാഹചര്യങ്ങളും ചോദിച്ചറിഞ്ഞ അദ്ദേഹം ആവശ്യമായ ധനസഹായവും ഉറപ്പുനൽകി. ഒരു സാധാരണ കിറ്റ് വിതരണ പരിപാടിക്കപ്പുറം സ്നേഹത്തിന്റെയും കരുതലിന്റെയും കൂട്ടായ്മയുടെയും അവസരമായി മാറുകയായിരുന്നു അദ്ദേഹത്തിന്റെ ആ സന്ദർശനം.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈപ്പൻ കുര്യൻ, ഫോമാ പ്രവർത്തകരായ വിൽസൺ ഉഴത്തിൽ, മനു തുരുത്തിക്കാടൻ (മാധ്യമ പ്രവർത്തകൻ) തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു. കടപ്ര ഫോമാ വില്ലേജ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഉണ്ണി പരിപാടികൾക്ക് നേതൃത്വം നൽകി.















# വി. പി. സജീന്ദ്രൻ എം. എൽ. എ. കുന്നത്തു നാടിന്റെ കാവൽക്കാരൻ

കേരളാ എക്സ്പ്രസ് KERALA EXPRESS വാരാന്ത്യം





**അഭിമുഖം: ജോസ് കണിയാലി**

രാഷ്ട്രീയ പ്രവർത്തനത്തിലെ അനുഭവസമ്പത്തും ജനങ്ങളോടുള്ള നിരന്തരമായ ഇടപെടലുകളും കൈമുതലാക്കി കുന്നത്തുനാടിന്റെ വികസന സ്വപ്നങ്ങൾക്ക് നേതൃത്വം നൽകുകയാണ് കുന്നത്തുനാട് എംഎൽഎ വി.പി. സജീന്ദ്രൻ. നിയമസഭയിലെ ഇടപെടലുകൾക്കൊപ്പം മണ്ഡലത്തിലെ അടിസ്ഥാന സൗകര്യ വികസനം, ജനകീയ വിഷയങ്ങൾ, യുവജനങ്ങളുടെ അവസരങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ സജീവമായി ഇടപെടുന്ന അദ്ദേഹം, മാറുന്ന കാലത്തിനനുസരിച്ച് കുന്നത്തുനാടിന്റെ സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്തണമെന്ന കാഴ്ചപ്പാടുള്ള ജനപ്രതിനിധിയാണ്. രാഷ്ട്രീയത്തിനപ്പുറം തന്റെ മണ്ഡലത്തിലെ ജനങ്ങളുടെ ആവശ്യങ്ങളും പ്രതീക്ഷകളും അടുത്തറിഞ്ഞ് പ്രവർത്തിക്കണമെന്ന സമീപനമാണ് അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ പ്രത്യേകത. കേരളാ എക്സ്പ്രസിന് നൽകിയ അഭിമുഖത്തിൽ കുന്നത്തുനാടിന്റെ ഇന്നിനെയും നാളെയെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ പങ്കുവെയ്ക്കുന്നു.

**(പൂഞ്ഞാർ എംഎൽഎ അഡ്വ. സെബാസ്റ്റ്യൻ എം.ജെ (അഡ്വ. സജി ജോസഫ്), കെ.പി.സി.സി. വൈസ് പ്രസിഡന്റ് ജെയ്സൺ ജോസഫ്, ഫൊക്കാന ജനറൽ സെക്രട്ടറി സന്തോഷ് നായർ എന്നിവരും സന്നിഹിതരായിരുന്നു.)**

### രാഷ്ട്രീയത്തിലേക്ക് വരാനുണ്ടായ സാഹചര്യം?

കെ.എസ്.യുവിലൂടെയാണ് രാഷ്ട്രീയത്തിലേക്കുള്ള കടന്നുവരവ്. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായി നിൽക്കുമ്പോഴും സംസ്ഥാന രാഷ്ട്രീയത്തിലേക്ക് കടക്കണമെന്നോ വലിയൊരു രാഷ്ട്രീയ പദവി ലക്ഷ്യമിടണമെന്നോ അന്ന് പ്രത്യേകിച്ച് ആഗ്രഹിച്ചിരുന്നില്ല. തിരുവനന്തപുരം ലോ കോളജിൽ കെ.എസ്.യു പ്രതിനിധിയായി യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായി പ്രവർത്തിച്ച കാലത്താണ് രാഷ്ട്രീയത്തിന്റെ വിശാലമായ ലോകത്തേക്കുള്ള വാതിലുകൾ തുറന്നത്. 1998-ൽ വൈക്കത്ത് നടന്ന ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവസരവും അന്ന് ലഭിച്ചു. 1,076 വോട്ടുകൾക്കാണ് പരാജയപ്പെട്ടത്. പക്ഷേ, ആ തോൽവി രാഷ്ട്രീയ യാത്രയുടെ അവസാനമായിരുന്നില്ല; മറിച്ച് കൂടുതൽ സജീവമായ രാഷ്ട്രീയ ജീവിതത്തിലേക്കുള്ള തുടക്കമായിരുന്നു.

കെ.എസ്.യുവിൽ പ്രവർത്തിക്കുന്ന കാലത്ത് എ ഗ്രൂപ്പിനോട് ചേർന്നുനിന്ന എന്നെ സജീവ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവന്നത് ജെ ജോസഫ് ആണ്. അമേരിക്കയിലെ വാഷിംഗ്ടണിലുള്ള ജോസഫ് അടക്കമുള്ള നേതാക്കളുമായി അടുത്ത ബന്ധമുണ്ടായിരുന്നു. രാഷ്ട്രീയത്തിൽ സജീവമായിരുന്നെങ്കിലും അതൊരു സംസ്ഥാനതല രാഷ്ട്രീയ യാത്രയായി മാറുമെന്ന് അന്ന് കരുതിയിരുന്നില്ല. എന്നാൽ, ചില വ്യക്തികൾ നമ്മുടെ ജീവിതത്തിലെ വഴിത്തിരിവുകളായി മാറും. അത്തരത്തിലൊരാളായിരുന്നു ജോസഫ്. അദ്ദേഹത്തിന്റെ പ്രോത്സാഹനവും ഇടപെടലുമാണ് എന്നെ കൂടുതൽ സജീവമായ രാഷ്ട്രീയത്തിലേക്ക് എത്തിച്ചത്.

കെ.എസ്.യുവിലെ പ്രവർത്തനത്തിന് ശേഷം എൽ.എൽ.ബി പൂർത്തിയാക്കി നെടുമങ്ങാട് കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. അതോടൊപ്പം രാഷ്ട്രീയ പ്രവർത്തനവും മുന്നോട്ടുകൊണ്ടുപോയി. കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് സ്വദേശിയായ ഞാൻ പിന്നീട് പുതുപ്പള്ളി നിയോജകമണ്ഡലത്തിന്റെ രാഷ്ട്രീയ പ്രവർത്തനത്തിലും സജീവമായി. മുതിർന്ന നേതാവ് റോസമ്മ ചാക്കോയുടെ നിര്യാണത്തെ തുടർന്നുണ്ടായ ഒഴിവിലാണ് പുതുപ്പള്ളിയിൽ കെ.പി.സി.സി അംഗമായി എത്തുന്നത്. പിന്നീട് ചാണ്ടി ഉമ്മൻ കെ.പി.സി.സി അംഗമായതോടെ ആ രാഷ്ട്രീയ ഉത്തരവാദിത്തത്തിൽ മാറ്റമുണ്ടായി. ഭാര്യ ലേബി സജീന്ദ്രൻ മനോരമയുടെ കൊച്ചി ബ്യൂറോ ചീഫായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ എറണാകുളത്തേക്ക് താമസം മാറിയതോടെയാണ് എറണാകുളം ജില്ലയിലെ രാഷ്ട്രീയ പ്രവർത്തനം കൂടുതൽ സജീവമായത്. ലേബി സജീന്ദ്രൻ ഇപ്പോൾ റിപ്പോർട്ടർ ചാനലിന്റെ റീജിയണൽ ചീഫ് ആണ്. അങ്ങനെയാണ് കുന്നത്തുനാട്ടിൽ മത്സരിക്കാനുള്ള അവസരം ലഭിക്കുന്നതും കുന്നത്തുനാട് എന്റെ രാഷ്ട്രീയ ജീവിതത്തിലെ പ്രധാനപ്പെട്ടൊരു അധ്യായമായി മാറുന്നതും.

### എന്നാണ് ആദ്യമായി മത്സരിക്കുന്നത്?

കുന്നത്തുനാട്ടിൽ 2011-ലാണ് ആദ്യമായി നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. 2011 മുതൽ 2021 വരെ രണ്ട് ടേം തുടർച്ചയായി മണ്ഡലത്തെ പ്രതിനിധീകരിക്കാൻ കഴിഞ്ഞു. എന്നാൽ മൂന്നാം ടേമിലേക്ക് എത്തിയപ്പോൾ രാഷ്ട്രീയ സാഹചര്യങ്ങൾ മാറി. 2020-ൽ രൂപംകൊണ്ട ട്വന്റി 20 കുന്നത്തുനാട്ടിലെ തദ്ദേശ തെരഞ്ഞെടുപ്പിൽ ശക്തമായ മുന്നേറ്റം നടത്തി നാല് ജില്ലാ പഞ്ചായത്ത് ഡിവിഷനുകളും രണ്ട് ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളും ഉൾപ്പെടെ നിരവധി തദ്ദേശ സ്ഥാപനങ്ങളിൽ ശ്രദ്ധേയമായ വിജയം നേടി. അതോടെ നിയമസഭാ തെരഞ്ഞെടുപ്പിലും അവർ വിജയിക്കുമെന്നൊരു പൊതുവികാരം മണ്ഡലത്തിൽ രൂപപ്പെട്ടു. ആ രാഷ്ട്രീയ തരംഗത്തിന്റെ പശ്ചാത്തലത്തിലാണ് മൂന്നാം തവണ എനിക്ക് പരാജയം നേരിടേണ്ടിവന്നത്.

എന്നാൽ ആ പരാജയം എന്നെ സംബന്ധിച്ചിടത്തോളം ഒരു അവസാനമല്ലായിരുന്നു. കുന്നത്തുനാട് കോൺഗ്രസിന് ശക്തമായ വേരുകളുള്ള മണ്ഡലമാണെന്നും ജനങ്ങളുമായുള്ള ബന്ധം നിലനിർത്തി പ്രവർത്തിച്ചാൽ തിരിച്ചുപിടിക്കാൻ കഴിയുമെന്നുമുള്ള പൂർണ്ണ വിശ്വാസം എനിക്കുണ്ടായിരുന്നു. അഞ്ചു വർഷത്തെ ഇടവേളയ്ക്കുശേഷം ട്വന്റി20യുടെ പ്രവർത്തനരീതിയും രാഷ്ട്രീയ നിലപാടുകളും വിലയിരുത്തിയ ജനങ്ങൾ വീണ്ടും യു.ഡി.എഫിനൊപ്പം നിൽക്കാൻ തീരുമാനിച്ചു. യു.ഡി.എഫിൽ നിന്ന് ഒരിക്കൽ കൈവിട്ടുപോയ കുന്നത്തുനാട് പഞ്ചായത്ത് ഉൾപ്പെടെയുള്ള മേഖലകളിൽ തിരിച്ചുവരവ് സാധ്യമാക്കാനും ഞങ്ങൾക്ക് കഴിഞ്ഞു.

അങ്ങനെ ഈ തെരഞ്ഞെടുപ്പിൽ 22,000 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഞാൻ വിജയിച്ചത്. ത്രികോണ മത്സരം നടന്ന ഒരു മണ്ഡലത്തിൽ ഇത്ര വലിയ ഭൂരിപക്ഷം നേടാനായത് വലിയൊരു അംഗീകാരമായാണ് ഞാൻ കാണുന്നത്. രാഷ്ട്രീയമായ വ്യത്യാസങ്ങൾക്കപ്പുറം ഇടതുപക്ഷത്തോട് അനുഭാവം പുലർത്തുന്നവരിൽ നിന്നുപോലും ലഭിച്ച പിന്തുണയാണ് ഈ വിജയത്തിന്റെ പ്രധാന പ്രത്യേകത. ആ പിന്തുണ ഒരു രാഷ്ട്രീയ വിജയത്തിനപ്പുറം, മണ്ഡലത്തിലെ ജനങ്ങളുമായുള്ള എന്റെ ബന്ധത്തിനുള്ള അംഗീകാരമായാണ് ഞാൻ കാണുന്നത്.

### ട്വന്റി 20-യുടെ പ്രസക്തി ഇപ്പോൾ എത്രത്തോളം നിലനിൽക്കുന്നുണ്ട്?

കുന്നത്തുനാട് ന്യൂനപക്ഷ വിഭാഗങ്ങൾക്കും വിവിധ രാഷ്ട്രീയ ചിന്താഗതികൾക്കും ശക്തമായ സ്വാധീനമുള്ള മണ്ഡലമാണ്. ഒരു ഘട്ടത്തിൽ ട്വന്റി20യുടെ മുന്നേറ്റം വലിയൊരു രാഷ്ട്രീയ മാറ്റത്തിന്റെ സൂചനയായി പലരും വിലയിരുത്തിയിരുന്നു. എന്നാൽ ഇന്ന് സ്ഥിതിഗതികൾ മാറിയിട്ടുണ്ട്. ട്വന്റി 20 പിടിച്ചെടുത്തിരുന്ന തദ്ദേശ സ്ഥാപനങ്ങൾ യു.ഡി.എഫ് തിരിച്ചുപിടിക്കുകയും, പിന്നീട് നിയമസഭാ മണ്ഡലവും തിരിച്ചുപിടിക്കുകയും ചെയ്തതോടെ അവരുടെ രാഷ്ട്രീയ പ്രസക്തിയിൽ വലിയ മാറ്റമുണ്ടായതായി ഞാൻ കാണുന്നു

സാബു ജേക്കബിന്റെ നിലപാടുകളിലുണ്ടായ മാറ്റവും ഇതിന് ഒരു കാരണമായി. 'ഞാൻ ഒരു മുന്നണിയുടെയും ഭാഗമല്ല, ഇടതുമല്ല, വലതുമല്ല; ജനങ്ങളെ സേവിക്കാനാണ് ഇറങ്ങിയിരിക്കുന്നത്' എന്ന നിലപാടാണ് അദ്ദേഹം ആദ്യഘട്ടത്തിൽ ഉയർത്തിപ്പിടിച്ചത്. രാഷ്ട്രീയത്തോട് പൊതുവെ അകലം പാലിക്കുന്നവർക്കും പരമ്പരാഗത രാഷ്ട്രീയത്തോട് വിയോജിപ്പുള്ളവർക്കും ആ നിലപാട് സ്വാഭാവികമായും ആകർഷകമായി തോന്നി. എന്നാൽ പിന്നീട് അദ്ദേഹം ബി.ജെ.പി മുന്നണിയുടെ ഭാഗമായതോടെ ആ സമീപനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ തന്നെ ചോദ്യങ്ങൾ ഉയർന്നു. സ്വന്തം ബിസിനസ് താൽപര്യങ്ങളും രാഷ്ട്രീയ നിലനിൽപ്പും സംരക്ഷിക്കുന്നതിനുള്ള നീക്കമായാണ് പലരും അതിനെ പിന്നീട് വിലയിരുത്തിയത്. അതോടെ അദ്ദേഹത്തോടൊപ്പം നിന്നിരുന്ന ഒരു വിഭാഗം ആളുകൾ തിരിച്ചുപോവുകയും ചെയ്തു.

എങ്കിലും ട്വന്റി 20-യുടെ സ്വാധീനം പൂർണമായി അവസാനിച്ചുവെന്ന് പറയാനാകില്ല. സാബു ജേക്കബിന്റെ സാമ്പത്തിക ശക്തിയും സംഘടനാ സംവിധാനവും ഇപ്പോഴും വലിയൊരു ഘടകമാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് അധിക സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതും സംഘടനയുടെ കോർഡിനേറ്റർമാർക്ക് ശമ്പളം നൽകുന്നതുമൊക്കെയായി വ്യത്യസ്ത രീതിയിലുള്ള സംവിധാനങ്ങൾ അവർ ഒരുക്കിയിട്ടുണ്ട്. സ്വാഭാവികമായും സാമ്പത്തിക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു വിഭാഗം ആളുകൾ അതിനൊപ്പം നിൽക്കും. എന്നാൽ പണത്തിനപ്പുറം ജനങ്ങളുടെ രാഷ്ട്രീയ ബോധവും വിശ്വാസവും നിർണായകമാകുന്ന ഘട്ടത്തിൽ ട്വന്റി20യുടെ യഥാർത്ഥ പ്രസക്തി എത്രത്തോളമെന്ന് വ്യക്തമാകും.



**പരിയത്ത് കാവ് കുന്നത്തുനാട് മണ്ഡലത്തിൽപ്പെട്ട പ്രദേശമാണല്ലോ. വർഷങ്ങളായി നിലനിന്നിരുന്ന ആ പ്രശ്നത്തിന് ഈ സർക്കാർ പരിഹാരം കണ്ടത് എങ്ങനെയാണ്?**

കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം വില്ലേജിൽപ്പെട്ട പ്രദേശമാണ് പരിയത്ത് കാവ്. ഏകദേശം 60 വർഷമായി നീണ്ടുനിന്ന ഒരു നിയമപോരാട്ടത്തിന്റെ ഭാഗമായാണ് അവിടുത്തെ പ്രശ്നം ഇത്രയും സങ്കീർണമാകുന്നത്. പരിയത്ത് കാവിലെ ഭൂവുടമയായിരുന്ന ശങ്കരൻ നായരും അവിടെ താമസിച്ചിരുന്ന കാളിക്കുറുമ്പനും തമ്മിലുള്ള തർക്കമാണ് പിന്നീട് പെരുമ്പാവൂർ മുൻസിഫ് കോടതി മുതൽ പറവൂർ സബ് കോടതി, ഹൈക്കോടതി, ഒടുവിൽ സുപ്രീംകോടതി വരെ നീണ്ടത്. അവസാനം ശങ്കരൻ നായർക്ക് അനുകൂലമായി സുപ്രീംകോടതി വിധി വന്നു. ഇതിനിടെ ഇരുകക്ഷികളിലെയും പ്രധാന വ്യക്തികൾ മരണപ്പെടുകയും അവരുടെ മക്കൾ അവകാശികളായി അവിടെ തുടരുകയും ചെയ്തു. സുപ്രീംകോടതി വിധി നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ ഉൾപ്പെടെ മറ്റാർക്കും നേരിട്ട് ഇടപെട്ട് അത് മറികടക്കുക എളുപ്പമായിരുന്നില്ല.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സുപ്രീംകോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി 14 തവണ കുടിയൊഴിപ്പിക്കൽ നടപടികൾക്ക് ശ്രമം നടന്നു. കോടതി നിയോഗിച്ച ഉദ്യോഗസ്ഥരും അഭിഭാഷകരും കമ്മീഷനും പോലീസും ഉൾപ്പെടെ എത്തിയെങ്കിലും ഓരോ തവണയും നടപടി തടസ്സപ്പെട്ടു. അവിടെ താമസിച്ചിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏഴ് കുടുംബങ്ങൾ തങ്ങളുടെ ഭൂമിയാണെന്ന അവകാശവാദവുമായി മുന്നോട്ടുവന്നു. എന്നാൽ, ഇത്രയും വർഷം പ്രശ്നം നിലനിന്നിട്ടും, ഇവരുടെ ജീവിതം വഴിയാധാരമാകാതെ എങ്ങനെ ഒരു പരിഹാരം കണ്ടെത്താം എന്നതിൽ ഫലപ്രദമായ ഇടപെടൽ ഉണ്ടായില്ല. ഒരു ഭാഗത്ത് നിയമവിധിയും മറുഭാഗത്ത് പാവപ്പെട്ട കുടുംബങ്ങളുടെ ജീവിതവും – ഇരുവശത്തും മനുഷ്യരുടെ ആശങ്കകൾ നിലനിന്നിരുന്ന സങ്കീർണമായ സാഹചര്യമായിരുന്നു അത്.

യു.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയതിന് പിന്നാലെയാണ് വിഷയം വീണ്ടും സജീവമായി പരിഗണിച്ചത്. പതിനഞ്ചാമത്തെ കുടിയൊഴിപ്പിക്കൽ നടപടിക്ക് പോലീസ് ഒരുങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടതോടെയാണ് ഞാൻ ഈ വിഷയം നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ അവതരിപ്പിച്ചത്. സാധാരണ ബന്ധപ്പെട്ട വകുപ്പ് മന്ത്രിയാണ് മറുപടി പറയേണ്ടിയിരുന്നതെങ്കിലും മുഖ്യമന്ത്രി തന്നെ വിഷയത്തിൽ ഇടപെട്ടു. ഒരു കാരണവശാലും ഈ പട്ടികജാതി കുടുംബങ്ങളെ വഴിയാധാരമാക്കില്ലെന്നും, സുപ്രീംകോടതി വിധി നിലനിൽക്കുമ്പോഴും അവരുടെ ജീവിതം സംരക്ഷിച്ചുകൊണ്ടുള്ള പരിഹാരം കണ്ടെത്തുമെന്നും മുഖ്യമന്ത്രി നിയമസഭയിൽ വ്യക്തമാക്കി. തുടർന്ന് ജില്ലയിലെ ചുമതലയുള്ള മന്ത്രി റോജി എം. ജോണിനെയും എന്നെയും ഈ വിഷയത്തിൽ ഇടപെട്ട് പരിഹാരം കണ്ടെത്താൻ ചുമതലപ്പെടുത്തി.

തുടർന്ന് ജില്ലാ കളക്ടർ, റൂറൽ എസ്.പി, ആർ.ഡി.ഒ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പല ഘട്ടങ്ങളിലായി ചർച്ചകൾ നടത്തി. ഏകദേശം അഞ്ച് തവണ നടന്ന അനൗദ്യോഗിക ചർച്ചകളാണ് ഒടുവിൽ പരിഹാരത്തിലേക്ക് വഴിതുറന്നത്. മന്ത്രി റോജി എം. ജോണിന്റെ പ്രായോഗികമായ ഇടപെടലും ഇതിൽ ഏറെ സഹായകമായി. ഭൂവുടമകൾ ആ കുടുംബങ്ങൾക്ക് അഞ്ച് സെന്റ് വീതം ഭൂമി നൽകാൻ തയ്യാറായി. ആദ്യം നിലവിലുള്ള സ്ഥലത്തിന് പുറത്താണ് ഭൂമി നൽകാമെന്ന് പറഞ്ഞതെങ്കിലും, അതുകൊണ്ട് പ്രശ്നത്തിന് പൂർണമായ പരിഹാരമാകില്ലെന്ന നിലപാടാണ് ഞാൻ സ്വീകരിച്ചത്. ഒടുവിൽ അതേ പ്രോപ്പർട്ടിക്കുള്ളിൽ തന്നെ അഞ്ച് സെന്റ് വീതം നൽകാൻ ഭൂവുടമകൾ സമ്മതിച്ചു. ഇപ്പോൾ അവിടെ വീടുകളുടെ നിർമ്മാണം ആരംഭിച്ചിരിക്കുകയാണ്. വിവിധ സ്പോൺസർമാരും വ്യവസായികളും ചേർന്നാണ് വീടുകളുടെ നിർമ്മാണത്തിനുള്ള സഹായം നൽകുന്നത്. അതിന്റെ ഏകോപന ചുമതല മന്ത്രി റോജി എം. ജോൺ ഏറ്റെടുത്തിട്ടുണ്ട്.

ഒരു വർഷത്തിനുള്ളിൽ വീടുകളുടെ താക്കോൽ കൈമാറുന്ന സമയത്ത് കുടുംബങ്ങൾ നിലവിലെ സ്ഥലത്തുനിന്ന് ഒഴിഞ്ഞുപോകണമെന്ന വ്യവസ്ഥയിലാണ് കരാർ ഒപ്പുവച്ചിരിക്കുന്നത്. ഞാനും മന്ത്രി റോജി എം. ജോണും ജില്ലാ കളക്ടറും റൂറൽ എസ്.പിയും ഉൾപ്പെടെ നാലു പേരാണ് കരാറിൽ സാക്ഷികളായി ഒപ്പുവെച്ചിരിക്കുന്നത്. നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട്, ഒരു വശത്ത് സുപ്രീംകോടതി വിധിയെ മാനിക്കുകയും മറുവശത്ത് പതിറ്റാണ്ടുകളായി അവിടെ ജീവിച്ചുപോന്ന പാവപ്പെട്ട കുടുംബങ്ങളെ വഴിയാധാരമാക്കാതിരിക്കുകയും ചെയ്തുകൊണ്ടാണ് ഈ പരിഹാരം സാധ്യമാക്കിയത്. 60 വർഷമായി നീണ്ടുനിന്ന ഒരു പ്രശ്നം കൂടുതൽ വഷളാക്കാതെ മാനുഷികമായും പ്രായോഗികമായും പരിഹരിക്കാൻ കഴിഞ്ഞതിൽ ഒരു ജനപ്രതിനിധി എന്ന നിലയിൽ എനിക്ക് ഏറെ സന്തോഷമുണ്ട്.

**നിയമസഭയിലെ സജീന്ദ്രന്റെ മറുപടികളും പ്രസംഗങ്ങളുമൊക്കെ പലപ്പോഴും വൈറലാകാറുണ്ട്. ഈ ഹ്യൂമർ സെൻസ് എങ്ങനെയാണ് ലഭിച്ചത്?**

നിയമസഭയിലെ എന്റെ പ്രസംഗങ്ങൾ ആളുകൾ ശ്രദ്ധിക്കുന്നുണ്ട് എന്നത് സന്തോഷമുള്ള കാര്യമാണ്. എന്നാൽ, കേരള നിയമസഭയിലെ 140 അംഗങ്ങളും അവരവരുടെ മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്നവരാണ്. ഒരു വിഷയം അവതരിപ്പിക്കുമ്പോൾ അതിന്റെ ഗൗരവം പൂർണമായി ഉൾക്കൊണ്ട് സംസാരിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. അതേസമയം, രാഷ്ട്രീയ വിഷയങ്ങളിലേക്ക് കടക്കുമ്പോൾ സ്വാഭാവികമായും രാഷ്ട്രീയമായി പ്രതികരിക്കേണ്ടി വരും. എതിർപക്ഷത്തെ വിമർശിക്കുമ്പോഴും അത് ആരും ശ്രദ്ധിക്കാതെ പോകുന്ന തരത്തിലുള്ള വെറുമൊരു രാഷ്ട്രീയ ആക്രമണമാകരുത്. പറയുന്ന കാര്യം ആളുകളുടെ ശ്രദ്ധയിൽപ്പെടുകയും ഓർമയിൽ നിൽക്കുകയും വേണം. അതിനുവേണ്ടിയാണ് ചിലപ്പോൾ ഹാസ്യവും നർമവും കൂടി ചേർക്കുന്നത്.

പത്ത് വർഷത്തെ എൽ.ഡി.എഫ് ഭരണത്തിൽ സംസ്ഥാനത്തെ പല മേഖലകളിലും ഉണ്ടായ വീഴ്ചകളെക്കുറിച്ച് പറയുമ്പോൾ, അതിനെ വെറുതെ വിമർശിച്ചിട്ട് കാര്യമില്ല. കൃത്യമായ രാഷ്ട്രീയ മറുപടിയോടൊപ്പം അത് ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കുകയാണ് പ്രധാനം. അടുത്തിടെ മന്ത്രി റിയാസ് നടത്തിയ ഒരു പ്രസ്താവന ശ്രദ്ധയിൽപ്പെട്ടു. എല്ലാ ബുധനാഴ്ചയും നുണ പറയുന്ന ആളായി വി.ഡി. സതീശൻ മാറിയിരിക്കുകയാണെന്നായിരുന്നു അദ്ദേഹത്തിന്റെ പരാമർശം. അതിനുള്ള മറുപടി സ്വാഭാവികമായും നമ്മുടെ കൈയിലുണ്ട്. അതായത്, രാഷ്ട്രീയത്തിൽ നടക്കുന്ന കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കുകയും അതിനനുസരിച്ചുള്ള മറുപടി തയ്യാറാക്കുകയും ചെയ്യും. എന്നാൽ നേരിട്ട് വ്യക്തിപരമായ ആക്രമണത്തിലേക്ക് പോകാതെ, ആളുകൾക്ക് ആ രാഷ്ട്രീയം മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കാനാണ് ശ്രമം.

ഇത്തരത്തിലുള്ള നർമം കലർന്ന രാഷ്ട്രീയ പ്രയോഗങ്ങൾ നിയമസഭയിൽ നേരത്തെയും ഉണ്ടായിട്ടുണ്ട്. പിണറായി വിജയന്റെ ഒന്നാം ഭരണകാലത്ത് എ.കെ. ബാലനെക്കുറിച്ച് ഞാൻ നടത്തിയ ഒരു പരാമർശം ഇന്നും ഓർമയുണ്ട്. വിമാനം കണ്ടുപിടിച്ച റൈറ്റ് സഹോദരന്മാരെയും റേഡിയോ കണ്ടുപിടിച്ച മാർക്കോണിയെയും പോലെ, തീവ്രത അളക്കാനുള്ള 'മിഷൻ' കണ്ടുപിടിച്ചത് എ.കെ. ബാലനാണെന്ന തരത്തിലായിരുന്നു അന്ന് നിയമസഭയിലെ എന്റെ പ്രസംഗം. അന്ന് ഇന്നത്തെ പോലെ സോഷ്യൽ മീഡിയ സജീവമായിരുന്നില്ല. ടെലിവിഷനിൽ ചെറിയൊരു വാർത്ത വന്നാൽ മാത്രമേ അത് ആളുകളിലേക്ക് എത്തുമായിരുന്നുള്ളൂ. ഇന്ന് സോഷ്യൽ മീഡിയയുടെ കാലമാണ്. അതുകൊണ്ട് തന്നെ നിയമസഭയിലെ ഓരോ വാക്കിനും കൂടുതൽ വേഗത്തിൽ ജനങ്ങളിലേക്ക് എത്താനുള്ള സാധ്യതയുണ്ട്. ഹാസ്യം എന്നത് വെറുമൊരു തമാശയല്ല; രാഷ്ട്രീയം കൂടുതൽ ശ്രദ്ധേയമായും എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിലും ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഒരു മാർഗം കൂടിയാണ്.

**പിണറായി വിജയൻ എന്ന മുൻ മുഖ്യമന്ത്രിയെയും വി.ഡി. സതീശൻ എന്ന മുഖ്യമന്ത്രിയെയും എങ്ങനെയാണ് താരതമ്യം ചെയ്യുന്നത്?**

കോൺഗ്രസിന്റെ മുഖ്യമന്ത്രി ആയതുകൊണ്ടാണ് പറയുന്നതെന്ന് കരുതരുത്. വി.ഡി. സതീശൻ കുറച്ചുകൂടി ആശയങ്ങളും വ്യക്തമായ പദ്ധതികളും മുന്നിൽ വെച്ച് പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയാണെന്നാണ് എന്റെ വിലയിരുത്തൽ. ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെയും പുതിയ സാധ്യതകളെയും മനസ്സിലാക്കി, അതിൽ നിന്ന് കേരളത്തിന് എന്തെല്ലാം സ്വീകരിക്കാൻ കഴിയും, നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് എങ്ങനെ പുതിയ വഴികൾ തുറക്കാം എന്നതിനെക്കുറിച്ച് ചിന്തിക്കുന്ന നേതാവാണ് അദ്ദേഹം. മാറ്റങ്ങളെ ഉൾക്കൊണ്ട് കേരളത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരു കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ട്.

പിണറായി വിജയൻ പാരമ്പര്യമായി നിലനിന്നുപോരുന്ന സംവിധാനങ്ങളെയും പദ്ധതികളെയും തുടർന്നുകൊണ്ടുപോകുന്ന സമീപനമാണ് സ്വീകരിച്ചിരുന്നതെന്ന് ഞാൻ കരുതുന്നു. അതിനപ്പുറത്തേക്ക് വലിയ മാറ്റങ്ങൾ കൊണ്ടുവരാനുള്ള ശ്രമങ്ങൾ അദ്ദേഹത്തിന്റെ ഭരണത്തിൽ കാര്യമായി ഉണ്ടായിട്ടില്ല. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ആരംഭിച്ച കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, സ്മാർട്ട് സിറ്റി തുടങ്ങിയ വലിയ പദ്ധതികൾ പിന്നീട് പിണറായി വിജയൻ സർക്കാരിന്റെ കാലത്തും തുടർന്നു. അതുകൊണ്ട് ഒരു സർക്കാർ കൊണ്ടുവന്ന പദ്ധതികൾ അടുത്ത സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നത് സ്വാഭാവികമാണ്; എന്നാൽ അതോടൊപ്പം പുതിയ കാലത്തിനനുസരിച്ചുള്ള പുതിയ ആശയങ്ങളും പദ്ധതികളും കൊണ്ടുവരേണ്ടതുണ്ട്.

ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് നമ്മുടെ കുട്ടികൾക്ക് പഠനം പൂർത്തിയാക്കിയ ശേഷം ഇവിടെ തന്നെ തൊഴിലും അവസരങ്ങളും കണ്ടെത്താൻ കഴിയുന്ന സാഹചര്യം ഇല്ല എന്നതാണ്. വിദ്യാഭ്യാസത്തിനായി കേരളത്തിൽ തന്നെ മികച്ച അവസരങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും, പഠനം പൂർത്തിയാക്കിയ ശേഷം തൊഴിൽ തേടി അവർ വിദേശ രാജ്യങ്ങളിലേക്കും ഇതര സംസ്ഥാനങ്ങളിലേക്കും പോകേണ്ടിവരുന്നു. ഈ ഒഴുക്ക് മാറ്റണമെങ്കിൽ പുതിയ വ്യവസായങ്ങളും നിക്ഷേപങ്ങളും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്ന ഒരു കേരളമാണ് നമുക്ക് വേണ്ടത്. ലോകം മാറുന്നതിനനുസരിച്ച് കേരളവും മാറണം. ആ മാറ്റത്തിന്റെ സാധ്യതകളെ തിരിച്ചറിഞ്ഞ് കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ഒരു ഭരണമാണ് നമുക്ക് ആവശ്യം.

**ഇത്തവണത്തെ അമേരിക്കൻ സന്ദർശനത്തിൽ ഫൊക്കാനാ കൺവൻഷനിലും പങ്കെടുത്തിരുന്നല്ലോ. എങ്ങനെ വിലയിരുത്തുന്നു?**

ഫൊക്കാനാ എന്നു പറയുന്നത് അമേരിക്കയിലെ മലയാളികളുടെ കൂട്ടായ്മയ്ക്ക് വലിയൊരു വേദിയാണ്. കേരളത്തിൽ നിന്ന് അമേരിക്കയിലെത്തിയ മലയാളികൾ കാലങ്ങളായി കെട്ടിപ്പടുത്ത സാമൂഹിക ബന്ധങ്ങളുടെയും സൗഹൃദങ്ങളുടെയും കൂട്ടായ്മയുടെയും പ്രതിഫലനമാണ് ഇത്തരം സംഘടനകൾ. എന്റെ നാട്ടിൽ നിന്നുള്ള ഒരുപാട് പേർ അവിടെ സജീവമായതിനാലും, പഴയ കെ.എസ്.യു ബന്ധങ്ങളും വ്യക്തിപരമായ സൗഹൃദങ്ങളുമുള്ളതിനാലുമാണ് ഞാൻ ഫൊക്കാനാ കൺവൻഷനിൽ പങ്കെടുത്തത്. അമേരിക്കയിലെ മലയാളി സമൂഹവുമായി എനിക്ക് നേരത്തേ തന്നെ അടുത്ത ബന്ധമുണ്ട്.

ലോകത്തിന്റെ ഏത് ഭാഗത്തേക്ക് പോയാലും മലയാളികൾ അവിടെ സ്വന്തം നാടിന്റെ ഒരു ചെറിയ രൂ സിൽ സ്വീകരണം ഒരുക്കിയിരുന്നു. അതുപോലെ കാനഡയിലും മലയാളികളുടെ സജീവമായ കൂട്ടായ്മയും സാമൂഹിക ഇടപെടലുകളും കാണാൻ കഴിഞ്ഞു. ഭൂമിശാസ്ത്രപരമായി കേരളത്തിൽ നിന്ന് എത്ര അകലെയായാലും, ഭാഷയും സംസ്കാരവും സൗഹൃദവും കാത്തുസൂക്ഷിച്ച് പരസ്പരം ചേർന്നുനിൽക്കുന്ന മലയാളി സമൂഹത്തിന്റെ ശക്തിയാണ് ഇത്തരം കൂട്ടായ്മകളിലൂടെ കാണുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളികൾ സൃഷ്ടിച്ചിരിക്കുന്ന ഈ കൂട്ടായ്മകൾ കേരളവുമായുള്ള അവരുടെ ആത്മബന്ധത്തിന്റെ കൂടി തെളിവാണ്.

# ഡാളസിൽ രാജ്യാന്തര 56 ചീട്ടുകളി മത്സരം: ഒന്നാം സമ്മാനം 4500 ഡോളർ; 85–ലേറെ ടീമുകൾ പങ്കെടുക്കും

ഡാളസ്: ലോകമെമ്പാടുമുള്ള മലയാളി പ്രവാസികളുടെ ഏറ്റവും വലിയ സാംസ്കാരിക-സൗഹൃദ കൂട്ടായ്മയായ രാജ്യാന്തര 56 ചീട്ടുകളി മത്സരത്തിന്റെ 27-ാമത് എഡിഷന് ഡാളസ് വേദിയാകുന്നു. ഡാളസ് ക്രൈസ്റ്റ് ദി കിംഗ് ക്നാനായ പള്ളി പാരിഷ് ഹാളിൽ (13565 Webb Chapel Rd, Farmers) വെച്ച് സെപ്റ്റംബർ 18 മുതൽ 20 വരെയാണ് മത്സരങ്ങൾ അരങ്ങേറുന്നത്.

**മാർട്ടിൻ വിലങ്ങോലിൽ**

4500 ഡോളറിന്റെ (ഏകദേശം 3.75 ലക്ഷത്തിലേറെ രൂപ) ഒന്നാം സമ്മാനവും ആകർഷകമായ ട്രോഫിയുമാണ് വിജയികളെ കാത്തിരിക്കുന്നത്. രണ്ടാം സമ്മാനം നേടുന്ന ടീമിന് 3000 ഡോളറും മൂന്നാം സമ്മാനമായി 2250 ഡോളറും (കിയാ ഇമ്പോർട്സ് സ്പോൺസർ ചെയ്യുന്നത്) നാലാം സമ്മാനമായി 1500 ഡോളറും (ജോസഫ് മുല്ലപ്പള്ളിൽ സ്പോൺസർ ചെയ്യുന്നത്) നല്കും.

തുടക്കം 16 ടീമുകളിൽ നിന്ന്; ഇന്ന് 85-ലേറെ സംഘങ്ങൾ-1999-ൽ ഡിട്രോയിറ്റിൽ വെറും 16 ടീമുകളുമായി ആരംഭിച്ച ഈ ബൗദ്ധിക വിനോദമത്സരം, 26 വർഷങ്ങൾ പിന്നിടുമ്പോൾ 85-ലധികം ടീമുകൾ പങ്കെടുക്കുന്ന വൻ മാമാങ്കമായി വളർന്നുകഴിഞ്ഞു. അമേരിക്കയിലെ ന്യൂയോർക്ക്, ന്യൂജേഴ്സി, ചിക്കാഗോ, ഹൂസ്റ്റൺ, ഫ്ളോറിഡ, കാലിഫോർണിയ ഉൾപ്പെടെ കാനഡ, ദുബായ്, ജർമ്മനി, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ കളിക്കാരും മത്സരത്തിൽ മാറ്റുരയ്ക്കും.

യൂറോപ്യൻ ചീട്ടുകളിയായ 'യാസ്' വിഭാഗത്തിൽപ്പെടുന്നതും കേരളീയർക്കിടയിൽ ഏറെ ജനപ്രിയവുമായ 56 (അമ്പത്തിയാറ്) കളിയിലെ തന്ത്രങ്ങളും വേഗത്തിലുള്ള തീരുമാനങ്ങളും ഏകാഗ്രതയും കൊണ്ട് ശ്രദ്ധേയമായ ഒരു ബൗദ്ധിക വിനോദമാണ്. പ്രവാസി മലയാളി സംഘടനകൾ തമ്മിലുള്ള സൗഹൃദം പുതുക്കാനും ആശയവിനിമയം സാധ്യമാക്കാനുമാണ് ഈ കൂട്ടായ്മ ലക്ഷ്യമിടുന്നത്. സെപ്റ്റംബർ 17-ന് വ്യാഴാഴ്ച നടക്കുന്ന മീറ്റ് ആൻഡ് ഗ്രീറ്റ് ചടങ്ങോടെയാണ് ടൂർണമെന്റിന് ഔദ്യോഗികമായി തുടക്കമാകുന്നത്.

വളരെ എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന ഡാളസ്/ഫോർട്ട്വർത്ത്, ഡാളസ് ലവ് ഫീൽഡ് എയർപോർട്ടുകളിൽ നിന്ന് 15 മിനിറ്റ് മാത്രം അകലെയാണ് മത്സരവേദി. പങ്കെടുക്കാൻ എത്തുന്നവർക്കായി ഹോളിഡേ ഇൻ എക്സ്പ്രസ്, കാൻഡിൽവുഡ് സ്യൂട്സ്, ഹാംപ്ടൺ ഇൻ തുടങ്ങിയ ഹോട്ടലുകളിൽ സ്പെഷൽ ഡിസ്കൗണ്ട് നിരക്ക് ലഭ്യമാക്കിയിട്ടുണ്ട് എന്ന് സംഘാടക സമിതിക്കു വേണ്ടി ഷിബു ജെയിംസ് അറിയിച്ചു. ടൂർണമെന്റിലേക്കുള്ള ടീമുകളുടെ രജിസ്ട്രേഷൻ ഇപ്പോഴും തുടരുകയാണ്. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾക്ക് ഒഫീഷ്യൽ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഓർഗനൈസിംഗ് കമ്മിറ്റി ഭാരവാഹികൾ:** ഡാളസ് ടൂർണമെന്റ് കോ-ഓർഡിനേറ്റർമാർ; ഷിബു ജെയിംസ് (ടൂർണമെന്റ് കോ-ഓർഡിനേറ്റർ 469 774 3339), ഷാജി പഴുക്കായിൽ (ചെയർപേഴ്സൺ 972 768 1454).

**ദേശീയ കോ-ഓർഡിനേറ്റർമാർ:** മാത്യു ചെരുവിൽ (ചെയർപേഴ്സൺ-ഡിട്രോയിറ്റ് 586 206 6164), കുര്യൻ നെല്ലാമറ്റം (വൈസ് ചെയർമാൻ-ചിക്കാഗോ 630 664 9405), സാം ജെ. മാത്യു (കാനഡ), രാജൻ മാത്യു (ഡാളസ് 469 855 2733), നിതിൻ ഈപ്പൻ (കണക്റ്റിക്കട്ട്), സാബു സ്കറിയ (ഫിലാഡൽഫിയ).

**ദേശീയ സാങ്കേതിക വിഭാഗം കോ-ഓർഡിനേറ്റർമാർ:** ബിനോയ് ശങ്കരത്ത് (വാഷിങ്ടൺ ഡിസി-703 981 1268), ആൽവിൻ ഷിക്കോർ (ചിക്കാഗോ) 630 274 5423).

**ഗെയിം കൺട്രോൾ കമ്മീഷൻ:** ജോർജ് വന്നി നിലം (മിഷിഗൺ), കുര്യൻ തൊട്ടിച്ചിറ (ഇല്ലിനോയി), സുനിൽ നൈനാൻ (കാനഡ).

റൂൾസ് കോ-ഓർഡിനേറ്റർമാർ: മാത്യു ചെരുവിൽ (മിഷിഗൺ), സാബു സ്കറിയ (പെൻസിൽവേനിയ), ജോസഫ് മുല്ലപ്പള്ളിൽ (ഇല്ലിനോയി).

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി വെബ്സൈറ്റ് സന്ദർശിക്കുക:
www.56international.com




# നിയുക്ത ബിഷപ് തോമസ് ആനിമുട്ടിലിന് സ്നേഹനിർഭരമായ ആശംസകൾ

സീറോ മലബാർ സഭയുടെ മെത്രാൻ സിനഡിന്റെ തെരഞ്ഞെടുപ്പിനെ തുടർന്ന് മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് പ്രഖ്യാപിച്ചപ്രകാരം, കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി പ്രത്യേകിച്ച് പ്രവാസി ക്നാനായ വിശ്വാസികളുടെ ആത്മീയ ശുശ്രൂഷയ്ക്കായി നിയമിതനായ അങ്ങേക്ക് എന്റെ ഹൃദയംനിറഞ്ഞ മംഗളങ്ങൾ അർപ്പിക്കുന്നു.



എന്റെ ആത്മീയ ജീവിതത്തിന്റെ വേരുകളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒന്നായതിനാൽ ഈ നിമിഷം എന്റെ മനസ്സിൽ വലിയ സന്തോഷവും നന്ദിയും നിറയ്ക്കുന്നു. അങ്ങയുടെ ജന്മഇടവകയായ പയ്യാവൂർ സെന്റ് ആൻസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ ഞാൻ അൾത്താരബാലനായി ശുശ്രൂഷ ചെയ്തിരുന്ന കാലത്ത്, അങ്ങ് മൈനർ സെമിനാരി അവധിക്കാലത്ത് നാട്ടിലെത്തുമ്പോൾ ദൈവവചനം ഭക്തിപൂർവം വായിച്ചിരുന്നത് ഞാൻ നന്ദിയോടെ ഓർക്കുന്നു. അന്ന് വേദപീഠത്തിൽ ദൈവവചനം വായിച്ച ആ ചെറുപ്പക്കാരനായ സെമിനാരി വിദ്യാർത്ഥി ഇന്ന് ദൈവജനത്തിന്റെ ഇടയനായി ഉയർത്തപ്പെടുമ്പോൾ അത് ദൈവപരിപാലനയുടെ വലിയൊരു തെളിവായി ഞാൻ കാണുന്നു.



ജയ്മോൻ നന്തികാട്ട്

മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിലെ പരിശീലനത്തിനും മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിൽനിന്നുള്ള തിരുപ്പട്ട സ്വീകരണത്തിനും ശേഷം റോമിലും ലോസാഞ്ചലസിലുമായി നടത്തിയ ഉപരിപഠനവും തുടർന്ന് പ്രൊക്യുറേറ്റർ, ചാൻസലർ, കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ, പ്രോ-പ്രോട്ടോസിൻസെല്ലൂസ് എന്നീ നിലകളിൽ അങ്ങയുടെ സേവനങ്ങളും അങ്ങയിലെ ഇടയശ്രേഷ്ഠനെയും ഭരണപാടവത്തെയും തെളിയിക്കുന്നവയാണ്.

ലോകമെമ്പാടുമുള്ള പ്രവാസി ക്നാനായ സമുദായത്തിന് ആത്മീയനേതൃത്വം നല്കുവാൻ നിയോഗിക്കപ്പെട്ട അങ്ങയെ പരിശുദ്ധാത്മാവ് അനുഗ്രഹങ്ങളാലും ജ്ഞാനത്താലും നിറയ്ക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അങ്ങയുടെ മെത്രാൻ ശുശ്രൂഷ ക്നാനായ സമൂഹത്തിന് വലിയ ഐക്യത്തിനും വളർച്ചയ്ക്കും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാക്ഷ്യത്തിനും കാരണമാകട്ടെ.

ഈ സന്തോഷകരമായ അവസരത്തിൽ ഈ ആവശ്യം സിനഡിനും പരിശുദ്ധ പിതാവിനും മുമ്പാകെ സമർപ്പിച്ച മാർ മാത്യു മൂലക്കാട്ട് പിതാവിനും മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിനും ഗീവർഗീസ് മാർ അപ്രേം പിതാവിനും എന്റെ കൃതജ്ഞത അറിയിക്കുന്നു.

**പ്രാർത്ഥനാപൂർവമായ ആശംസകളോടെ:**

**ജയ്മോൻ നന്തികാട്ട്, സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് പാരിഷ്, ബെൻസൻവിൽ (ചിക്കാഗോ), ഇല്ലിനോയി, യുഎസ്എ.**

# വൈദ്യുതി നിരക്ക് പരിഷ്കരണം; നിയന്ത്രണചട്ടത്തിന്റെ കരടായി

തിരുവനന്തപുരം: അടുത്ത അഞ്ച് വർഷത്തേക്കുള്ള വൈദ്യുതിനിരക്കു പരിഷ്കരണം സംബന്ധിച്ച മാർഗനിർദേശങ്ങളടങ്ങിയ നിയന്ത്രണചട്ടത്തിന്റെ കരട് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചു. 2027 ഏപ്രിൽ ഒന്ന് മുതൽ 2032 മാർച്ച് 31 വരെ ഈടാക്കേണ്ട വൈദ്യുതിരക്കു സംബന്ധിച്ച് കെഎസ്ഇബി അപേക്ഷ തയാറാക്കുന്നത് ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്. ജനങ്ങളുടെ അഭിപ്രായം കേട്ടശേഷം അന്തിമ റഗുലേഷൻ പ്രസിദ്ധീകരിക്കുന്നതോടെ നിരക്കു പരിഷ്കരണത്തിലേക്കു കടക്കും. കരട് ചട്ടപ്രകാരം റഗുലേറ്ററി കമ്മീഷൻ കെഎസ്ഇബിയോട് ശിപാർശ സമർപ്പിക്കാൻ നിർദേശിച്ചിരിക്കുന്ന വിഷയങ്ങളും പ്രധാന മാറ്റങ്ങളും ചുവടെ:

ഗാർഹിക വൈദ്യുതി ഉപയോക്താക്കളുടെ വൈദ്യുതി ബില്ലിൽ ഈടാക്കുന്ന ഫിക്സഡ് ചാർജ് നിലവിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവനുസരിച്ച് പല സ്ലാബുകളായാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനു പകരം ഉപയോക്താവിന്റെ ആകെ വൈദ്യുതി ആവശ്യത്തിന്റെയോ (കണക്ടഡ് ലോഡ്) രേഖപ്പെടുത്തിയ ഉയർന്ന വൈദ്യുതി ആവശ്യത്തിന്റെയോ അടിസ്ഥാനത്തിൽ ഇതു ക്രമീകരിക്കാം. അപ്പോൾ ഒരു കിലോവാട്ടിന് നിശ്ചിത നിരക്ക് എന്ന രീതിയിലാകും ഫിക്സഡ് ചാർജ്.

ടൈം ഓഫ് ഡേ (ടിഒഡി) മീറ്ററിങ് ഉള്ള ഉപയോക്താക്കൾക്ക് പകൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്കിൽ ഇളവു നൽകാം. പീക്ക് സമയത്തെ വൈദ്യുതി ഉപയോഗത്തിന് നിരക്ക് വർധിപ്പിക്കാം.

2024 വരെ കെഎസ്ഇബിക്ക് താരിഫിലൂടെ തിരിച്ചുപിടിക്കാൻ കഴിയാതെ വന്ന നഷ്ടം 2031 മാർച്ച് 31-ന് മുൻപ് ഈടാക്കണമെന്നു സുപ്രീം കോടതി ഉത്തരവുണ്ട്. ഈ തുക 2027 ഏപ്രിലിനും 2031 മാർച്ചിനും ഇടയിൽ തുല്യതവണകളായി ഈടാക്കാനുള്ള നിർദേശം സമർപ്പിക്കാൻ കെഎസ്ഇബിക്കു നിർദേശമുണ്ട്. ഇതു തിരിച്ചുപിടിക്കുമ്പോൾ യൂണിറ്റിന് ഒരു രൂപയോളം കൂടിയേക്കും.

വ്യവസായങ്ങളുടെ വിഭാഗത്തിലുള്ള എച്ച്ടി, ഇഎച്ച്ടി ഉപയോക്താക്കൾക്ക് പവർ ഫാക്ടറിന്റെ അടിസ്ഥാനത്തിലുള്ള വ്യത്യസ്ത ബില്ലിങ് നൽകുന്നത് ഏകീകരിക്കാൻ നടപടി.

കെഎസ്ഇബിക്ക് ഓരോ മാസവും വൈദ്യുതി വാങ്ങുന്നതിനുണ്ടാകുന്ന അധികച്ചെലവ് ഇന്ധന സർചാർജ് ആയി അടുത്ത മാസത്തെ ബില്ലിലൂടെ ഈടാക്കാം. ഇതിന്റെ കണക്കുകൾ പിന്നീട് റഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് ക്രമീകരിക്കും. ഒരു കിലോവാട്ട് വരെ കണക്ടഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റ് മാത്രം വൈദ്യുതി ഉപയോഗിക്കുന്നതുമായ ഉപഭോക്താക്കളെ ഒഴിവാക്കും. സ്വന്തം നിലയിൽ ബാറ്ററി സ്റ്റോറേജ് സംവിധാനം സ്ഥാപിച്ചിട്ടുള്ളവർക്ക് പീക്ക് സമയത്തു പ്രത്യേക നിരക്ക് ഈടാക്കുന്നതിന് ശിപാർശ നൽകാം.

# ഗീതാമണ്ഡലത്തിൽ പ്രൗഢഗംഭീരമായി തിരുവോണം ആഘോഷിച്ചു






ആനന്ദ് പ്രഭാകർ

ചിക്കാഗോ: ആഹ്ലാദത്തിന്റെയും ആർപ്പുവിളികളുടെയും ഗതകാലസ്മരണകൾ ചിക്കാഗോ മലയാളികളുടെ മുകുരങ്ങളിൽ പകർന്നുകൊണ്ട് ചിക്കാഗോ ഗീതാമണ്ഡലത്തിൽ 2026-ലെ തിരുവോണം അതിവിപുലമായി ആഘോഷിച്ചു. ഊഞ്ഞാലും ഓണക്കളികളും ഓണപാട്ടുകളും പൂക്കളവും പൂവിളികളുമായി കേരളത്തിന്റെ തനിമയും പാരമ്പര്യവും നിലനിർത്തി ഏഴാം കടലിനക്കരെ ഗീതാമണ്ഡലം തറവാട്ടു മുറ്റത്ത് നൂറുകണക്കിന് കുടുംബാംഗങ്ങൾ ഒരുമിച്ച് തിരുവോണം ആഘോഷിച്ചു.

അമേരിക്കയിലെ തന്നെ ഏറ്റവും മനോഹരവും ഐശ്വര്യപൂർണ്ണവുമായ ഓണപ്പൂക്കളങ്ങളിലൊന്നായി മാറിയ മഹാലക്ഷ്മിയുടെ താമരയെ ആസ്പദമാക്കിയുള്ള മനോഹരമായ പൂക്കളമാണ് ഈ വർഷം ഗീതാമണ്ഡലം അങ്കണത്തിൽ ഒരുക്കിയത്. രേഷ്മി മേനോന്റെ നേതൃത്വത്തിലുള്ള ഗീതാമണ്ഡലം വനിതാ വിഭാഗമാണ് പൂക്കളം ഒരുക്കിയത്. 2026-ലെ ഓണാഘോഷങ്ങൾക്ക് മേൽശാന്തി കൃഷ്ണൻ ചെങ്ങണാംപറമ്പിലിന്റെ കാർമ്മികത്വത്തിൽ രാവിലെ കൃത്യം ഒൻപത് മണിക്ക് ഗണപതി പൂജയോടെ തുടക്കമായി. തുടർന്ന് നാരായണമന്ത്രധ്വനികൾ മുഴങ്ങിയ ശുഭമുഹൂർത്തത്തിൽ തൃക്കാക്കരയപ്പനെ ഗീതാമണ്ഡലം തറവാട്ടിലേക്ക് ആനയിച്ചു. തുടർന്ന് തറവാട്ട് മുറ്റത്ത് ഭഗവാൻ വാമനന് വിശേഷാൽ പൂജ, വാമനാവതാര പാരായണം, അഷ്ടോത്തര അർച്ചന, നൈവേദ്യ സമർപ്പണം, പുഷ്പാഭിഷേകം എന്നിവ ഭക്തിപൂർവം നടത്തി. തുടർന്ന് പാർവതി നായരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച മനോഹരമായ കൈകൊട്ടിക്കളി ഓണാഘോഷത്തിന് കൂടുതൽ മിഴിവേകി. ചിട്ടയായ ചുവടുകളും താളാത്മകമായ കൈകൊട്ടലും നിറഞ്ഞ ഈ അവതരണം ചിക്കാഗോ മലയാളി സമൂഹത്തിന്റെ ഓർമ്മയിൽ എന്നും സൂക്ഷിക്കാവുന്ന മധുരതരമായ അനുഭവമായി മാറി.

ഇതോടൊപ്പം ചിക്കാഗോയിലെയും സമീപപ്രദേശങ്ങളിലെയും പ്രതിഭാധനരായ കലാകാരന്മാർ അവതരിപ്പിച്ച വിവിധ കലാപരിപാടികളും അരങ്ങേറി. സംഗീതം, നൃത്തം മറ്റ് കലാവിരുന്നുകൾ എന്നിവകൊണ്ട് സമ്പന്നമായ ഈ കലാപരിപാടികൾ ഓണാഘോഷത്തിന് കൂടുതൽ വർണവും വൈവിധ്യവും പകർന്നു. കുട്ടികളും മുതിർന്നവരും ഉൾപ്പെടെ നിരവധി കലാകാരന്മാരുടെ മികച്ച പ്രകടനങ്ങൾ സദസ്സിന്റെ ഹൃദയപൂർവ്വമായ അഭിനന്ദനം ഏറ്റുവാങ്ങി.

കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലെ ഓണാചാരങ്ങളും ആഘോഷരീതികളും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനായി പ്രത്യേക പരിപാടിയും സംഘടിപ്പിച്ചു. വടക്കൻ മലബാറിലെ ഓണവിശേഷങ്ങൾ ശ്രീമതി ഉമാ രാജയും തെക്കൻ തിരുവിതാംകൂറിലെ ഓണവിശേഷങ്ങൾ ശ്രീമതി ഇന്ദു നായരും മധ്യകേരളത്തിലെ ഓണവിശേഷങ്ങൾ ശ്രീമതി ലക്ഷ്മിയും കുട്ടികൾക്കും മുതിർന്നവർക്കുമായി പങ്കുവെച്ചു. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലെ ഓണപാരമ്പര്യങ്ങളുടെ വൈവിധ്യം ഈ പരിപാടിയിലൂടെ മനോഹരമായി അവതരിപ്പിക്കപ്പെട്ടു. തുടർന്ന് പ്രജീഷിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണക്കളികൾ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആവേശം പകർന്നു. കുട്ടികളുടെ ആവേശഭരിതമായ ഊഞ്ഞാലാട്ടവും വിവിധ മത്സരങ്ങളും ഗൃഹാതുരത്വം നിറഞ്ഞ മലയാളിയുടെ കുട്ടിക്കാലത്തിലേക്കുള്ള ഒരു മധുരമാർന്ന മടക്കയാത്രയായി.

കുബേരനും കുചേലനും എന്ന വ്യത്യാസമില്ലാതെ ജാതിമത ഭേദമെന്യേ ആബാലവൃദ്ധം ജനങ്ങൾക്കും ഒരുപോലെ പ്രിയങ്കരമാണ് ഓണവും ഓണസദ്യയും. കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുവാനും പരസ്പര സ്നേഹവും സൗഹൃദവും പങ്കുവെക്കാനുമുള്ള അവസരം കൂടിയാണ് ഓണം. ഷഡ്രസപ്രധാനമായ സമൃദ്ധമായ ഓണസദ്യയിൽ മധുരം, എരിവ്, ഉപ്പ്, കയ്പ്, ചവർപ്പ്, പുളി എന്നീ ആറ് രസങ്ങളും സമന്വയിപ്പിച്ച് ഒരുക്കിയ വിഭവസമൃദ്ധമായ സദ്യ കുടുംബാംഗങ്ങൾക്ക് സ്നേഹപൂർവം വിളമ്പി. കഴിഞ്ഞ രണ്ടു മാസക്കാലമായി ഗീതാമണ്ഡലത്തിന്റെ ഓണാഘോഷം വൻ വിജയമാക്കുന്നതിനായി അക്ഷീണം പ്രവർത്തിച്ച ബൈജു മേനോനെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെയും മറ്റു പ്രവർത്തകരെയും പ്രസിഡണ്ട് അപ്പുക്കുട്ടൻ മുക്തകണ്ഠം പ്രശസിച്ചു. ഇത്തരത്തിലുള്ള അർപ്പണബോധമുള്ള നേതൃത്വത്തിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമാണ് ഒരു സംഘടനയെ ഉയരങ്ങളിലേക്ക് നയിക്കുന്നതെന്ന് ഡോ. വിശ്വനാഥ് അഭിപ്രായപ്പെട്ടു.

ഭൂതകാലത്തെയും വർത്തമാനകാലത്തെയും ഭാവികാലത്തെയും കൂട്ടിയിണക്കുന്ന കണ്ണിയാണ് തിരുവോണം. അത് വെറുമൊരു ആഘോഷമായി ഒതുങ്ങരുതെന്നും ഓണത്തിന്റെ യഥാർത്ഥ സന്ദേശം നമ്മിലെ 'ഞാൻ' എന്ന അഹംഭാവത്തെ ഇല്ലാതാക്കി സ്നേഹത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം ഉൾക്കൊള്ളുകയാണെന്നും ഗീതാമണ്ഡലം അദ്ധ്യക്ഷൻ ശേഖരൻ അപ്പുക്കുട്ടൻ തന്റെ സന്ദേശത്തിൽ പറഞ്ഞു.

2026-ലെ ഗീതാമണ്ഡലം ഓണം വൻ വിജയമാക്കാൻ സഹായിച്ചത് ഗീതാമണ്ഡലം കുടുംബാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണവും കമ്മിറ്റി അംഗങ്ങളുടെയും പ്രവർത്തകരുടെയും കൂട്ടായ പരിശ്രമവുമാണെന്ന് ബൈജു മോനോൻ പറഞ്ഞു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും ഗീതാമണ്ഡലത്തിന്റെ പേരിൽ ശേഖരൻ അപ്പുക്കുട്ടൻ ഹൃദയംനിറഞ്ഞ ഓണാശംസകൾ നേർന്നു. കേരളത്തിന്റെ ഓർമ്മകളും പാരമ്പര്യവും സംസ്കാരവും സ്നേഹവും ഒരുമയും കലാവിരുന്നുകളും ഒത്തുചേർന്ന ഈ തിരുവോണാഘോഷം ഏഴാംകടലിനക്കരെയുള്ള ചിക്കാഗോ മലയാളികൾക്ക് ഒരു ഓണം മാത്രമായിരുന്നില്ല, സ്വന്തം നാടിന്റെ തറവാട്ടുമുറ്റത്തേക്ക് തിരിച്ചെത്തിയതു പോലുള്ള ഒരു ഹൃദയസ്പർശിയായ അനുഭവം കൂടിയായിരുന്നു.
























# പന്ത്രണ്ടാമത് ചിക്കാഗോ അന്താരാഷ്ട്ര വടംവലി ടൂർണമെന്റ്: അൻസിബ ഹസ്സനും സുധീഷ് ശശികുമാറും മുഖ്യാതിഥികൾ

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലിയിൽ പ്രമുഖ സിനിമാനടി അൻസിബാ ഹസ്സനും ഗായകൻ സുധീഷ് ശശികുമാറും മുഖ്യാതിഥികളായി പങ്കെടുക്കും.

ദൃശ്യം അടക്കം നിരവധി തെന്നിന്ത്യൻ സിനിമകളിലെ അവിഭാജ്യ ഘടകമായി പേരെടുത്ത അൻസിബ ചിക്കാഗോയിലേക്ക് ഈ കായിക മാമാങ്കത്തിൽ പങ്കെടുക്കുവാനായി എത്തുന്നത് ഏറെ താല്പര്യത്തോടെയാണ് വടംവലി പ്രേമികളും സിനിമാ ആരാധകരും നോക്കി കാണുന്നത്. അതോടൊപ്പം നിരവധി സിനിമകളിലും സ്റ്റേജുകളിലും പ്രമുഖ ഗായകർക്കൊപ്പം ഗാനങ്ങൾ ആലപിച്ചിട്ടുള്ള സുധീഷ് ശശികുമാർ കൂടി എത്തുന്നതോടെ വടംവലി മത്സരങ്ങൾ ആഘോഷങ്ങളുടെ കൂടി വേദിയാകും.

സെപ്റ്റംബർ 6-ന് ഞായറാഴ്ച ചിക്കാഗോ നഗരത്തിന്റെ പ്രാന്തപ്രദേശമായ ബെൻസൺവില്ലിലെ എനർജി എൻഡോർ സ്പോർട്സ് കോംപ്ലക്സിലാണ് വടംവലി നടത്തപ്പെടുക.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 16 ടീമുകൾ ഇത്തവണത്തെ വടംവലി മത്സരത്തിൽ പങ്കെടുക്കുവാൻ എത്തുമെന്ന് ഇതിനകം തന്നെ അറിയിച്ചിട്ടുണ്ട്.

ലോകത്തിലെ തന്നെ ഏറ്റവും വലിയ സമ്മാനത്തുക നല്കപ്പെടുന്ന ചിക്കാഗോ അന്താരാഷ്ട്ര വടംവലിയിൽ പങ്കെടുക്കുവാനായി നോർത്ത് അമേരിക്കയിലെ വിവിധ നഗരങ്ങളിൽ നിന്നും വടംവലി പ്രേമികൾ ചിക്കാഗോയിലേക്ക് ഒഴുകിയെത്തുമെന്ന് ഉറപ്പായിട്ടുണ്ട്.

വടംവലി മത്സരം കാണികളിലേക്ക് ഒരു നവ്യാനുഭവമായി എത്തിക്കുവാനായി വിപുലമായ തയ്യാറെടുപ്പുകളാണ് നടത്തിവരുന്നത്.

വിപുലമായ പാർക്കിങ് സൗകര്യങ്ങളും വിശാലമായ ഇൻഡോർ സ്റ്റേഡിയവും മികച്ച ഓഡിയോ വിഷ്വൽ സംവിധാനങ്ങളും സ്വാദിഷ്ടമായ ഭക്ഷണ സൗകര്യങ്ങളുമൊക്കെയായി തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നതായി സംഘാടക സമിതിക്കു വേണ്ടി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു.




## കാൻസറിനോട് പോരാട്ടം നടത്തി ലെന 17–ാം വയസിൽ വിടവാങ്ങി

**പ്രസാദ് തീയാടിക്കൽ**

റാന്നി: കാൻസറിനോട് ധീരമായി പോരാടുന്നതിനിടയിലും പഠനത്തിൽ മികവ് തെളിയിച്ച 17 വയസുകാരി ലെനയുടെ അകാല വിയോഗം നാടിനെ ദുഃഖത്തിലാഴ്ത്തി. കീക്കൊഴൂർ ഉതിമൂട് കുളങ്ങര വീട്ടിൽ ജോജി-ജിജി ദമ്പതികളുടെ മകൾ ലെന (17) ആണ് അന്തരിച്ചത്.



കാൻസർ ബാധയെത്തുടർന്ന് ചികിത്സയിലായിരുന്ന ലെന മജ്ജ മാറ്റിവെക്കൽ ചികിത്സയ്ക്കും വിധേയയായിരുന്നു. ചികിത്സ തുടരുന്നതിനിടെയാണ് അന്ത്യം സംഭവിച്ചത്.

രോഗത്തിന്റെ വേദനകൾക്കിടയിലും പഠനം കൈവിടാതിരുന്ന ലെന എസ്എസ്എൽസി പരീക്ഷ എഴുതി ഉയർന്ന മാർക്കോടെ വിജയിച്ചിരുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് പുലർത്തിയിരുന്ന ലെന അദ്ധ്യാപകർക്കും സഹപാഠികൾക്കും ഏറെ പ്രിയങ്കരിയായിരുന്നു.

ലെനയുടെ അകാല വിയോഗം കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും അദ്ധ്യാപകരെയും സഹപാഠികളെയും നാട്ടുകാരെയും തീരാദുഃഖത്തിലാഴ്ത്തി.

## ഫാ. തോമസ് ആനിമൂട്ടിൽ കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാൻ

(ഒന്നാം പേജിൽ നിന്നും)

ജനനം: 1962 ജനുവരി 13-ന് കണ്ണൂർ പയ്യാവൂരിൽ ജനിച്ചു. പൗരോഹിത്യം: 1989 ഏപ്രിൽ 13-ന് വൈദികനായി അഭിഷിക്തനായി. വിദ്യാഭ്യാസം: പയ്യാവൂരിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മൈസൂരിൽ നിന്ന് സർവകലാശാലാ പഠനം പൂർത്തിയാക്കി. കോട്ടയം സെന്റ് സ്റ്റാനിസ്ലാവൂസ് മൈനർ സെമിനാരിയിൽ വൈദികപഠനം ആരംഭിച്ചു.



തുടർന്ന് മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി. റോമിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഹോളി ക്രോസിൽ നിന്ന് കാനോൻ നിയമത്തിൽ ലൈസൻഷ്യേറ്റ് ബിരുദം കരസ്ഥമാക്കി.

യൂറോപ്പ്/അമേരിക്കൻ സേവനം: 2003 മുതൽ 2008 വരെ അമേരിക്കയിലെ ലോസാഞ്ചലസ്, ന്യൂയോർക്ക്, ന്യൂജേഴ്സി (കാർട്ടറെറ്റ്) തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ പാസ്റ്ററൽ ശുശ്രൂഷകൾ നിർവഹിച്ചിട്ടുണ്ട്. പുളിഞ്ഞാൽ ഇടവക വികാരി, മെത്രാന്റെ സെക്രട്ടറി, ഉഴവൂർ, കടുത്തുരുത്തി ഫൊറോനകളുടെ വികാരി, കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യയുടെ എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

വയനാട് പുളിഞ്ഞാൽ ക്രിസ്തുരാജ പള്ളി, ശ്രീപുരം സെന്റ് മേരീസ് പള്ളി, ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോന പള്ളി, കടുത്തുരുത്തി വലിയ പള്ളി എന്നിവിടങ്ങളിൽ വികാരി, വിവിധ സ്കൂളുകളിൽ മാനേജർ, കോട്ടയം ക്രിസ്തുരാജ കത്തീഡ്രൽ അഡ്മിനിസ്ട്രേറ്റർ, കണ്ണൂർ പാസ്റ്ററൽ സെന്റർ ഡയറക്ടർ, മലബാർ റീജൺ പ്രൊക്യൂറേറ്റർ, അതിരൂപത ട്രൈബ്യൂണൽ ജഡ്ജി, കോട്ടയം അതിരൂപത ചാൻസലർ, മാർ കുര്യാക്കോസ് കുന്നശേരിയുടെ സെക്രട്ടറി എന്നിങ്ങനെ നിരവധി പദവികൾ വഹിച്ചു.

അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് കലിഫോർണിയ ലോസ് ആഞ്ചലസ് (യുസിഎൽഎ) നിന്ന് ക്ലിനിക്കൽ പാസ്റ്ററൽ എഡ്യൂക്കേഷൻ പൂർത്തിയാക്കി. അമേരിക്കയിൽ ക്നാനായ കാത്തലിക് മിഷൻ ഡയറക്ടറായും ക്നാനായ കാത്തലിക് കോൺഗ്രസിന്റെ സ്പിരിചൽ ഡയറക്ടറായും ശുശ്രൂഷ ചെയ്തു.





വാഴ്ത്തപ്പെട്ട മാർ മാത്യു മാക്കീൽ, ദൈവദാസൻ ഫാ. തോമസ് പൂതത്തിൽ എന്നിവരുടെ നാമകരണ നടപടികളുടെ പ്രൊമോട്ടർ, കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ആത്മീയ ഉപദേശകൻ, കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി, ഇടുക്കി ഗ്രീൻവാലി ഡവലപ്മെന്റ് സൊസൈറ്റി എന്നിവയുടെ പ്രസിഡണ്ട് എന്നീചുമതലകളും വഹിക്കുന്നു. മലയാളവും ഇംഗ്ലീഷും കൂടാതെ ഇറ്റാലിയൻ, ജർമൻ ഭാഷകളും കൈകാര്യം ചെയ്യാനറിയാം. ഏലിയാമ്മ, ചാക്കോ, മാത്യു, ബേബി, ലൈസാമ്മ, പരേതനായ ഫിലിപ്പ് എന്നിവരാണ് നിയുക്ത ബിഷപ്പിന്റെ സഹോദരങ്ങൾ.

# ഹാനോവർ ബാങ്ക് ഡയറക്ടർ വർക്കി ഏബ്രഹാമിന് ഫൊക്കാനയുടെ ബിസിനസ്സ് ശ്രേഷ്ഠത പുരസ്കാരം

സാജ് കാവിന്റരികത്ത്

പെൻസിൽവേനിയ: പ്രവാസി മലയാളി സമൂഹത്തിന് അഭിമാനമായി വർക്കി ഏബ്രഹാം ഫൊക്കാനയുടെ ബിസിനസ്സ് ശ്രേഷ്ഠ പുരസ്കാരത്തിന് അർഹനായി.

എസ്ബിഎ (സ്മോൾ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ) പ്രോഗ്രാമുകളിലൂടെയും വിവിധ വാണിജ്യ വായ്പാ പദ്ധതികളിലൂടെയും കുടിയേറ്റക്കാരായ ചെറുകിട മലയാളി സംരംഭകർക്ക് സാമ്പത്തിക പിന്തുണയും വളർച്ചയ്ക്കാവശ്യമായ അവസരങ്ങളും ഒരുക്കുന്നതിൽ ഹാനോവർ ബാങ്ക് ശ്രദ്ധേയമായ പങ്കാണ് വഹിക്കുന്നത്. പുതിയ സംരംഭങ്ങൾ ആരംഭിക്കാനും നിലവിലുള്ള ബിസിനസ്സുകൾ വികസിപ്പിക്കാനും മലയാളി സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ നല്കുന്നതിലൂടെ അമേരിക്കൻ സംരംഭകത്വ രംഗത്ത് അവരുടെ വളർച്ചയ്ക്ക് ഹാനോവർ ബാങ്ക് ശക്തമായ താങ്ങായി മാറുന്നു. ചെറുകിട മലയാളി സംരംഭകർക്ക് നല്കുന്ന സംഭാവനകളെ മാനിച്ചാണ് ബിസിനസ്സ് ശ്രേഷ്ഠത പുരസ്കാരത്തിന് അർഹനായത്.

പരമ്പരാഗത തൊഴിൽ മേഖലകളുടെ അതിരുകൾ മറികടന്ന് അമേരിക്കൻ മെയിൻസ്ട്രീം ധനകാര്യ സ്ഥാപനങ്ങളുടെ ഉന്നത നേതൃത്വനിരയിലേക്ക് ഉയരാൻ സാധിക്കുമെന്ന് വർക്കി ഏബ്രഹാമിന്റെ വിജയഗാഥ തെളിയിക്കുന്നു. റീട്ടെയിൽ, മാനുഫാക്ചറിംഗ്, റിയൽ എസ്റ്റേറ്റ്, മാധ്യമരംഗം തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ അദ്ദേഹം നല്കിയ ശ്രദ്ധേയമായ സംഭാവനകൾ സംരംഭകത്വത്തിന്റെ പുതിയ മാതൃക സൃഷ്ടിക്കുന്നു. അദ്ദേഹത്തിന്റെ നേട്ടങ്ങളും ദർശനവും പുതിയ തലമുറയിലെ മലയാളി യുവാക്കൾക്ക് പ്രചോദനവും വഴികാട്ടിയുമാണ്.

അമേരിക്കൻ വാണിജ്യ-ധനകാര്യ രംഗത്തെ പ്രമുഖ സ്ഥാപനമായ, ഇന്ന് NASDAQ-ൽ ലിസ്റ്റ് ചെയ്തിരിക്കുന്നതും ഏകദേശം 2.5 ബില്യൺ ഡോളർ ആസ്തിയുള്ളതുമായ ഹാനോവർ ബാങ്കിന്റെ (ഹാനോവർ കമ്യൂണിറ്റി ബാങ്ക്) സ്ഥാപക ഡയറക്ടർമാരിൽ ഒരാളായ വർക്കി ഏബ്രഹാമിന്റെ വിജയം പ്രവാസി മലയാളി സമൂഹത്തിനാകെ വൻ അഭിമാനമായി മാറുന്നു.

അമേരിക്കയിലെ Eric's Shoe Stores ശൃംഖല, Abraham and Sons Leather Company, VA Smith Shoe Company International എന്നിവയുടെ ഉടമയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ അദ്ദേഹം റിയൽ എസ്റ്റേറ്റ് നിക്ഷേപകനായും പ്രവാസി ടെലിവിഷൻ ചാനൽ ചെയർമാനായും കഴിവ് തെളിയിച്ചിട്ടുള്ള മികച്ചൊരു സംരംഭകനാണ്. ഇൻഡോ-അമേരിക്കൻ മല



യാളി ചേംബർ ഓഫ് കൊമേഴ്സിന്റെ പ്രസിഡണ്ടായി രണ്ട് തവണയും സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് സഭാ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം അമേരിക്കൻ ദക്ഷിണേഷ്യൻ സമൂഹത്തിലെ കരുത്തുറ്റ സാന്നിദ്ധ്യമാണ്.

കലഹാരിയിലെ ചരിത്ര സാംസ്കാരിക കൂട്ടായ്മയും നിർണ്ണായക പിന്തുണയും: പെൻസിൽവേനിയയിലെ കലഹാരി റിസോർട്ടിൽ വെച്ച് ചെണ്ടമേളവും മോഹിനിയാട്ടവും ഒന്നിപ്പിച്ചുകൊണ്ട് ആയിരത്തിലധികം കലാകാരന്മാരെ അണിനിരത്തി ഫൊക്കാന തീർത്ത വിസ്മയം പ്രവാസി മലയാളികളുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മകളിലൊന്നായിരുന്നു. നമ്മുടെ പരമ്പരാഗത കലകളെയും സംസ്കാരത്തെയും വിദേശമണ്ണിൽ ഏകോപിപ്പിക്കുക എന്ന വലിയ ഉത്തരവാദിത്വം ഫൊക്കാന ഏറ്റെടുത്തപ്പോൾ അതിനു പിന്നിലെ വർക്കി ഏബ്രഹാമിന്റെ സപ്പോർട്ട് വളരെ വലുതായിരുന്നു.

തനിക്ക് ലഭിച്ച ഉന്നത പദവികളും സാമ്പത്തിക സുരക്ഷിതത്വവും സമൂഹത്തിന്റെ പൊതുനന്മയ്ക്കായി കൃത്യസമയത്ത് വിനിയോഗിക്കാൻ അദ്ദേഹം മടിച്ചില്ല. ഡോ. സജിമോൻ ആന്റണിയുടെ നേതൃത്വവും സുതാര്യമായ രീതിയും വർക്കി ഏബ്രഹാമിന്റെ പ്രശംസയ്ക്കും പാത്രമായിട്ടുണ്ട്.

ബാങ്കിംഗ് മേഖലയിലെ തന്റെ സ്ഥാനത്തിൽ മാത്രം ഒതുക്കാതെ കലയും സംസ്കാരവും കോർത്തിണക്കി വലിയ ഉത്തരവാദിത്വം ചുമന്ന ഫൊക്കാനയ്ക്ക് ശക്തമായ തണലൊരുക്കാൻ വർക്കി ഏബ്രഹാമിനെപ്പോലൊരു ബാങ്കിംഗ് പ്രമുഖൻ എത്തിയത് ഈ കൂട്ടായ്മയ്ക്കുള്ള വലിയൊരു അംഗീകാരമാണ്. കലഹാരിയിലെ ചരിത്ര നേട്ടത്തിനു പിന്നിൽ ഫൊക്കാന കൈകോർത്തപ്പോൾ, ഏറ്റവും ആവശ്യമായ സമയത്ത് തോൾ ചേർന്നുനിന്ന വർക്കി ഏബ്രഹാമിന്റെ പങ്കാളിത്തം പ്രവാസി മലയാളി സമൂഹത്തിന് വലിയൊരു പ്രചോദനമാണ്.

# ജോളി തടത്തിൽ വേൾഡ് മലയാളി ഗ്ലോബൽ പ്രസിഡണ്ട്

ഡാളസ്: വേൾഡ് മലയാളി കൗൺസിലിന്റെ പുതിയ ഗ്ലോബൽ പ്രസിഡണ്ടായി നിലവിലെ യൂറോപ്യൻ റീജിയൻ ചെയർമാനും മുതിർന്ന നേതാവുമായ ജോളി തടത്തിൽ (ജർമനി) ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. ഡാളസിലെ വേൾഡ് മലയാളി കൗൺസിലിന്റെ 15-ാമത് ഗ്ലോബൽ കോൺഫറൻസിൽ വെച്ചായിരുന്നു തെരഞ്ഞെ



ടുപ്പ്. ലോകമലയാളികളെ ഒരുമിപ്പിക്കുന്നതിനായി 1995 ജൂലൈ 3-ന് ന്യൂജേഴ്സിയിൽ രൂപംകൊണ്ട വേൾഡ് മലയാളി കൗൺസിൽ 30-ാം വാർഷികം ആഘോഷിക്കുന്ന വേളയിലുള്ള ഈ സ്ഥാനലബ്ധി ഏറെ സന്തോഷകരവും തന്റെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതുമാണെന്ന് ജോളി തടത്തിൽ പറഞ്ഞു.

കൗൺസിലിന്റെ യൂറോപ്പ് റീജിയൻ പ്രസിഡണ്ട്, ചെയർമാൻ എന്നീ നിലകളിൽ തിളക്കമാർന്ന സേവനം കാഴ്ചവെച്ച അദ്ദേഹം 2002-ൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, എം.എ. ബേബി, പി.ജെ. ജോസഫ്, എം.എം. ഹസൻ, ജിജി തോംസൺ ഐഎഎസ് തുടങ്ങിയ രാഷ്ട്രീയ വ്യക്തിത്വങ്ങളും കലാ-സാംസ്കാരിക-സാഹിത്യ പ്രതിഭകളും ഉൾപ്പെടെ ആയിരത്തിലധികം പേരെ പങ്കെടുപ്പിച്ചു നടത്തിയ ഗ്ലോബൽ കോൺഫറൻസിനു നേതൃത്വം നല്കി. 2006-ൽ എറണാകുളം ടൗൺ ഹാളിൽ 25 ഭിന്നശേഷിക്കാർക്ക് വീൽ ചെയറുകളും മറ്റും നല്കിയ സമ്മേളനത്തിന്റെ ജനറൽ കൺവീനറായിരുന്നു ജോളി തടത്തിൽ.

യൂറോപ്പ് റീജിയന്റെ പ്രസിഡണ്ടായിരിക്കെ കൊച്ചി ഗോകുലം പാർക്കിൽ സംസ്ഥാന മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത കോൺഫറൻസിൽ നിർദ്ധനർക്കുള്ള 5 വീടുകളുടെ താക്കോൽ നല്കി. കൗൺസിലിന്റെ ഭവനപദ്ധതി ഉൾപ്പെടെയുള്ള ചാരിറ്റി പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിൽ റീജിയൺ ഗ്ലോബൽ തലങ്ങളിൽ ജോളി തടത്തിൽ സജീവമാണ്. നോർക്ക രൂപീകരിക്കുന്നതിനായുള്ള ശ്രമങ്ങളിൽ ജോളി തടത്തിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

1991-ൽ ജർമനിയിലെത്തിയ ജോളി തടത്തിൽ മൂവാറ്റുപുഴ തോട്ടക്കര സ്വദേശിയാണ്. എം.എസ്സി കരസ്ഥമാക്കിയ ശേഷം ഫെഡറൽ ബാങ്കിൽ ജോലി ചെയ്യുന്നതിനിടെയാണ് ഇദ്ദേഹം ജർമനിയിലേക്ക് കുടിയേറിയത്. അവിടെനിന്ന് ഹോസ്പിറ്റൽ മാനേജ്മെന്റിൽ ബിരുദം സമ്പാദിച്ചു. ഹോം കെയർ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജോളി തടത്തിൽ പത്ത് ഓൾഡ് ഏജ് ഹോമുകളുടെ സാരഥ്യം വഹിക്കുന്നു. ഈസ്റ്റ്വെസ്റ്റ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ നാട്ടിൽ നിന്നുള്ള ഈസ്റ്റേൺ, വിശ്വാസ്, മലബാർ ചോയ്സ്, ഡബിൾ ഹോഴ്സ്, സാറാസ് തുടങ്ങിയ കമ്പനികളുടെ കറിപൗഡറുകളുടെയും മറ്റും യൂറോപ്പിലെ അംഗീകൃത വിതരണ ഏജൻസിയും ജോളി തടത്തിലിനുണ്ട്. നേഴ്സ് ഡയറക്ടറായ മേഴ്സി തടത്തിലാണ് ജോളിയുടെ ഭാര്യ. നിക്കോൾ, നെൽസൺ, നാൻസി എന്നിവർ മക്കൾ. ഇതിൽ നിക്കോൾ 'അങ്ങനെയൊരു അവധിക്കാലത്ത്' എന്ന ചലച്ചിത്രത്തിൽ നെടുമുടി വേണുവിന്റെ മകളായി ശ്രദ്ധേയമായ വേഷം ചെയ്തു. നാൻസി 'കടൽ കടന്ന മാത്തുക്കുട്ടി' എന്ന സിനിമയിൽ മമ്മൂട്ടിയുടെ മകളായി തിളങ്ങിയിട്ടുണ്ട്.

# നോർത്ത് അമേരിക്കൻ ദൈവസഭ കോൺഫറൻസിന്റെ ചരിത്രം പ്രസിദ്ധീകരിക്കുന്നു

റോയി മേപ്രാൽ

ചിക്കാഗോ: നോർത്ത് അമേരിക്കൻ ദൈവസഭകളുടെ കൂട്ടായ്മയായ NACOG അതിന്റെ 30 വർഷങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഒരു ചരിത്ര പുസ്തകം പ്രകാശനം ചെയ്യുവാനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചു. കാലങ്ങൾ കടന്നുപോകുമ്പോൾ ഗതകാല സമ്മേളനങ്ങളുടെ ചരിത്രങ്ങൾ വിസ്മരിക്കപ്പെടാതെ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യുവാൻ ക്രമീകൃതമായ രേഖകളുടെ അപര്യാപ്തത മനസിലാക്കി അവയെല്ലാം ഒരു ചരിത്ര പുസ്തകമായി സൂക്ഷിക്കണം എന്ന നാഷണൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ ഫലമാണ് ഈ സംരംഭം. തുടക്കം മുതലുള്ള സമ്മേളനങ്ങളുടെ വിവരങ്ങൾ വിശദമായി മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകം വിഭാഗങ്ങളായി രേഖപ്പെടുത്തും. ഒപ്പം ഭാരവാഹികളുടെ ചിത്രങ്ങൾ, സാമ്പത്തിക വിവരങ്ങൾ, ചാരിറ്റി പ്രവർത്തനങ്ങൾ എല്ലാം അടങ്ങുന്ന ഈ പുസ്തകം ഓസ്റ്റിനിൽ നടക്കുന്ന മുപ്പതാമത് സമ്മേളനത്തിൽ പ്രകാശനം ചെയ്യുന്നതാണ്. റവ. ഫിലിപ്പ് തോമസ്, റോയി മേപ്രാൽ എന്നിവർ ചരിത്ര ക്രോഡീകരണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.




# നായർ ബെനവലന്റ് അസോസിയേഷന്റെ ഓണാഘോഷം വേറിട്ട അനുഭവമായി

**ജയപ്രകാശ് നായർ**

ന്യൂയോർക്ക്: നായർ ബെനവലന്റ് അസോസിയേഷന്റെ 45-ാമത് ഓണാഘോഷവും അതിനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുവനീറിന്റെ പ്രകാശന കർമ്മവുംആഗസ്റ്റ് 23-ാം തീയതി ശനിയാഴ്ച ക്വീൻസിലുള്ള വിരാജ് ഓഡിറ്റോറിയത്തിൽ വെച്ച് അതിവിപുലമായി ആഘോഷിച്ചു. ചടങ്ങിൽ ന്യൂയോർക്കിലെ രാഷ്ട്രീയ സാമുദായിക നേതാക്കൾ, കലാ-സാംസ്കാരിക നേതാക്കൾ തുടങ്ങി നൂറികണക്കിനു പേർ പങ്കെടുത്തു. താലപ്പൊലിയേന്തിയ ബാലികമാരുടെയും വാദ്യഘോഷങ്ങളുടെയും നൂറുകണക്കിന് ആളുകളുടെയും അകമ്പടിയോടെ മഹാബലിയെ വരവേറ്റു. മഹാബലിയായി വേഷമിട്ടത് ഗിന്നസ് അവാർഡ് ജേതാവ് അപ്പുക്കുട്ടൻ പിള്ളയായിരുന്നു.

തുടർന്ന് മഹാബലിയുടെ ഓണാശംസകൾക്കു ശേഷം എൻബിഎയുടെ വനിതകൾ അവതരിപ്പിച്ച തിരുവാതിര എല്ലാവരെയും ഹഠാദാകർഷിച്ചു. ലോങ് ഐലൻഡ് നാസ്സാ കൗണ്ടി നോർത്ത് ഹെംസ്റ്റഡ് ടൗൺ എക്സിക്യൂട്ടീവ് രാഗിണി ശ്രീവാസ്തവ, ന്യൂയോർക്ക് ഇന്ത്യൻ കോൺസുലേറ്റ് അഡ്മിനിസ്ട്രേറ്റർ ശാന്തനു ശർമ്മ, സുപ്രീംകോടതി ജഡ്ജി രാജ രാജേശ്വരി, സ്വാമി ചിന്മയാനന്ദപുരി സ്ഥാപിച്ച സേജ് എന്ന ആത്മീയ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ട് രാജീവ് ഭാസ്കരൻ, ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി പ്രതിനിധി കോശി തോമസ് എന്നീ വിശിഷ്ടാതിഥികൾ ചടങ്ങിൽ പങ്കെടുത്തു.

കുമാരി ദിവ്യ ശർമ്മ അമേരിക്കൻ ദേശീയഗാനമാലപിച്ചു. ദിവ്യ ശർമ്മയുടെ ഈശ്വരപ്രാർത്ഥനയ്ക്കുശേഷം എൻബിഎയുടെ പ്രഥമ വനിത വത്സ കൃഷ്ണ ഭദ്രദീപം കൊളുത്തി ചടങ്ങുകൾക്ക് ആരംഭം കുറിച്ചു.

പ്രസിഡണ്ട് ക്രിസ് പിള്ള തോപ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം സെക്രട്ടറി രഘുവരൻ നായരുടെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ചു. വിശിഷ്ടാതിഥി രാഗിണി ശ്രീവാസ്തവയ്ക്ക് പബ്ലിക് സർവീസിനുള്ള പ്രത്യേക അവാർഡ് പ്രസിഡണ്ട് ക്രിസ് പിള്ള തോപ്പിൽ സമ്മാനിച്ചു. പൊതുസമ്മേളനത്തിനുശേഷം തൂശനിലയിൽ വിളമ്പിയ വിഭവസമൃദ്ധമായ ഓണസദ്യ എല്ലാവരും ആസ്വദിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന കലാപരിപാടികൾ ആസൂത്രണം ചെയ്തത് കലമേനോൻ ആയിരുന്നു. ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർ വനജ നായർ എല്ലാവർക്കും ആശംസകൾ നേർന്നു. ട്രഷറർ പ്രദീപ് മേനോൻ കൃതജ്ഞത രേഖപ്പെടുത്തി.

വേദ ശബരിനാഥിന്റെ മോഹിനിയാട്ടത്തോടെ കലാപരിപാടികൾക്ക് തുടക്കംകുറിച്ചു. നൂപുര ഡാൻസ് അക്കാഡമി അവതരിപ്പിച്ച നൃത്തനൃത്യങ്ങൾ കാണികളുടെ മനസ്സിന് കുളിർമയേകി.

നേഹൽ ശബരിനാഥിന്റെ വയലിൻ കച്ചേരി, ശബരിനാഥിന്റെയും രവി നായരുടെയും പ്രഭാകരൻ നായരുടെയും ഇമ്പമാർന്ന ഗാനങ്ങൾ കാണികളെ ഹർഷപുളകിതരാക്കി. ദേശീയഗാനാലാപനത്തോടെ പരിപാടികൾ സമാപിച്ചു.




















# ഡാളസിന്റെ ആത്മീയ ചരിത്രത്തിൽ പുതിയ അദ്ധ്യായം കുറിച്ച് പ്രഥമ പെന്തെക്കോസ്ത് സമ്മേളനം

രാജു തരകൻ

ഡാളസ്: ഡാളസിന്റെ ആത്മീയ ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം കുറിച്ചുകൊണ്ട് പ്രഥമ പെന്തെക്കോസ്ത് സമ്മേളനം അനുഗ്രഹപൂർവം സമാപിച്ചു. 62-ലേറെ മലയാളി പെന്തെക്കോസ്ത് സഭകളുള്ള ഡാളസിൽ സഭകളുടെ ഐക്യവേദിയായ ഡാളസ് സിറ്റി-വൈഡ് ഫെല്ലോഷിപ്പ് (ഡിസിഎഫ്) അതിന്റെ നാല്പതാം വാർഷിക വേളയിലാണ് ആദ്യമായി സിറ്റിവൈഡ് കോൺഫറൻസ് സംഘടിപ്പിച്ചത്. സംഘാടകരുടെ പ്രതീക്ഷകൾക്കും അപ്പുറമായി വൻ ജനപങ്കാളിത്തമാണ് സമ്മേളനത്തിൽ അനുഭവപ്പെട്ടത്.



ഓഗസ്റ്റ് 21-ന് വെള്ളിയാഴ്ച മുതൽ 23 ഞാറാഴ്ച വരെ മെസ്കീറ്റിലുള്ള ശാരോൺ ഇവന്റ് സെന്ററിലായിരുന്നു സമ്മേളനം. ഒന്നായി, യേശുവിനായി (Together for Jesus) അപ്പോ. പ്രവൃത്തികൾ 2:44 എന്നതായിരുന്നു ചിന്താവിഷയം.

വിവിധ യോഗങ്ങളിൽ പാസ്റ്റർ അനീഷ് കൊല്ലം, പാസ്റ്റർ ഡസ്റ്റി സ്മാൾ എന്നിവർ പ്രധാന സന്ദേശങ്ങൾ നല്കി. സഹോദരിമാരുടെ സെഷനിൽ സിസ്റ്റർ ശ്രീലേഖ, ഡോ. സൂസൻ തോമസ് എന്നിവർ വചനം പങ്കുവെച്ചു.

പാസ്റ്റർമാരായ ജേക്കബ് മാത്യു, കെ. ജോയി, കോശി വൈദ്യൻ, എം. ജോൺസൺ, മാത്യു തോമസ്, ജോസഫ് ടി. ജോസഫ് എന്നിവർ വിവിധ സെഷനുകളിൽ പ്രസംഗിച്ചു. പാസ്റ്റർ മാത്യു സാമുവൽ കർത്തൃമേശയ്ക്ക് നേതൃത്വം നല്കി.

ഡോ. ടോം ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള സംഗീതശുശ്രൂഷയും സിസ്റ്റർ അന്നമ്മ വില്യംസിന്റെ നേതൃത്വത്തിലുള്ള ക്വയറിന്റെ ഗാനാലാപനവും യോഗങ്ങൾക്ക് മാധുര്യമേകി.

ഡോ. തോമസ് ഇടിക്കുള, ഡോ. ബേബി വർഗീസ്, പാസ്റ്റർമാരായ ജോൺസൺ സഖറിയ, ജെയിംസ് വർഗീസ്, വി.പി. ഏബ്രഹാം എന്നിവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. ഡിസിഎഫ് ചെയർമാൻ പാസ്റ്റർ തോമസ് മുല്ലയ്ക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി എസ്.പി. ജെയിംസ് നന്ദിയും ട്രഷറർ തോമസ് ചെല്ലേത്ത് സാമ്പത്തിക കാര്യങ്ങളും നിർവഹിച്ചു.

ഹാർവെസ്റ്റ് ടിവി സ്ഥാപകൻ ബിബി ജോർജ് ചാക്കോ യോഗങ്ങൾ തത്സമയം സംപ്രേക്ഷണം ചെയ്തു. നാല്പതാം വാർഷികത്തോടനുബന്ധിച്ച് സിറ്റിവൈഡ് മുൻ ഭാരവാഹികളെ ഫലകം നല്കി ആദരിക്കുകയുണ്ടായി. കൂടാതെ വേർസ്-വ്യൂ സോഫ്റ്റ് വെയർ സ്ഥാപകൻ ബിനു ജോസഫിനെ











ഡിസിഎഫ് ആദരിക്കുകയുണ്ടായി. ഈ അനുഗൃഹീത കൂട്ടായ്മ വിജയകരമാക്കുവാൻ പ്രാർത്ഥനയോടെ സഹകരിച്ച എല്ലാവർക്കും സംഘാടകർ നന്ദി അറിയിച്ചു.

നിലവിലെ ഭാരവാഹികൾ: പാസ്റ്റർ തോമസ് മുല്ലയ്ക്കൽ (ചെയർമാൻ), ഡോ. തോമസ് ഇടിക്കുള (കോ-ചെയർമാൻ), എസ്.പി. ജെയിംസ് (സെക്രട്ടറി), തോമസ് ചെല്ലേത്ത് (ട്രഷറർ).

കൂടുതൽ വിവരങ്ങൾക്ക്:

www.Dallascitywide.org

## ജനപ്രിയ പ്രഖ്യാപനങ്ങളുമായി തമിഴ്നാട് മുഖ്യമന്ത്രി

ചെന്നൈ: വൻ ജനപ്രിയ പ്രഖ്യാപനങ്ങളുമായി തമിഴ്നാട് മുഖ്യമന്ത്രി വിജയ്. ഒരു കുടുംബത്തിന് മൂന്നു സൗജന്യ ഗ്യാസ് സിലിണ്ടർ, സ്ത്രീകളുടെ സൗജന്യയാത്ര പദ്ധതിയുടെ വിപുലീകരണം തുടങ്ങിയ ജനപ്രിയ നടപടികളാണ് നിയമസഭയിൽ വിജയ് പ്രഖ്യാപിച്ചത്. പറന്തൂർ ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതി ഉപേക്ഷിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ടിവികെയുടെ പ്രധാന തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളാണു വിജയ് നടപ്പാക്കുന്നത്. വിമാനത്താവള പദ്ധതിക്കായി കൃഷിഭൂമി ഏറ്റെടുക്കുന്നതിനെതിരെ കർഷകർ രംഗത്തുവന്നിരുന്നു. തമിഴ്നാട് ആർടിസി ബസുകളിലെ സ്ത്രീകളുടെ സൗജന്യ യാത്രാ പദ്ധതി വിപുലീകരിച്ചതായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

എക്സ്പ്രസ്, എൽഎസ്എസ്, ഡീലക്സ് ബസുകളിലും ഇനി മുതൽ സ്ത്രീകൾക്ക് സൗജന്യമായി യാത്ര ചെയ്യാം. അന്തർജില്ലാ ബസ് സർവീസുകളിലേക്കും പദ്ധതി വിപുലീകരിക്കും. കൂടാതെ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ ബസ് യാത്ര അനുവദിച്ചു. ഒക്ടോബർ രണ്ടിനു പദ്ധതി ഉദ്ഘാടനം ചെയ്യുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ടിവികെയുടെ മറ്റൊരു തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു ഒരു വർഷം ആറ് സൗജന്യ ഗ്യാസ് സിലിണ്ടർ.

ആദ്യ ഘട്ടമെന്ന നിലയിൽ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കുറവുള്ള കുടുംബങ്ങൾക്ക് ഒരു വർഷം മൂന്ന് സൗജന്യ പാചകവാതക സിലിണ്ടറുകളാണു നൽകുക. സിലിണ്ടറുകളുടെ വില നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുകയാണ് ചെയ്യുക. 2027 ജനുവരിയിൽ പദ്ധതി ആരംഭിക്കുമെന്ന് വിജയ് പറഞ്ഞു.

# ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ ഓണാഘോഷം പ്രൗഢോജ്വലമായി

ശങ്കരൻകുട്ടി, ഹൂസ്റ്റൺ

ഹൂസ്റ്റൺ: ഓഗസ്റ്റ് 23-ാം തീയതി ഞായറാഴ്ച ഹൂസ്റ്റൺ റോസെൻബെർഗിലുള്ള എപിക് സെന്ററിൽ വെച്ച് ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര വിശ്വാസികൾ തിരുവോണം പ്രൗഢോജ്വലമായി ആഘോഷിക്കുകയുണ്ടായി. മാവേലിത്തമ്പുരാനെ സ്വീകരിക്കാനായി നാലായിരത്തിലധികം പ്രജകളാണ് എത്തിച്ചേർന്നത്. താലപ്പൊലി, ചെണ്ടമേളം, കളരിപ്പയറ്റ്, മറ്റു വിവിധയിനം കലാരൂപങ്ങളുടെ അകമ്പടിയോടെയാണ് മഹാബലിയെ എതിരേറ്റത്. ഇരുനൂറ്റി എഴുപതുപേർ ഒരേ വേഷത്തിൽ, ഒരേ ഭാവത്തിൽ, ഒരേ താളത്തിൽ, ഒരേ അംഗചലനങ്ങളോടെ അവതരിപ്പിച്ച മെഗാ തിരുവാതിര വർണ്ണനാതീതമായിരുന്നു. തദവസരത്തിൽ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ മഞ്ജുനാഥ്, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, പോലീസ് ഓഫീസർ മനോജ് പൂപ്പാറയിൽ എന്നിവർ മുഖ്യാതിഥികളായിരുന്നു. അമ്പലപ്പറമ്പിലെ വമ്പൻ കൃഷിത്തോട്ടത്തിലെ പച്ചക്കറി ഉപയോഗിച്ചുള്ള ക്ഷേത്ര പാചകശാലയിൽ ഒരുക്കിയ മുപ്പത്തിയഞ്ചോളം വിഭവങ്ങളോടു കൂടിയുള്ള മെഗാ സദ്യയിൽ തൃശൂർ അമ്പിസ്വാമിയുടെ പാലടപ്രഥമനും ചേർന്ന് രുചിഭേദങ്ങളുടെ ഒരു മായാപ്രപഞ്ചം തന്നെ നാലായിരത്തി ഇരുനൂറോളം അതിഥികൾക്ക് ഓർമ്മയിൽ സൂക്ഷിക്കാൻ [...]രവാഹികൾ അവസരമൊരുക്കി. വിവിധ ഡാൻസ് സ്കൂളുകൾ അവതരിപ്പിച്ച നൃത്ത നൃത്യങ്ങൾ, ഗാനങ്ങൾ, സ്കിറ്റുകൾ, മറ്റു കലാരൂപങ്ങൾ എന്നിവ ഓണാഘോഷത്തിന് മാറ്റ് കൂട്ടി. ക്ഷേത്രത്തോടു ചേർന്നുള്ള 8.5 മില്യൺ ഡോളർ വിലയുള്ള 8.5 ഏക്കർ സ്ഥലം മാധവൻപിള്ള CPA ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിനു സംഭാവന നൽകിയതായി രേഖാമൂലം അറിയിച്ചത് വൻ ജനാവലിയുടെ സന്തോഷത്തിനും പ്രശംസയ്ക്കും പാത്രീഭൂതമായി. ആഘോഷവേളയിൽ സീനിയർ ലൈഫ് മെമ്പേഴ്സിനെ ജീവൻ സാധന പുരസ്കാരം നൽകി ആദരിക്കുകയും അവരുടെ സംഭാവനയെ ഓർമ്മപ്പെടുത്തുകയും ചെയ്തു. പ്രസിഡണ്ട് ഡോ. രാമദാസ്, സുനിൽ നായർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഈ ഓണാഘോഷം വൻ വിജയമാക്കിയ നല്ലവരായ എല്ലാ ഹൂസ്റ്റൺ നിവാസികൾക്കും ഭാരവാഹികൾ നിസ്സീമമായ നന്ദി രേഖപ്പെടുത്തിയതോടെ ഈ വർഷത്തെ ഓണാഘോഷത്തിന്റെ തിരശ്ശീല വീണു.







രാജു മൈലപ്ര



# ആഗോള ക്നാനായ സമൂഹത്തിന് ഇത് അഭിമാനത്തിന്റെയും പ്രതീക്ഷയുടെയും നിമിഷം

ഷിനോയ് മഞ്ഞാങ്കൽ



കോട്ടയം അതിരൂപതയുടെ പിന്തുടർച്ചാവകാശമുള്ള സഹായമെത്രാനായും പ്രവാസി ക്നാനായ വിശ്വാസികളുടെ ആത്മീയ ശുശ്രൂഷയ്ക്കായും നിയമിതനായ നിയുക്ത അഭിവന്ദ്യ തോമസ് ആനിമൂട്ടിൽ പിതാവിന് ഹൃദയംനിറഞ്ഞ മംഗളാശംസകൾ.

കോട്ടയം അതിരൂപതയുടെയും ക്നാനായ മക്കളുടെയും ദീർഘകാലമായുള്ള ഈ സ്വപ്നസാക്ഷാത്കാരം സാദ്ധ്യമാക്കിയ സർവശക്തനായ ദൈവത്തിനും ലെയോ 14-ാമൻ മാർപാപ്പയ്ക്കും സീറോമലബാർ സിനഡിനും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

ലോകമെമ്പാടുമായി വ്യാപിച്ചു കിടക്കുന്ന ക്നാനായ സമുദായ അംഗങ്ങളെയെല്ലാം ഒരുമിച്ചു ചേർത്ത് കോട്ടയം അതിരൂപതയുടെ കീഴിൽ അജപാലനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മൂലക്കാട്ട് പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ വലിയൊരു ചവിട്ടുപടി കൂടിയാണ് നമുക്കൊരു സഹായമെത്രാനെക്കൂടി ലഭിച്ചിരിക്കുന്നത്.

ഇനി നമ്മുടെ കോട്ടയം അതിരൂപതയ്ക്ക് ലോകമെമ്പാടുമായി അധികാരം സ്ഥാപിച്ചുലഭിക്കുക എന്ന ശ്രമകരമായ ദൗത്യത്തിൽ നമ്മൾ അല്മായരെല്ലാവരും ഒരുമിച്ചു നിൽക്കുകയും ആത്മാർത്ഥമായി പങ്കാളികളാകേണ്ടതുണ്ട്.

കോട്ടയം അതിരൂപതയുടെ കീഴിൽ ലോകത്താകമാനമായി ആവശ്യത്തിന് സഭാസംവിധാനങ്ങളും അല്മായരും ഉണ്ടെന്ന് റോമിന് ബോദ്ധ്യമായെങ്കിൽ മാത്രമേ അത് സാദ്ധ്യമാവുകയുള്ളു. അതിനായി സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ക്നാനായ മിഷനുകളും ഇടവകകളും ക്നാനായ റീജിയനുകളും സ്ഥാപിക്കുക എന്നതാണ് നമുക്കു ചെയ്യുവാൻ സാധിക്കുന്ന കാര്യം.

അതോടൊപ്പം തന്നെ, ഇനിയെങ്കിലും നമ്മുടെ ക്നാനായ സഭാ സംവിധാനങ്ങളിൽ നിന്നും ക്നാനായക്കാരായ ആരും മാറിനിൽക്കാതെ, അതിൽ പങ്കാളികളായി, നമ്മുടെ ശക്തി റോമിനെ ബോധിപ്പിക്കുക എന്നത് നമ്മുടെകൂടി കടമയാണ്.

ഓർക്കുക, സഭയുടെ ഭാഗമല്ലാതെ നമ്മൾ ചെയ്യുന്ന ഒരു ക്നാനായ കൂട്ടായ്മകളും റോമിന്റെ മുൻപിൽ, കോട്ടയം അതിരൂപതയുടെ ഭാഗമായി കണക്കാക്കപ്പെടുകയില്ല എന്ന യാഥാർത്ഥ്യം നമ്മൾ ഇനിയെങ്കിലും മനസ്സിലാക്കണം.

അതുകൊണ്ട് ഇനിയെങ്കിലും തെറ്റിദ്ധാരണകളും വാശികളും മാറ്റിവെച്ചുകൊണ്ട് നമ്മുടെയും നമ്മുടെ കുടുംബത്തിന്റെയും നമ്മുടെ കുട്ടികളുടെയും നമ്മുടെ സമുദായത്തിന്റെയും ഭാവിയേയും നന്മയേയും കരുതി, നിങ്ങൾ ആയിരിക്കുന്ന സ്ഥലങ്ങളിലെ ക്നാനായ മിഷനുകളിലും ഇടവകകളിലും അംഗങ്ങളായി നമ്മുടെ ക്നാനായ സമുദായത്തിന്റെ വളർച്ചയ്ക്കും കോട്ടയം അതിരൂപതയുടെ വിപുലീകരണത്തിലും പങ്കാളികളാകാം.



ലേഖകൻ, മുൻ കെസിവൈഎൽ അതിരൂപതാ പ്രസിഡണ്ട്

അങ്ങനെ നമ്മൾ നമ്മുടെ ചെറുപ്പത്തിൽ അനുഭവിച്ച ആ ക്നാനായ സ്വാതന്ത്ര്യവും സ്വത്വബോധവും നമ്മുടെ വരുംതലമുറകൾക്കും സാദ്ധ്യമാക്കാം. നമ്മുടെ സമുദായത്തിന്റെ വളർച്ചയ്ക്കും ഒരുമയ്ക്കുമായി നമുക്കെല്ലാവർക്കും കൈകോർക്കാം. അഭിവന്ദ്യ തോമസ് ആനിമൂട്ടിൽ പിതാവിന്റെ നിയമനം അതിനുള്ള ഒരു കാരണമായിത്തീരട്ടെയെന്ന് ആഗ്രഹിക്കുന്നു... പ്രാർത്ഥിക്കുന്നു.

# ഗുരുദക്ഷിണ

രാജു മൈലപ്ര

**ഫൊ**ക്കാനാ കലഹാരി കൺവൻഷൻ ലോബിയിലെ തിരക്കിൽ, പഴയ സൗഹൃദങ്ങൾ പുതുക്കി മുന്നോട്ടു നടന്നു നീങ്ങുമ്പോൾ, കൈയിലൊരു മൃദുസ്പർശം.

ആരാണെന്നറിയുവാൻ വേണ്ടി തിരിഞ്ഞു നോക്കിയപ്പോൾ വിടർന്ന പു



ലേഖകൻ

ഞ്ചിരിയുമായി ഒരു സ്ത്രീ.

"ഓർമ്മയുണ്ടോ സാറേ ഈ മുഖം?" പെട്ടെന്നുള്ള ആ ചോദ്യം കേട്ടപ്പോൾ ഞാനൊന്നു ഞെട്ടി. പഴയ ഓർമ്മകളുടെ ശേഖരത്തിലൊന്നും ആ മുഖം തെളിയുന്നില്ല.

"സത്യം പറഞ്ഞാൽ എനിക്കു മനസ്സിലായില്ല." ഞാൻ ഉള്ള സത്യം പറഞ്ഞു.

"പെട്ടെന്നു മനസ്സിലായില്ല എന്നു പറയാതെ ശരിക്കൊന്നു ഓർത്തു നോക്കിക്കേ! പഴയ പരിചയക്കാരു വല്ലവരുമായിരിക്കും." ആ കമന്റ് എന്റെ ഭാര്യയുടെ സംഭാവനയാണ്. അവളുടെ സ്വരത്തിൽ ഒരു കൊടുങ്കാറ്റിന്റെ ഇരമ്പൽ!

"സാറേ, ഇതു ഞാനാ മേഴ്സി കുറിയാക്കോസ്. സാറെന്നെ പഠിപ്പിച്ചിട്ടുണ്ട്." ചിരിച്ചുകൊണ്ടവർ പറഞ്ഞു.

"ഞാനോ?" എനിക്ക് എന്നെത്തന്നെ സംശയം.

"നിങ്ങളിവരെ പഠിപ്പിച്ചിട്ടുണ്ടാവും. അല്ലെങ്കിൽ അവർ അങ്ങനെ ഉറപ്പു പറയില്ലല്ലോ. നിങ്ങളത്ര പുണ്യാളനൊന്നും ചമയണ്ടാ!" ആ സ്വഭാവസർട്ടിഫിക്കറ്റ് എന്റെ ഭാര്യയുടെ വകയാണ്.

മേഴ്സി കുര്യാക്കോസിന്റെ സമീപം ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ട് ആണൊരുത്തൻ നില്പുണ്ട്. അയാളുടെ മുഖത്ത് സംശയത്തിന്റെ ഒരു മസിലുപിടുത്തം.

"സാറേ! കൊട്ടാരക്കര 'കിംഗ്സ് കോളജിൽ' സാറായിരുന്നു ഇംഗ്ലീഷ് ലിറ്ററേച്ചറിനു ഞങ്ങൾക്ക് ക്ലാസെടുത്തിരുന്നത്." മേഴ്സി സസ്പെൻസിനു വിരാമമിട്ടു.

ഓർമ്മകൾ റീവൈൻഡു ചെയ്തപ്പോൾ അങ്ങനെയും ഒരു കാലഘട്ടം എന്റെ ജീവിതത്തിലുണ്ടായിരുന്നു എന്ന ചിത്രം തെളിഞ്ഞുവന്നു.

"കർത്താവേ! ഒരു കാലത്ത് ഞാനൊരു അദ്ധ്യാപകന്റെ കുപ്പായം അണിഞ്ഞിരുന്നല്ലോ!'' ഞാനൊന്നു ഞെളിഞ്ഞു.

'വേഷങ്ങൾ ജന്മങ്ങൾ

വേഷം മാറാൻ നിമിഷങ്ങൾ

നാമറിയാതാടുകയാണീ ജീവിത വേഷം...'

മനസ്സിന്റെ ഏതോ കോണിലിരുന്ന് ദാസേട്ടൻ മൂളുന്നു.

ഡിഗ്രി സമ്പാദിച്ചശേഷം ഒരു സർക്കാർജോലി തെണ്ടിനടക്കുന്ന ഇടവേളയിലൊരു അഭയകേന്ദ്രമായിരുന്നല്ലോ പഴയകാലത്ത് പലർക്കും പാരലൽ കോളജ്.

എന്റെ സഹോദരിഭർത്താവ്, രാജൻ സാറിന് കൊട്ടാരക്കരയിൽ കിംഗ്സ്




കോളജ് എന്ന പേരിൽ പ്രശസ്തമായ ഒരു അദ്ധ്യാപന സ്ഥാപനം ഉണ്ടായിരുന്നതുകൊണ്ട്, അവിടെ ഒരു സ്റ്റാഫായി 'ഡയറക്ട്' അപ്പോയിന്റ്മെന്റ് കിട്ടി. ഫുഡ് ആൻഡ് അക്കോമഡേഷൻ ഫ്രീ, വീക്കെൻഡിൽ വീട്ടിൽ പോയി വരുവാനുള്ള അലവൻസും അനുവദിച്ചിരുന്നു. ബോണസ്സായി പുലമൺ ജംഗ്ഷനിലെ പ്രശസ്തമായ പോറ്റി ഹോട്ടലിൽ നിന്നും കാപ്പികുടി. ആ ഹോട്ടലിലെ ഇഡ്ഡലി ആയിരുന്നു ഇഡ്ഡലി. നാവിൻതുമ്പിലലിയുന്ന രുചി ഇന്നും രസമുകുളങ്ങളിൽ തങ്ങിനിൽക്കുന്നു.

ഞാൻ 'ഫ്രഷ് ഓഫ് ദി കോളജ്' ആയിരുന്നതിനാൽ പല വിദ്യാർത്ഥികളും സമപ്രായക്കാരായിരുന്നു.

"അന്നു സാറിനെ കാണാൻ വലിയ തരക്കേടില്ലായിരുന്നു. ഇപ്പോഴെന്തു പറ്റി? ആകപ്പാടെ അങ്ങ് ഓഞ്ഞുപോയല്ലോ!" അടിമുടി എന്നെ ഒന്നു വീക്ഷിച്ചശേഷം, ഒരു മേഴ്സിയുമില്ലാതെ, മേഴ്സി എന്റെ ആകാരഭംഗിയെപ്പറ്റി ഒരു അവലോകനം നടത്തി.

"അതുപിന്നെ, അങ്ങേർക്ക് ഇത്രേം പ്രായമില്ലയോ ഞാനിങ്ങേരേക്കാൾ പത്തു വയസ്സിന് ഇളയതാ." പ്രായത്തിന്റെ കാര്യത്തിൽ എന്റെ ഭാര്യ കുറച്ചു സെൻസിറ്റീവാണ്.

ആരെങ്കിലും അവളെ 'ചേത്തി, ആന്റി, അമ്മാമ്മേ' എന്നൊക്കെ സംബോധന ചെയ്യുമ്പോൾ എന്റെ ചങ്കിടിക്കും.

'എനിക്കത്ര പ്രായമൊന്നുമില്ല, എന്നെ പേരു വിളിച്ചാൽ മതി' എന്നൊരു മുന്നറിയിപ്പ് ചിലപ്പോൾ നല്കാറുമുണ്ട്.

'ഇങ്ങേരുടെ കൂടെ നടക്കുന്നതുകൊണ്ട്, ഞാനും ഒരു കിളവിയാണെന്നാണ് ചിലരുടെ വിചാരം.'

ആ കുറ്റവും അവൾ എന്റെ തലിൽ കെട്ടിവെച്ചു. സ്കൂളിൽ നേരത്തെ ചേർക്കുവാൻ വേണ്ടി, പ്രായം കൂട്ടിക്കാണിച്ചിരിക്കുകയാണെന്നു പല സ്ത്രീകളും പറയുന്നത് കേട്ടിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ഒരു വയസ് പ്രായമുള്ളപ്പോൾ തന്നെ പലരും ഒന്നാം ക്ലാസിൽ ചേർന്നിട്ടുണ്ടാവും.

(ശേഷം 34-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.11 |
| യൂറോ | 110.39 |
| സ്റ്റെർലിംഗ്പൗണ്ട് | 128.84 |
| സ്വിസ് ഫ്രാങ്ക് | 117.76 |
| സിംഗപ്പൂർ ഡോളർ | 74.78 |
| കനേഡിയൻ ഡോളർ | 68.54 |
| ഒമാൻ റിയാൽ | 247.40 |
| ബഹ്റൈൻ ദിനാർ | 252.46 |
| സൗദി റിയാൽ | 25.19 |
| യു.എ.ഇ. ദിർഹം | 25.99 |
| കുവൈത്ത് ദിനാർ | 307.75 |







OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA
Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com
EMSONS REALTY
240 E. LAKE STREET, SUITE 109B, ADDISON, IL 60101
BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# ഇതു കലിയുഗമാണോ?

**എൽസി ബേബി**

ഈയിടെ ഒരാൾ ചോദിച്ച ചോദ്യമാണ് മേലുദ്ധരിച്ചിരിക്കുന്നത്. ചോദിക്കാനുണ്ടായ കാരണം ഇന്നു ലോകത്തിൽ നടക്കുന്നതും കാണുന്നതും കേൾക്കുന്നതുമായ സംഭവങ്ങളാകുന്നു. പണ്ട് നാം കേൾക്കാതിരുന്നതും കാണാതിരുന്നതുമായ സംഭവങ്ങളല്ലേ ഇന്നു നാം കേട്ടുകൊണ്ടിരിക്കുന്നതും കണ്ടുകൊണ്ടിരിക്കുന്നതും. ഇതുപോലെ വൃത്തികെട്ട "ലൈംഗികവേഴ്ച്ചകൾ! മൃഗപക്ഷികൾ പോലും ലജ്ജിക്കത്തക്ക പ്രവൃത്തികൾ! ലൈംഗികബന്ധം എന്നത് വിവാഹിതരായ സ്ത്രീപുരുഷന്മാർക്കുമാത്രം-ഭാര്യാഭർത്താക്കന്മാർ തമ്മിൽ മാത്രം എത്രയും രഹസ്യമായും, പവിത്രമായും, കാത്തുസൂക്ഷിച്ചു സുഖിക്കുവാൻ ദൈവം അനുഗ്രഹിച്ചു നല്കിയ ബന്ധമാകുന്നു. മൃഗപക്ഷികൾ പോലും അവരവരുടെ ഇണയോടൊപ്പംമാത്രം ചെയ്യുന്ന ഒരു ശാരീരിക ബന്ധമാകുന്നു. എന്നാൽ യാതൊരു ലജ്ജയുമില്ലാതെ പരസ്യമായും നഗ്നരായും സ്ത്രീപുരുഷന്മാർ ഭവനത്തിനു പുറത്ത്, തെരുവുകളിലും കാണുന്ന ഇടങ്ങളിലും മറ്റും ഒരു 'ഉളിപ്പും' കൂടാതെ ലൈംഗികേച്ഛകളിൽ ഏർപ്പെടുന്നു എന്നത് ഊഹിക്കാൻപോലും പറ്റാത്ത ഒരു അതിക്രമമല്ലേ? അമ്മായപ്പൻ മരുമകളോടൊത്തും, ഭർത്താക്കന്മാർ പരസ്ത്രീകളോടൊത്തും, മരുമകൻ അമ്മായമ്മയോടൊത്തും, ഹൈസ്കൂളുകളിലും, കോളജുകളിലും മറ്റും പഠിക്കുന്ന കുട്ടികൾ തമ്മിൽ തമ്മിലും മറ്റും ഒരു കൂസലുമില്ലാതെ, ലജ്ജയില്ലാതെ കാട്ടികൂട്ടുന്ന പൈശാചിക ബന്ധങ്ങൾ! അതൊരുവശത്ത്. കുടുംബകലഹങ്ങളും വഴക്കുകളും പിണക്കങ്ങളും അടികൂടലുകളും വേർപിരിയലുകളും മക്കൾ മാതാപിതാക്കളെ ആക്രമിക്കുന്നു, അയൽപക്കങ്ങളിലുള്ളവർ തമ്മിൽ വഴക്കിടുന്നു. അടികലശങ്ങളും ശാരീരികപീഡനങ്ങൾ മറ്റൊരു വശത്ത്. വിവാഹം വേണ്ടാ, അവിവാഹിതരായി ആൺകുട്ടികളും പെൺകുട്ടികളും, ആണും ആണും തമ്മിലും, പെണ്ണും പെണ്ണും തമ്മിലും ഒന്നിച്ചു പാർക്കുന്ന മറ്റൊരു കൂട്ടർ! സ്ത്രീപുരുഷന്മാർ അവരുടെ സ്വാഭാവിക ഭോഗത്തെ, സ്വഭാവ വിരുദ്ധമാക്കി, വികടമാക്കി അന്യോന്യം കാമം ജ്വലിച്ച് ആണോടാണും, പെണ്ണോടുപെണ്ണും ചേർന്ന് അവലക്ഷണമായതു പ്രവർത്തിക്കുന്നത് ഒരു പകർച്ചവ്യാധിപോലെ പെരുകിവരികയല്ലെ? യാതൊരു ഭയവുമില്ലാതെ നിയമം ലംഘിച്ച് കൊലപാതകങ്ങൾ, പിടിച്ചുപറികൾ, ഭവനഭേദനം, കൊള്ളയടിക്കൽ, ചതികൾ, വഞ്ചനകൾ, അക്രമങ്ങൾ, അതിക്രമങ്ങൾ, മദ്യപാനം, മയക്കുമരുന്നുകൾ ഇങ്ങനെ പോകുന്നു സമൂഹങ്ങളിലെ അന്യായങ്ങൾ! ഇവ ഏതെങ്കിലും ഒരു സ്ഥലത്തുമാത്രമല്ല, ലോകമാകമാനം എല്ലാടവും ഒരു പകർച്ചവ്യാധിപോലെ കണ്ടുകൊണ്ടിരിക്കുന്ന സാധാരണ സംഭവങ്ങളാകുന്നു. ഇവ കണ്ടപ്പോൾ ഒരു മാന്യനായ വ്യക്തി ചോദിച്ചതാണ് "ഇതെന്താ കലിയുഗമാണോ?" എന്ന്. 'കലിയുഗം' എന്നാൽ 'ലോകാന്ത്യം' എന്നാണുദ്ദേശിക്കുന്നത്. കാരണം ഈ ലോകം അവസാനിക്കും എന്ന് എല്ലാ ജാതി മതസ്ഥരും വിശ്വസിക്കുന്നു. ലോകാന്ത്യത്തിൽ പല അനിഷ്ടസംഭവങ്ങളും ഉണ്ടാകും എന്ന് പല പ്രവാചകന്മാരും പ്രവചിച്ചിട്ടുള്ളതാകുന്നു.

വിശുദ്ധ വേദപുസ്തകത്തിൽ "അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അന്ന് മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും, അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി, ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും"! നോക്കുക ഇവയൊക്കെയല്ലെ നമ്മുടെ കൺമുന്നിൽ ദിനംതോറും നാം കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്യുന്നത്. 'സന്തുഷ്ട കുടുംബം' എന്നു പറയത്തക്ക എത്ര കുടുംബങ്ങൾ കാണും? പണ്ടൊക്കെ പ്രായമായ മാതാപിതാക്കളും അവരുടെ മക്കളും മറ്റു കുടുംബാംഗങ്ങളുമായി സന്തുഷ്ടരായി കഴിഞ്ഞിരുന്ന കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് അണുകുടുംബങ്ങൾ! വിവാഹിതരായി എട്ടും പത്തും മക്കളുണ്ടായിരുന്ന സ്ഥാനത്ത് കേവലം ഭാര്യയും ഭർത്താവും പേരിനുമാത്രം ഒന്നോ രണ്ടോ മക്കൾ! ഭാര്യയും ഭർത്താവും ജോലിക്കു പോകും. പിഞ്ചു പൈതങ്ങളെ നോക്കുവാൻ ആയമാർ. ഈ കുഞ്ഞുങ്ങൾ വളരുന്തോറും മേലുദ്ധരിച്ചതുപോലെ മാതാപിതാക്കളെ അനുസരിക്കാതെ തങ്ങൾക്കു ബോധിച്ചതുപോലെ ജീവിക്കുന്ന മക്കൾ. പണ്ടൊക്കെ മക്കളെ ശിക്ഷിച്ചും ശിക്ഷണങ്ങൾ നല്കിയും വളർത്തിയിരുന്നു. മക്കൾ മാതാപിതാക്കന്മാരെ അനുസരിച്ചു ജീവിച്ചിരുന്നു. ഇന്നാകട്ടെ മക്കളെ ശിക്ഷിക്കാൻ പാടില്ല. മക്കളെ ഭയന്നും അനുസരിച്ചും ജീവിക്കുന്ന മാതാപിതാക്കൾ!


ലേഖിക

പണ്ടൊക്കെ വൃദ്ധരായ മാതാപിതാക്കൾ അന്ത്യംവരെ മക്കളോടൊത്തു ജീവിച്ച് തങ്ങളുടെ അന്ത്യശ്വാസം പോകുംവരെ മക്കളുടെ ശുശ്രൂഷകൾ സ്വീകരിച്ചു ജീവിതാന്ത്യം വരുത്തിയിരുന്നു. ഇന്നാകട്ടെ മാതാപിതാക്കളുടെ വസ്തുവകകളും സമ്പാദ്യങ്ങളും കൈക്കലാക്കി വഴിയിലേക്കിറക്കിവിടുകയോ വൃദ്ധസദനങ്ങളിലാക്കുകയോ ചെയ്യുന്ന കഠിനഹൃദയന്മാരായ മക്കൾ! ജീവിതസാഹചര്യങ്ങൾ, ഭക്ഷണരീതികൾ, വസ്ത്രധാരണം, അന്യോന്യമുള്ള സ്നേഹം, ബഹുമാനം, ഇവ വർണ്ണിക്കാതിരിക്കുന്നതായിരിക്കും ഭേദം. 'കാലം മാറി' എന്നു പറഞ്ഞ് ആശ്വസിക്കയല്ലാതെ വല്ല മാർഗവും ഉണ്ടോ? എല്ലാംകൊണ്ടും മലിനമാക്കപ്പെട്ട കുടുംബാന്തരീക്ഷം, സമൂഹം, നാട്, ജനങ്ങൾ! പണ്ടൊക്കെ ഇന്നു നാം കേൾക്കുന്നതുപോലെയുള്ള രോഗങ്ങളോ, പകർച്ചവ്യാധികളോ ഹോസ്പിറ്റലുകളോ രോഗികളോ വൈദ്യന്മാരോ ഡോക്ടേഴ്സോ ഒക്കെ ഉണ്ടായിരുന്നോ? ഇന്നാണെങ്കിൽ അവയൊക്കെ പണമുണ്ടാക്കുന്ന ബിസിനസായി മാറിക്കഴിഞ്ഞിരിക്കുന്നു.

പുതിയ പുതിയ മരുന്നുകളുണ്ടാക്കി ഫാർമസ്യൂട്ടിക്കൽ കമ്പനികൾ ആദായമുണ്ടാക്കുമ്പോൾ അവയൊക്കെ മനുഷ്യശരീരങ്ങളിൽ കടത്തിവിട്ടു രോഗങ്ങളും രോഗികളുമാക്കി പണം സമ്പാദിക്കുന്ന ഡോക്ടേഴ്സും ഹോസ്പിറ്റലുകളും യാതൊരു മനഃസ്സാക്ഷിയുമില്ലാതെ വൈദ്യശാസ്ത്രം വികടമാക്കി ധനികരാകുന്ന ഒരുകൂട്ടം കഠിനഹൃദയന്മാർ! എവിടെ നോക്കിയാലും കള്ളത്തരങ്ങളും വഞ്ചനകളും കൊള്ളകളും കൊണ്ടു മലിനമാക്കപ്പെട്ട സമൂഹം.

"മാവേലി നാടുവാണീടും കാലം" എന്നൊക്കെ പാടുന്ന പാട്ടുകൾ തികച്ചും അസ്ഥാനത്തായിക്കഴിഞ്ഞിരിക്കുന്നു. അന്ത്യകാലത്ത് യുദ്ധങ്ങളും കലഹങ്ങളും ഭൂകമ്പങ്ങളും ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും മഹാവ്യാധികളും അവിടവിടെയുണ്ടാകും; ഭയങ്കര കാഴ്ചകളും ആകാശത്തിൽ മഹാലക്ഷ്യങ്ങളും ഉണ്ടാകും; സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും കടലിന്റേയും ഓളത്തിന്റേയും മുഴക്കം നിമിത്തം (സുനാമി) ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ, ഭൂലോകത്തിന് എന്തുസംഭവിപ്പാൻ പോകുന്നു എന്ന് പേടിച്ചും നോക്കിപ്പാർത്തുംകൊണ്ട് മനുഷ്യർ നിർജ്ജീവന്മാരാകും"

(ശേഷം 34-ാം പേജിൽ)

# ആറായിരം കുഞ്ഞുങ്ങളുടെ പിറവിക്ക് കാവലാളായ ഡോ. മേരി ജോണിന്റെ സംസ്കാരം സെപ്റ്റംബർ 6-ന്

**പ്രസാദ് തീയാടിക്കൽ**

സ്പ്രിങ്ഫീൽഡ്: മൂന്നു പതിറ്റാണ്ടോളം ഗൾഫ് മണ്ണിലെ ആയിരക്കണക്കിന് പ്രവാസി അമ്മമാർക്കും കുഞ്ഞുങ്ങൾക്കും താങ്ങും തണലുമായിരുന്ന പ്രശസ്ത മലയാളി സ്ത്രീരോഗ വിദഗ്ദ്ധ ഡോ. മേരി ജോൺ (81) അന്തരിച്ചു. ഓഗസ്റ്റ് 21-ന് ഇല്ലിനോയിയിലായിരുന്നു അന്ത്യം. ദുബായിലെ മെഡിക്കൽ രംഗവും പ്രവാസി സമൂഹവും കണ്ണീരോടെയാണ് പ്രിയ ഡോക്ടർക്ക് വിട നല്കുന്നത്.

കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും രോഗികൾക്കും ഒരുപോലെ പ്രിയങ്കരിയായിരുന്ന ഡോ. മേരി ജോൺ 'ഗേളി' എന്ന പേരിലും അറിയപ്പെട്ടിരുന്നു. ഒരു ഡോക്ടർ എന്നതിനപ്പുറം സ്നേഹവും കരുതലും നിറഞ്ഞ വ്യക്തിത്വമായാണ് അവർ ഓർമ്മിക്കപ്പെടുന്നത്.

1987-ൽ ദുബായ് ആശുപത്രിയിലൂടെയാണ് ഡോ. മേരി ജോൺ യുഎഇയിലെ സേവനജീവിതം ആരംഭിച്ചത്. 1992-ൽ ലത്തീഫ ആശുപത്രിയിലേക്ക് -പഴയ അൽ വാസൽ ആശുപത്രി-മാറി. 1996 മുതൽ 2006 വരെ അവിടുത്തെ ഗൈനക്കോളജി വിഭാഗം മേധാവിയായി സേവനമനുഷ്ഠിച്ചു.

പിന്നീട് ദുബായിലെ വന്ധ്യതാ ചികിത്സാ രംഗത്ത് ശ്രദ്ധേയമായ സംഭാവന നല്കിയ ദുബായ് ഗൈനക്കോളജി ആൻഡ് ഫെർട്ടിലിറ്റി സെന്ററിന്റെ (ഡിജിഎഫ്സി) മേധാവിയായി 2013-ൽ ചുമതലയേറ്റു. 2016-ൽ വിരമിക്കുന്നതുവരെ ആ സ്ഥാനത്ത് തുടർന്നു. ഏകദേശം ആറായിരത്തോളം കുഞ്ഞുങ്ങളുടെ ജനനത്തിന് ഡോ. മേരി ജോൺ വൈദ്യപരിചരണം നല്കിയതായാണ് വിവരം. ഡിജിഎഫ്സിയിലൂടെ മാത്രം മൂവായിരത്തോളം കുഞ്ഞുങ്ങളുടെ ജനനത്തിന് അവർ കാവലാളായി.

അത്യാധുനിക ചികിത്സാ സാങ്കേതിക വിദ്യകൾ വ്യാപകമാകുന്നതിന് മുമ്പുതന്നെ ലാപ്റോസ്കോപ്പിയും മിനിമലി ഇൻവേസീവ് സർജറിയും ദുബായിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിൽ അവർ നിർണായക പങ്കുവഹിച്ചു. വന്ധ്യതാ ചികിത്സയിലും സങ്കീർണ പ്രസവ പരിചരണത്തിലും രാജ്യാന്തര നിലവാരത്തിലുള്ള ചികിത്സാ രീതികൾ യുഎഇയിൽ വളർത്തിയെടുക്കുന്നതിലും അവരുടെ സംഭാവന ശ്രദ്ധേയമായിരുന്നു.



ദുബായ് മെഡിക്കൽ കോളജിന്റെ അക്കാദമിക് മേധാവിയായും പ്രവർത്തിച്ച ഡോ. മേരി ജോൺ നിരവധി ഡോക്ടർമാരുടെ ഗുരുനാഥയുമായിരുന്നു. അവരുടെ കീഴിൽ പരിശീലനം നേടിയ പലരും പിന്നീട് ദുബായ് ആരോഗ്യരംഗത്ത് ഉന്നത സ്ഥാനങ്ങളിലെത്തി. സഹപ്രവർത്തകരും ശിഷ്യരും ഡോ. മേരി ജോണിനെ ഒരു അദ്ധ്യാപിക എന്നതിലുപരി സ്വന്തം അമ്മയായാണ് ഓർക്കുന്നത്. രോഗികളോടുള്ള സഹാനുഭൂതിയും ഏതു സമയത്തും സഹായത്തിനായി ഓടിയെത്താനുള്ള മനസ്സുമായിരുന്നു അവരുടെ പ്രത്യേകതയെന്ന് സഹപ്രവർത്തകർ അനുസ്മരിച്ചു.

1945 ജൂൺ 17-ന് കേരളത്തിൽ ജനിച്ച ഡോ. മേരി ജോൺ ന്യൂയോർക്കിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. യുഎഇയിലെ ദീർഘകാല സേവനത്തിൽ നിന്ന് വിരമിച്ചശേഷം മക്കളായ ആശിഷ്, അനീഷ്, മരുമക്കളായ ടീന, കിരൺ, നാല് കൊച്ചുമക്കൾ എന്നിവർക്കൊപ്പം അമേരിക്കയിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

ഡോ. മേരി ജോണിന്റെ ഓർമ്മയ്ക്കായി പൂക്കൾ അർപ്പിക്കുന്നതിന് പകരം അമേരിക്കൻ കാൻസർ സൊസൈറ്റിയിലേക്ക് സംഭാവന നല്കണമെന്ന് കുടുംബം അഭ്യർത്ഥിച്ചിട്ടുണ്ട്.

സംസ്കാര ശുശ്രൂഷകൾ സെപ്റ്റംബർ 6-ന് സ്പ്രിങ്ഫീൽഡ് മാർത്തോമ്മാ പള്ളിയിൽ നടക്കും. ദുബായ് മാർത്തോമ്മാ ഇടവകയും ഡോ. മേരി ജോണിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പുതുജീവന്റെ സന്തോഷം സമ്മാനിച്ച ഡോ. മേരി ജോണിന്റെ സേവനവും കരുണയും യുഎഇയിലെ മലയാളി പ്രവാസിസമൂഹത്തിന്റെയും ദുബായിലെ ആരോഗ്യരംഗത്തിന്റെയും ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടും.

# ലിസി തോമസ് വാഹനാപകടത്തിൽ മരിച്ചു



ഹൂസ്റ്റൺ: ഓഗസ്റ്റ് 27-ന് വൈകുന്നേരമുണ്ടായ വാഹനാപകടത്തിൽ ഹൂസ്റ്റണിലെ ഷുഗർലാൻഡ് നിവാസിയായ ലിസി തോമസ് അന്തരിച്ചു. പതിവുപോലെ നടക്കാനിറങ്ങിയ ലിസിയെ ഒരു വാഹനം വന്നിടിക്കുകയാണുണ്ടായത്. ഉടൻതന്നെ ലൈഫ് ഫ്ളൈറ്റ് വഴി ലോക്കൽ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ഷുഗർലാൻഡിലെ ന്യൂടെറിറ്റോറിയിലുള്ള ഹോംവാർഡുവെ റോഡിലാണ് അപകടം സംഭവിച്ചത്.

നാട്ടിൽ രാമപുരം സ്വദേശിയായ അഗസ്റ്റിൻ തോമസിന്റെ ഭാര്യയായ ലിസി ഹൂസ്റ്റൺ വി.എ. ഹോസ്പിറ്റൽ എംപ്ലോയിയാണ്. ഹൂസ്റ്റണിലെ ബ്രൈറ്റ് ഓട്ടോ സ്ഥാപനത്തിന്റെ ഉടമ ബിജു ജോർജ് സഹോദരനാണ്. സെന്റ് ജോസഫ് സീറോമലബാർ കത്തോലിക്കാ ദേവാലയത്തിലെ സജീവപ്രവർത്തകയായിരുന്നു.

വാർത്ത: എ.സി. ജോർജ്

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# നിര്യാതരായി

## കെ.എം. ഫിലിപ്പ്

**മണർകാട്:** കുന്നംചിറ കെ.എം. ഫിലിപ്പ് (മണി-85) അന്തരിച്ചു. ഭാര്യ പീടിയേക്കൽ പരേതയായ മറിയാമ്മ ഫിലിപ്പ്. മക്കൾ: ഡോ. ഗ്രേസ് ഫ്രാൻസിസ്, ഡോ. ആശ ഫിലിപ്പ്. മരുമക്കൾ: ഡോ. അലൻ ഫ്രാൻസിസ്, ഡോ. മാത്യു തയ്യിൽ (എല്ലാവരും യുഎസ്).

**പത്തനംതിട്ട:** യുഎഇയിലെ ആദ്യകാല ഗൈനക്കോളജിസ്റ്റ് പത്തനംതിട്ട പുല്ലാട് കളപ്പുരയ്ക്കൽ ഡോ. മേരി ജോൺ (81) അന്തരിച്ചു.

**ദുബായ്:** യുഎഇയിലെ റെയിൻബോ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സ്ഥാപകനും മാനേജിങ് ഡയറക്ടറുമായിരുന്ന ജോൺസൺ ജെ. മാഞ്ഞൂരാൻ (റെയിൻബോ ജോൺസൺ-74) അരിച്ചു.

**പാലാ:** എസ്.ബി.ഐ റിട്ട. ഉദ്യോഗസ്ഥൻ വെള്ളിയേപ്പള്ളി മേനാംപറമ്പിൽ എം.സി. അലക്സ് (ചാണ്ടിച്ചൻ-71) അന്തരിച്ചു. വെറ്ററൻസ് നീന്തൽ താരവും അന്തരിച്ച് ആർച്ച്ബിഷപ് ഡോ. തോമസ് മേനാംപറമ്പിലിന്റെ സഹോദരനാണ് പരേതൻ.

## ജോർജ് ഏബ്രഹാം

**തൃക്കൊടിത്താനം:** ആലപ്പുഴ വടക്കേക്കളം ജോർജ് ഏബ്രഹാം (സാലു-72) അന്തരിച്ചു. ഭാര്യ പുതുക്കരി തുണ്ടിയിൽ ആൻസമ്മ തോമസ് (റിട്ട. പ്രഫ. സെ. ജോർജ് കോളജ് അരുവിത്തുറ). മക്കൾ: അനൂപ് (കാനഡ), അനില (യുഎസ്). മരുമക്കൾ: സ്റ്റെഫി ജോർജ് വടശ്ശേരിൽ (പൊൻകുന്നം), ഡോ. അമൽ പോൾ മൂലൻമൂഴ (തൃശൂർ).

**മീനച്ചിൽ:** ആനക്കല്ലും മുകളേൽ പരേതനായ ജോസഫ് ചാണ്ടിയുടെ ഭാര്യ അന്നക്കുട്ടി ജോസഫ് (85) അന്തരിച്ചു.

**കിടങ്ങൂർ:** കണ്ണാംപടം (വാരികാട്ട്) കെ.ജെ. കുര്യാക്കോസ് (ബേബി-90) അന്തരിച്ചു.

## തോമസ് മാത്യു

**എരുമേലി:** കുവൈറ്റ് കെവൈഎസ്ആർ മുൻ ഉദ്യോഗസ്ഥൻ കനകപ്പലം നീറംപ്ലാക്കൽ തോമസ് മാത്യു (ബാബു-75) അന്തരിച്ചു. ഭാര്യ മാരാമൺ മേപ്പുറത്ത് പരേതയായ ഏലിയാമ്മ തോമസ്. മക്കൾ: സിമി സൂസൻ തോമസ് (തിരുവല്ല), ഷാലു എലൻസാ ജോർജ് (ഫ്ളോറിഡ). മരുമക്കൾ: അനിൽ ജോർജ് ഈശോ ചാലുമാട്ട് (റാന്നി), വിജു ജോർജ് ജൂനിയർ (ഫ്ളോറിഡ).

**ചെങ്ങന്നൂർ:** പിരളശേരി നികരുംപുറത്ത് ഐപിസി ബഥേൽ ചർച്ച് പാസ്റ്റർ മൈലംതറയിൽ എം.എം. ജോൺസൺ (56) അന്തരിച്ചു.


**മാവേലിക്കര:** കുന്നം മുണ്ടുചാലിൽ വീട്ടിൽ തങ്കമ്മ (88) അന്തരിച്ചു.

**മറ്റക്കര:** മറ്റക്കര കൊച്ചുമഠത്തിൽ സ്കറിയാ ചാണ്ടി (70) അന്തരിച്ചു.

## ശങ്കരനാരായണ പിള്ള

**പുലിയന്നൂർ:** വിജയഭവനിൽ ശങ്കരനാരായണപിള്ള (71) അന്തരിച്ചു. ഭാര്യ പാലാ വെള്ളിയേപ്പള്ളി കുനാനിയിൽ സതീദേവി. മക്കൾ: സുചിത്ര (യുഎസ്), സൂര്യ (വിളക്കുമാടം), വിഷ്ണു (യുകെ). മരുമക്കൾ: സജീഷ് (യുഎസ്), സന്ദീപ് (വിളക്കുമാടം).

## ഐ.സി. ജോസഫ്



**ഫിലാഡൽഫിയ:** മൂവാറ്റുപുഴയ്ക്കടുത്ത് കടവൂർ ഐ.ജെ. ചാക്കോയുടെയും സിസിലിയുടെയും മകൻ ഐ.സി. ജോസഫ് (ഇല്ലിപ്പറമ്പിൽ ചാക്കോ ജോസഫ്-78) ഫിലാഡൽഫിയയിൽ അന്തരിച്ചു. വിദ്യാഭ്യാസത്തിനുശേഷം 1986-ൽ അമേരിക്കയിലെത്തിയ അദ്ദേഹം ന്യൂയോർക്ക് സ്റ്റേറ്റിലെ ഒരു ഫൈനാൻഷ്യൽ ഓഫീസറായിട്ടാണ് റിട്ടയർ ചെയ്തത്. ഇന്ത്യ കാത്തലിക് അസോസിയേഷൻ ഉൾപ്പെടെ വിവിധ സന്നദ്ധ സംഘടനകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഭാര്യ ലിസമ്മ. മക്കൾ: ഡോ. ലിജോ, ലെവിൻ. മരുമകൾ: ഡോ. കെയ്‌ലിൻ. സഹോദരങ്ങൾ: വർഗീസ്, വത്സമ്മ, ഗ്രേസമ്മ, സിസ്റ്റർ റോസ്, തൊമ്മിച്ചൻ, ഫ്ളവർ, ആനി, സോഫി, പരേതരായ മറിയാമ്മ, ക്ലാരമ്മ.

**ഇടയ്ക്കാട്ടുകുന്ന്:** കണ്ണംകുന്നേൽ (വട്ടുകളം) സണ്ണി ജോർജ് (61) അന്തരിച്ചു.

**കറുകച്ചാൽ:** കല്ലക്കടമ്പിലായ വടക്കത്ത് പരേതനായ വി.പി. ജോബിന്റെ ഭാര്യ സാറാമ്മ ജോബ് (85) അന്തരിച്ചു.

**കുളത്തുക്കടവ്:** വേലംകുന്നേൽ തങ്കമ്മ വാസു (80) അന്തരിച്ചു.

**കങ്ങഴ:** കോവൂർ പുരയിടം പരേതനായ കെ.ജെ. വർഗീസിന്റെ ഭാര്യ കങ്ങഴ സിഎംഎസ് സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക അച്ചാമ്മ വർഗീസ് (84) അന്തരിച്ചു.

**വേലൂപ്പാടം (തൃശൂർ):** സിഎംസി കോൺഗ്രിഗേഷൻ തൃശൂർ നിർമല പ്രൊവിൻസ് അംഗം സിസ്റ്റർ എലിസബത്ത് (88) അന്തരിച്ചു.

**കരിമ്പനക്കുളം:** തടത്തിൽ പരേതനായ ടി.ജെ. വർഗീസിന്റെ ഭാര്യ അന്നമ്മ വർഗീസ് (98) അന്തരിച്ചു.

**പൂഞ്ഞാർ:** മങ്ങാട്ടുകുന്നേൽ ജോസഫ് ഇട്ടിയവിര (തങ്കച്ചൻ-75) അന്തരിച്ചു.

## തോമസ് തോമസ്

**കൽത്തൊട്ടി:** തെക്കേവയലിൽ തോമസ് തോമസ് (തോമാച്ചൻ-69) അന്തരിച്ചു. ഭാര്യ കൽത്തൊട്ടി ചള്ളവയലിൽ മേരിക്കുട്ടി. മക്കൾ: ജോഷി തോമസ് (ഓസ്ട്രേലിയ), ആൽബിൻ ടി. തോമസ്, അരുൺ ടി. തോമസ്, ലിൻസി വർക്കി (യുകെ), ജ്യോതി തോമസ് (യുഎസ്).

**നെല്ലിപ്പാറ:** ഹൈറേഞ്ചിലെ കുടിയേറ്റ കർഷകൻ കപ്പലുമാക്കൽ മത്തായി ദേവസ്യ (90) അന്തരിച്ചു.

**അമയന്നൂർ:** പാടത്തുമാപ്പിള ചേർക്കോട്ട് സാറാമ്മ മത്തായി (91) അന്തരിച്ചു.

## മറിയാമ്മ ജോർജ്

**ഉഴവൂർ:** കാനാട്ട് പരേതനായ കെ.എം. ജോർജിന്റെ ഭാര്യ ഉഴവൂർ സെ. ജോവാനാസ് എൽപി, സ്കൂൾ റിട്ട. അദ്ധ്യാപിക മറിയാമ്മ (80) അന്തരിച്ചു. പിറവം കുഴിക്കാട്ടുമനക്കൽ കുടുംബാംഗമാണ്. മക്കൾ: രാജു (സ്വിറ്റ്സർലൻഡ്), ലത, ബിനു (ഇരുവരും യുഎസ്). മരുമക്കൾ: ഡെറ്റി തൊടുകയിൽ (കൈപ്പുഴ), ജോർജുകുട്ടി നടുപ്പറമ്പിൽ (കരിങ്കുന്നം), ജെയിംസ് ഓളിയിൽ പുത്തൻപുരയിൽ (കല്ലറ).

**തിരുവനന്തപുരം:** എയർ ഫോഴ്സിലെയും സിൻഡിക്കേറ്റ് ബാങ്കിലെയും മുൻ ഉദ്യോഗസ്ഥൻ പാലാ ഉഴുത്തുവാൽ സെബാസ്റ്റ്യൻ ജോസഫ് (80) അന്തരിച്ചു.

**പാമ്പാടി ഈസ്റ്റ്:** പൂതകുഴികുന്നേത്ത് പരേതനായ മത്തായിയുടെ ഭാര്യ അമ്മിണി മത്തായി (96) അന്തരിച്ചു.

## രാജു ജോൺ

**വേളൂർ:** കെഎസ് ഇബി റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ വഞ്ചിയിൽ രാജു ജോൺ (89) അന്തരിച്ചു. ഭാര്യ ആലീസ് ജോൺ (റിട്ട. അദ്ധ്യാപിക). മക്കൾ: റെനി ജോൺ, റീന ജോർജ്, റാണി ജോൺ (മൂവരും യുഎസ്). മരുമക്കൾ: സൂസൻ റെനി, ജിജോ ജോർജ്, ജിനു ഏബ്രഹാം (മൂവരും യുഎസ്).

**പറവൂർ:** കേരള സംഗീത നാടക അക്കാഡമി അവാർഡ് ജേതാവും നടനും ഹാസ്യാനുകരണ കലാകാരനുമായ കെടാമംഗലം തൈപ്പറമ്പിൽ സൈനൻ (സൈനൻ കെടാമംഗലം-61) അന്തരിച്ചു.

**മാലം:** റിട്ട. പോലീസ് സബ് ഇൻസ്പെക്ടർ ചാണത്തെത്തിൽ സി.ഐ. ചാക്കോ (കുഞ്ഞുമോൻ-84) അന്തരിച്ചു.

**ചങ്ങനാശേരി:** പുന്നക്കുന്ന് കളരിക്കൽ ജോസഫ് വർഗീസ് (ബേബിച്ചൻ-74) അന്തരിച്ചു.

**കാക്കനാട്:** റബർ ബോർഡ് റിട്ട. ഡെപ്യൂട്ടി സെക്രട്ടറി കൊല്ലേലിൽ കെ.ടി. ജോസഫ് (കുഞ്ഞച്ചൻ-74) അന്തരിച്ചു.

**നരിയമ്പാറ:** പടിഞ്ഞാറേക്കര പി.ജെ. ജോസഫ് (കുട്ടപ്പൻ-83)അന്തരിച്ചു.

## ഡോ. ശാന്ത ജി. നായർ

**വൈക്കം:** ആറാട്ടുകുളങ്ങര നിഷയിൽ പരേതനായ എം.ജി. ഗോപാലകൃഷ്ണൻ നായരുടെ (റിട്ട. തഹസിൽദാർ) ഭാര്യ വൈക്കം കൊതവറ സെ. സേവ്യേഴ്സ് കോളജ് റിട്ട. ഹിന്ദിവിഭാഗം മേധാവി ഡോ. ശാന്താ ജി. നായർ (79) അന്തരിച്ചു. മക്കൾ: ഡോ. നിഷാ ജി. നായർ (യുഎസ്), നിഷാന്ത് ജി. നായർ. മരുമകൻ: ഡോ. ജയപ്രകാശ് കെ. നായർ (യുഎസ്).

**കൊല്ലങ്കോട്:** കൊല്ലങ്കോട് ബിഎസ്എസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അദ്ധ്യാപികയും ഏരുവന്നൂർ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി ഡയറക്ടർ ബോർഡ് അംഗവുമായിരുന്ന അരുവന്നൂർപറമ്പ് സാകല്യത്തിൽ എം. കോമളവല്ലി (76) അന്തരിച്ചു.

## ജോൺ ടി. വർഗീസ്



**ന്യൂജേഴ്സി:** തിരുവല്ല വള്ളംകുളം തയിൽപ്പറമ്പിൽ പരേതരായ ടി.കെ. വർഗീസിന്റെയും സാറാമ്മ വർഗീസിന്റെയും മകൻ ജോൺ ടി. വർഗീസ് (83) ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ സാറാമ്മ ജോൺ തിരുവല്ല കുന്നന്താനം മന്നത്തേതിൽ കുടുംബാംഗമാണ്. മക്കൾ: ജോബി ജോൺ (മിഡ്‌ലാൻഡ്), ജിബി ജോൺ തോമസ് (മെസ്കീറ്റ്). സഹോദരങ്ങൾ: മറിയാമ്മ ഇടിക്കുള, സാറാമ്മ തോമസ്, ടി.വി. മത്തായി, റേച്ചൽ മാത്യു, പരേതരായ ടി.വി. വർഗീസ് ടി.വി. തോമസ്, ഏലിയാമ്മ ചാക്കോ.

**പുഞ്ചവയൽ:** തേക്കിലക്കാട്ടിൽ റിട്ട. ഫോറസ്റ്റ് റേഞ്ച് ഓഫീസർ പരേതനായ ടി.എം. ശ്രീധരന്റെ ഭാര്യ ചെല്ലമ്മ ശ്രീധരൻ (82) അന്തരിച്ചു.

**കൊല്ലാട്:** കെഎസ്ഇബി റിട്ട ഉദ്യോഗസ്ഥൻ നാൽക്കവല കെ.എം. സുകുമാരൻ (84) അന്തരിച്ചു.

**ചേലക്കൊമ്പ്:** മുക്കാട്ട് പരേതനായ മാത്യു ഫിലിപ്പിന്റെ ഭാര്യ എലിസബത്ത് ഫിലിപ്പ് (73) അന്തരിച്ചു.

**അരീപ്പറമ്പ്:** തേക്കിയിലായ കിഴക്കേപ്പറമ്പിൽ കെ.വി. കോരയുടെയും അമ്മുക്കുട്ടിയുടെയും മകൻ എബിസൺ കെ. കോര (54) അന്തരിച്ചു.

**മാങ്ങാനം:** പറപ്പള്ളി ചിറയിൽ പാസ്റ്റർ പൗലോസ് പി. തോമസ് (ബാബു മാങ്ങാനം-65) അന്തരിച്ചു.

## കെ.സി. ആൻഡ്രൂസ്

**കുറിച്ചി:** വാട്ടർ അതോറിറ്റി കോൺട്രാക്ടർ കളത്തിൽ കെ.സി. ആൻഡ്രൂസ് (പാപ്പച്ചൻ-73) അന്തരിച്ചു. ഭാര്യ എടത്വ കാടാത്ത് സാറാമ്മ. മക്കൾ: ദീപ, ദീപ്തി, ദിവ്യ (യുഎസ്). മരുമക്കൾ: ഏറ്റുമാനൂർ കുര്യചിറയിൽ പ്രിൻസി, ചിങ്ങവനം കൊണ്ടൂർ ടിനിറ്റ്, വെളിയനാട് പാട്ടപറമ്പിൽ ജിന്റു (യുഎസ്).

**കോട്ടയം:** പുത്തനങ്ങാടി കട്ടപ്പുറത്ത് (എൺപറയിൽ) പരേതനായ രാജു കട്ടപ്പുറത്തിന്റെ ഭാര്യ തങ്കമ്മ (81) വാൽപാറയിൽ അന്തരിച്ചു.

**മള്ളൂശേരി:** വാരിശേരി മഴുക്കാട്ട് എം.ജി. സുനിലിന്റെ (റിട്ട. കെഎസ്ഇബി) ഭാര്യ ഉഷ സുനിൽ (52) അന്തരിച്ചു.

**തൊടുപുഴ:** കരിങ്കുന്നം പ്ലാന്റേഷൻ സൺവ്യൂ വില്ലയിൽ പൂവത്തുങ്കൽ പി.സി. ജേക്കബ് (70) അന്തരിച്ചു.

**കൊടുങ്ങല്ലൂർ:** സിനിമാ തിരക്കഥാകൃത്തും നാടക രചയിതാവുമായ കുളിമുട്ടം പതിശേരി സുരേഷ് പതിശേരി (60) അന്തരിച്ചു.

**കോട്ടയം:** ഇന്ത്യൻ ഇവാഞ്ചലിക്കൽ മിഷൻ (ഐഇഎം) മുൻ ജനറൽ സെക്രട്ടറി കോട്ടയം ചെല്ലിയൊഴുക്കം പുത്തൻപുരയ്ക്കൽ റവ.ഡോ. ജോൺ വെസ്‌ലി (71) ബെംഗ്ളൂരുവിൽ അന്തരിച്ചു.

## ഈപ്പൻ വടക്കേൽ

**മണ്ണാർക്കാട്:** കാഞ്ഞിരപ്പുഴ മുതുകുറിശ്ശി വടക്കേൽ വി.എ. ഈപ്പൻ (87) അന്തരിച്ചു. ഭാര്യ റാണി ഈപ്പൻ (പാലാ) മരങ്ങാട്ടുപിള്ളി രാമപുരത്ത് കുടുംബാംഗം. മക്കൾ: ബിന്ദു സെയിൻ (ഓസ്ട്രേലിയ), ബീന ബിനു (ഇംഗ്ലണ്ട്), ബോബി ഈപ്പൻ (യുഎസ്). മരുമക്കൾ: സെയിൻ അഗസ്റ്റിൻ കിഴക്കേവെള്ളിലാപ്പള്ളി കാക്കൂർ, ബിനു തോമസ് പള്ളത്തുശേരി കരിക്കോട്ടക്കരി, രേഖ ബോബി തൂങ്കുഴി തിരുവമ്പാടി.

**മഞ്ഞുമ്മൽ:** നിഷ്പാദുക കർമ്മലീത്താ സഭാംഗം ഫാ. ആന്റണി ഇട്ടിക്കുന്നത്ത് (54) അന്തരിച്ചു.

**കുന്നമംഗലം:** തിരൂരങ്ങാടി പിഎസ്എംഒ കോളജ് തളിപ്പറമ്പ് സർ സയ്യിദ് കോളജ്, എഎച്ച്ഇഎസ് ആർട്സ് ആൻഡ് സയൻസ് കോളജുകളുടെ പ്രിൻസിപ്പലായിരുന്ന ഡോ. ടി. മുഹമ്മദ് (80) അന്തരിച്ചു.

**കൊടുന്തറ:** നാഗാലാൻഡ് റിട്ട. പോലീസ് ശ്രീവത്സം തച്ചിരേത്ത് മുരളീധരൻ നായർ (77) അന്തരിച്ചു.

**ചേറ്റുതോട്:** കുന്നത്തുപുരയിടം കെ.ടി. തോമസ് (94) അന്തരിച്ചു.

**കുറ്റൂർ:** വിമുക്തഭടൻ പടിഞ്ഞാറ്റുംതറ ആലുംമൂട്ടിൽ എം.കെ. ശിവൻപിള്ള(അപ്പുകുട്ടൻ-70) അന്തരിച്ചു.

**കരിങ്കുന്നം:** ചന്ദ്രപ്പിള്ളിൽ സി.യു. ജോൺ (82) അന്തരിച്ചു.

## ശാന്തമ്മ കൃഷ്ണൻ

**അമലഗിരി:** മണ്ണംശേരിൽ ശാന്തമ്മ കൃഷ്ണൻ (76) അന്തരിച്ചു. ഭർത്താവ് എം.കെ. കൃഷ്ണൻ (വിമുക്തഭടൻ). മക്കൾ: മഹേഷ് കൃഷ്ണൻ (എസ്ഐ കുറവിലങ്ങാട്), മനോജ് കൃഷ്ണൻ (യുഎസ്), വിവേക് കൃഷ്ണൻ (സിംഗപ്പൂർ). മരുമക്കൾ: മഞ്ജുഷ മഹേഷ്, സീമ മനോജ്, നവ്യ വിവേക്.

**കോട്ടയം:** കളക്ടറേറ്റ് പാർക്ക് ലൈനിൽ കുമാരീസദനത്തിൽ പ്രാണിക് ഹിലറും ജ്യോതിഷിയുമായ ശ്രീകുമാരി നായർ (79) അന്തരിച്ചു.

## ടോം സോജൻ

**ചേനപ്പാടി:** മുട്ടത്ത് ടോം സോജൻ (72) അന്തരിച്ചു. ഭാര്യ ഇളങ്ങുളം കളരിക്കൽ മോളി സോജൻ. മക്കൾ: രശ്മി, റോണി. മരുമകൻ: ഷോൺ കുറുപ്പംപറമ്പിൽ ചെറായി (യുഎസ്).

**ഏറ്റുമാനൂർ:** റിട്ട. എസ്ഐ നെല്ലിക്കാത്തടത്തിൽ എം.ജെ. ജോർജ് (84) അന്തരിച്ചു.

**കൊടകര:** കേരള ക്രിക്കറ്റ് അസോസിയേഷൻ മുൻ ലെവൽ വൺ അമ്പയറും തൃശൂർ ജില്ല ക്രിക്കറ്റ് അസോസിയേഷൻ ട്രഷററുമായിരുന്ന കൊടകര കാവിൽ മരത്തോമ്പള്ളി വാരിയത്ത് ഗീതാഭവനിൽ ബി. നന്ദകുമാർ (67) അന്തരിച്ചു.

**കല്ലറ:** കേരള ബാങ്ക് റിട്ട. മാനേജർ പെരുന്തുരുത്ത് കോട്ടയിൽ കെ.പി. ജോയ് (65) അന്തരിച്ചു.

**അരീപ്പറമ്പ്:** തേമ്പള്ളിയിലായ ചെന്നിക്കര പുത്തൻപുരയ്ക്കൽ ശോശാമ്മ രാജു (കുഞ്ഞുമോൾ-71) അന്തരിച്ചു.

## പത്മാവതി

**കോട്ടയം:** കുടമാളൂർ മേഘരാഗത്തിൽ (വെട്ടുകുഴി) പരേതനായ വി.കെ. സുകുമാരന്റെ ഭാര്യ പത്മാവതി (86) അന്തരിച്ചു. മക്കൾ: ഷീന (മുഹമ്മ), വി.എസ്. രാജേഷ്കുമാർ (യുഎസ്). മരുമക്കൾ: കെ.പി. ലാലി, പ്രീതി രാജേഷ്.

**പൂഞ്ഞാർ:** ഈന്തുംപ്ലാക്കൽ ജോസ് മാത്യു (മത്തച്ചൻ-81) അന്തരിച്ചു.

**നാട്ടകം:** മറിയപ്പള്ളി പുത്തൻപറമ്പിൽ (പാറയിൽ) ശശീന്ദ്രബാബു (72) അന്തരിച്ചു.

**പാലാ:** സ്നേഹഗിരി മിഷനറി സന്യാസിനി സമൂഹാംഗം സിസ്റ്റർ ജയ (എത്സി-83) അന്തരിച്ചു.

**പാറത്തോട്:** പുതിയാപറമ്പിൽ ത്രേസ്യാമ്മ സ്കറിയ (88) അന്തരിച്ചു.

**മാന്നാനം:** ഓട്ടപ്പള്ളിൽ ലീലാമ്മ ഫിലിപ്പ് (85) അന്തരിച്ചു.

**പൂവത്തോട്:** കടപ്പ രൂപതാംഗം ഫാ. ജോർജ് ആലക്കളം (82) അന്തരിച്ചു.

**തിരുവഞ്ചൂർ:** ചെത്തിമറ്റത്തിൽ ഓമന ജോൺ (57) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

### *Favors Received*



*Inserted by: Firm Believer, Boston*

### *Favors Received*



*Inserted by: Firm Believer, Boston*

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, New York*

### *Favors Received*



*Inserted by: Firm Believer, New York*




# നിവിൻ – മമിത റൊമാന്റിക് കോമഡി 'ബെത്‌ലഹേം കുടുംബ യൂണിറ്റി'ന്റെ വിശേഷങ്ങളുമായി സംവിധായകൻ ഗിരീഷ് എ.ഡി.

ഗിരീഷ് എ.ഡി. ഒരുക്കിയ നിവിൻ-മമിത റൊമാന്റിക് കോമഡി ബെത്‌ലഹേം കുടുംബയൂണിറ്റ് തിയറ്ററുകളിൽ. തണ്ണീർമത്തൻ ദിനങ്ങളും സൂപ്പർ ശരണ്യയും പ്രേമലുവുമൊക്കെ സംവിധാനം ചെയ്ത ഗിരീഷ് എ.ഡിയും നിവിൻ പോളിയും അദ്യമായി ഒന്നിച്ച ചിത്രത്തിൽ സംഗീത് പ്രതാപും പ്രധാന വേഷത്തിൽ. സംവിധായകൻ കിരൺ ജോസിയുമാണ് തിരക്കഥയൊരുക്കിയിരിക്കുന്നത്. ഇതിൽ ഹ്യൂമറുണ്ട്. എന്നാൽ, ഞാൻ ഇതുവരെ ചെയ്ത സിനിമകളിൽ കുറച്ചുകൂടി ഇമോഷണൽ കണ്ടന്റ് ഇതിലാണുള്ളതെന്ന് ഗിരീഷ് പറയുന്നു.

ബെത്‌ലഹേമിലേക്ക് എത്തിയതെങ്ങനെയെന്നാൽ ആദ്യ പടത്തിന്റെ സമയത്തൊക്കെ ഈ കഥയുടെ ബേസിക് ത്രെഡ് മനസ്സിലുണ്ടായിരുന്നു. തണ്ണീർമത്തൻ അന്നു ചെയ്യാൻ പറ്റിയില്ലായിരുന്നെങ്കിൽ ഇതു ചെയ്യാം എന്ന പ്ലാനിലായിരുന്നു. അന്ന് ആ കഥാപാത്രം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ ഏഴു വർഷം കൊണ്ടാണ് കഥ ഇത്രത്തോളമെത്തിയത്. ജസ്റ്റിനും ആഷ്‌ലിയും തമ്മിലുള്ള ലവ് സ്റ്റോറിയാണു സിനിമ. അവർ തമ്മിൽ 13–14 വയസ്സ് വ്യത്യാസമുണ്ട് എന്നതാണ് ഇതിലെ പ്രത്യേകത. അവർ പ്രണയത്തിലേക്ക് എത്തുന്നതും ഇതിലേക്ക് മുന്നോട്ടു പോകുന്നതുമായ കാര്യങ്ങൾ തമാശയും ഇമോഷനുമൊക്കെയായി പറയുകയാണ്. അങ്കമാലിയാണു കഥാ പശ്ചാത്തലം. അവിടെയാണു ജസ്റ്റിനും കുടുംബവും കസിൻസുമൊക്കെ താമസിക്കുന്നത്. കാറ്ററിംഗ് സർവീസ് നടത്തുകയാണ് ജസ്റ്റിൻ. അവിടേക്ക് കോട്ടയം മുണ്ടക്കയത്തുനിന്ന് എത്തിയതാണു ആഷ്‌ലിയും കുടുംബവും. രണ്ടു കുടുംബങ്ങളുടെ കഥകൂടിയാണിത്.

കഥയുടെ സ്പാർക്ക് ഉണ്ടായതെങ്ങനെയെന്നു ചോദിച്ചാൽ, എന്റെ വീട് ചാലക്കുടിക്കടുത്ത് വെറ്റിലപ്പാറയിലാണ്. കോട്ടയം ഭാഗങ്ങളിൽ നിന്നുള്ള ധാരാളം കർഷകരൊക്കെ വന്നു താമസിക്കുന്ന സ്ഥലമാണ്. നാട്ടിലെ സ്ഥലവും വീടുമൊക്കെ വിറ്റ്, ഇവിടെ സ്ഥലം വാങ്ങി ഇവിടത്തുകാരിയായി മാറുന്ന ആളുകളെ ഞാനെന്റെ ചെറുപ്പത്തിൽ കണ്ടിട്ടുണ്ട്. അതുമായി ഈ കഥയ്ക്ക് നേരിട്ടുള്ള ബന്ധമൊന്നുമില്ല. ആ ഒരു പശ്ചാത്തലമൊക്കെ എടുത്തുവെന്നു മാത്രം.

ക്രിസ്മസിനായാലും ഓണത്തിനായാലും ഇറക്കാൻ പറ്റുന്ന സിനിമകളാണ് ഇതൊക്കെ. ഇടവകപ്പള്ളിയുടെ കീഴിലുള്ള അടുത്തടുത്ത വീടുകൾ ഒരു യൂണിറ്റ് ആയിട്ട് തിരിക്കാറുണ്ട്. അതിൽ ജസ്റ്റിന്റെയും ആഷ്‌ലിയുടെയും കുടുംബ ബന്ധങ്ങൾ ഉൾപ്പെട്ട കുടുംബ യൂണിറ്റാണ് ബെത്‌ലഹേം. നിവിൻ-മമിത കോമ്പിനേഷൻ ആണ് ഈ കഥാപാത്രങ്ങളൊക്കെ ആലോചിക്കുമ്പോൾ തന്നെ ആദ്യമേ മനസ്സിലുണ്ടായിരുന്നത്. സൂപ്പർ ശരണ്യയുടെ സമയത്തുതന്നെ ഞാൻ ഇതു മമിതയോടു പറഞ്ഞിട്ടുണ്ട്. നിവിനുമായി അന്നു പരിചയമുണ്ടായിരുന്നില്ല. ഈ സിനിമ ചെയ്യാൻ തീരുമാനിച്ച ശേഷം കഴിഞ്ഞ വർഷം ജനുവരിയിലാണ് അദ്ദേഹത്തോടു പറഞ്ഞത്. ഓപ്പോസിറ്റ് നിൽക്കുന്ന ആരുമായും നല്ല കെമിസ്ട്രി ഉണ്ടാക്കാൻ പറ്റുന്നതാണ് ഇരുവരും.

പ്രേമലുവിന്റെ ഫ്ളേവർ ഇതിൽ കലർത്തിയിട്ടുണ്ട്. പ്രേമത്തിന്റെ കണക്ഷനൊന്നുമില്ല. പ്രേമം വേറൊരു ടൈപ്പിലും ടോണിലുമുള്ള പടമാണല്ലോ. ഇതിൽ നിവിൻ ഉള്ളതുകൊണ്ട് ഫീൽ ചെയ്യുന്നതായിരിക്കും. തേവര കോളജിലാണ് ഇതിലെ കോളജ് സീനുകളെടുത്തത്. പ്രേമലുവിലെ ശ്യാമും ഇതിലുണ്ട്.

നിവിനുമായി കംഫർട്ട് സോൺ രൂപപ്പെട്ടത് എങ്ങനെയെന്നാൽ കഥ ഇഷ്ടമായപ്പോൾ മുതൽ അദ്ദേഹം ഈ സിനിമയിലേക്ക് എത്തി. സെറ്റിൽ നമ്മൾ എന്താണോ പറയുന്നത് അദ്ദേഹം അതു ചെയ്യുന്നു. ചിലപ്പോൾ ഇങ്ങനെയൊന്ന് ആലോചിക്കണോ എന്നൊക്കെ ചോദിക്കും. ആവശ്യമില്ലാതെ വേറെ ഒരു കാര്യത്തിലും അദ്ദേഹം ഇടപെടില്ല. ഞാനങ്ങോട്ടു വരും, നിങ്ങൾ ഷൂട്ട് ചെയ്തോ എന്ന രീതിയിലാണ് ഈ സിനിമയിൽ അദ്ദേഹം നമ്മളുമായി സഹകരിച്ചത്. ഏറെ ഫ്ളെക്സിബിൾ ആയിരുന്നു.


ഗിരീഷ് എ.ഡി


നിവിൻ പോളി, മമിത

സൂപ്പർ ശരണ്യ ചെയ്യുമ്പോൾ മമിത സൂപ്പർ താരമാകുമെന്നു പ്രതീക്ഷിച്ചിരുന്നോ എന്നു ചോദിച്ചാൽ ആദ്യം മുതൽതന്നെ എനിക്കു വളരെ കംഫർട്ട് ആണ് മമിത. ഏറെ പോസിറ്റീവും സ്മാർട്ടും ചാമിങ്ങുമാണു മമിതയുടെ രീതികളും പെർഫോമൻസുമൊക്കെ. വലിയൊരു നടിയായി മാറുമെന്ന് അന്നേ തോന്നിയിട്ടുണ്ട്. സംഗീതവുമായി ബന്ധമുള്ള, അത്യാവശ്യം ഒതുങ്ങി ജീവിക്കുന്ന, ലോവർ മിഡിൽ ക്ലാസ് ഫാമിലിയിലെ പെൺകുട്ടിയാണ് ഇതിലെ കഥാപാത്രം ആഷ്‌ലി.

നിവിന്റെ അനിയൻ വേഷം ചെയ്യുന്നതു സംഗീത് പ്രതാപാണ്. ആളൊരു ഷോർട് ഫിലിം ഡയറക്ടറാണ്. അവനു സിനിമയായിട്ടൊന്നും ബന്ധമൊന്നുമില്ല. അവന്റെ ഷോർട് ഫിലിംസ് പ്രൊഡ്യൂസ് ചെയ്യുന്നത് ജസ്റ്റിനാണ്.

ആക്ടിംഗിനെക്കുറിച്ചു ചിന്തിച്ചിട്ടു കൂടിയില്ല. എനിക്കു സംവിധാനമാണു താല്പര്യം. ഇതിൽ യാദൃച്ഛികമായി വന്നതാണ്. ഗണപതി കാസ്റ്റ് ചെയ്തു. അങ്ങനെ പോയി. മുൻപ് ആന്റണി വർഗീസ് നായകനായ 'പൂവൻ' എന്ന പടത്തിലും അഭിനയിച്ചിട്ടുണ്ട്.

പ്രേമലു 2 ആലോചനയിലുണ്ടോ എന്നു ചോദിച്ചാൽ ആ സിനിമ ഉപേക്ഷിച്ചതാണ്. അടുത്ത സിനിമയുടെ ചർച്ചകളിലാണ്.

## മമ്മൂട്ടി– ധനുഷ് ചിത്രം; ഗാനം വൈറലാകുന്നു

മമ്മൂട്ടിയും ധനുഷും മലയാളി പ്രേക്ഷകർ ഇതുവരെ സങ്കൽപിച്ചിട്ടുപോലുമില്ലാത്ത ഈ സൂപ്പർസ്റ്റാർ കെമിസ്ട്രിയിൽ ഒരു പാൻ ഇന്ത്യൻ ബിഗ് ബജറ്റ് ചിത്രം അണിയറയിൽ ഒരുങ്ങുകയാണ്. 'ഓം ചാപ്റ്റർ–1 ഉധിരം' എന്നു പേരിട്ടിരിക്കുന്ന തമിഴ് ചിത്രത്തിലെ ഒരു ഗാനത്തിന്റെ ലിറിക്കൽ വീഡിയോ പുറത്തിറങ്ങിയതോടെ പ്രേക്ഷകരുടെ ആകാംക്ഷ അതിന്റെ പാരമ്യത്തിലെത്തിക്കഴിഞ്ഞു.

അലാക ലാവ എന്നു തുടങ്ങുന്ന ഗാനം പുറത്തിറങ്ങി 24 മണിക്കൂറിനകത്തുതന്നെ സമൂഹമാധ്യമങ്ങളിൽ തരംഗമാവുകയായിരുന്നു. തെന്നിന്ത്യൻ സിനിമാസംഗീതലോകത്തെ യൂത്ത് സെൻസേഷൻ സായ് ആഭ്യങ്കറുടെ സംഗീതവും ആലാപനവും കൂടിചേർന്നപ്പോൾ സമൂഹമാധ്യമങ്ങളും ഇൻസ്റ്റ റീലുകളിലുമടക്കം കത്തിക്കയറുകയാണ്. രോകേഷിന്റേതാണ് വരികൾ. 'അമരൻ' എന്ന ഹിറ്റ് ചിത്രത്തിനുശേഷം രാജ് കുമാർ പെരിയസ്വാമി രചനയും സംവിധാനവും നിർവഹിക്കുന്ന ചിത്രമാണ് 'ഓം'.






# 'ടോക്സിക്' തിയറ്ററുകളിലെത്തി




ഗീതു മോഹൻദാസ് സംവിധാനം ചെയ്ത പാൻ ഇന്ത്യൻ ചിത്രം ടോക്സിക് തിയറ്ററുകളിലെത്തി. കെജിഎഫ് ഫ്രാഞ്ചൈസിക്കുശേഷം യാഷ് നായകനാകുന്ന ചിത്രമാണിത്. കന്നഡ-ഇംഗ്ലീഷ് ഭാഷകളിലായി ഒരുങ്ങുന്ന ചിത്രം ഒരു സ്റ്റൈലൈസ്ഡ് ഗാംഗ്സ്റ്റർ ഡ്രാമയാണ്.

മലയാളം, തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിലും ചിത്രം റിലീസ് ചെയ്യും. അധികാരം, കുടുംബം, അക്രമം എന്നിവയുടെ പശ്ചാത്തലത്തിൽ മനുഷ്യബന്ധങ്ങളെ ആഴത്തിൽ പരിശോധിക്കുന്ന കഥയെന്നാണു സൂചന.

നായികയായി ബോളിവുഡ് താരം കിയാര അദ്വാനി, നയൻതാര, ഹുമ ഖുറേഷി, അക്ഷയ് ഒബ്റോയ്, താരാ സുതാരിയ, രുക്മിണി വസന്ത് എന്നിവരും പ്രധാന വേഷങ്ങളിൽ.

രചന-യഷ്, ഗീതു മോഹൻദാസ്. ഇരട്ടവേഷത്തിൽ മൂന്ന് ഗെറ്റപ്പുകളിലാണ് യാഷ് ടോക്സിക്കിലെത്തുന്നത്.

ഛായാഗ്രഹണം രാജീവ് രവി. രവി ബസ്രൂർ, വിശാൽ മിശ്ര, തനുഷ്ക് ബാഗ്ചി എന്നിവരാണു സംഗീത സംവിധാനം. നിർമാണം കെവിഎൻ പ്രൊഡക്ഷൻസ്, മോൺസ്റ്റർ മൈൻഡ് ക്രിയേഷൻസ്.

# 'മെൽകൗ പോണ്ടിച്ചേരി' ചിത്രീകരണം പുരോഗമിക്കുന്നു

നവാഗതനായ നിഖിൽ മോഹൻ കഥയെഴുതി സംവിധാനം ചെയ്യുന്ന മെൽകൗ പോണ്ടിച്ചേരി എന്ന ചിത്രത്തിന്റെ പോസ്റ്റർ റിലീസായി. പോണ്ടിച്ചേരിയുടെ പശ്ചാത്തലത്തിൽ ഫുൾ ഫൺ ജോണറിൽ അവതരിപ്പിക്കുന്ന ഈ ചിത്രം ഒരു ഘട്ടത്തിൽ ഏറെ ഉദ്വേഗ കഥാഗതിയിലെത്തുന്നു.

ചിരിക്കൊപ്പം ചിന്തയും നൽകുന്ന ഈ ചിത്രം ഒരു സുഹൃദ് സംഘത്തിന്റെ ആത്മബന്ധത്തിന്റെ കഥയാണു പറയുന്നത്.

പോണ്ടിച്ചേരിയിലെ ഒരു കാമ്പസിൽ ഒന്നിച്ചുപഠിച്ച ഏതാനുംപേർ വീണ്ടും പോണ്ടിച്ചേരിയിൽ ഒത്തുചേരുന്നതും അതിനിടയിൽ അരങ്ങേറുന്ന അപ്രതീക്ഷിതമായ സംഭവങ്ങളുമാണു പറയുന്നത്.

നിർമാണം അരുൺ ഗോപി, ജസ്റ്റിൻ മാത്യു, അർജുൻ അശോകൻ, അൽത്താഫ് സലിം, ബാലു വർഗീസ്, ശരത് സഭ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

സോഷ്യൽ മീഡിയാ താരം അന്നമ്മ, അമൽഷാ, മൊട്ട രാജേന്ദ്രൻ എന്നിവരും പ്രധാന വേഷങ്ങളിലുണ്ട്.

ശ്രീലക്ഷ്മി വിജയനാണ് നായിക. ചിത്രത്തിന്റെ തിരക്കഥാകൃത്തായ സനൂപ് തൈക്കൂടവും കഥാപാത്രത്തെ അവതരിപ്പിക്കുന്നു.

ഛായാഗ്രഹണം-സനീഷ് സ്റ്റാൻലി, എഡിറ്റിംഗ്-സാഗർ ദാസ്, കലാസംവിധാനം-അജി കുറ്റ്യാനി. ദുബായിലും പോണ്ടിച്ചേരിയിലുമായി ചിത്രീകരണം പൂർത്തിയായ ചിത്രത്തിന്റെ




പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുന്നു. ചിത്രം പ്രദർശനത്തിനെത്തിക്കുന്നതു ഗുഡ് വിൽ എന്റർടെയ്ൻമെന്റ്സ്.




# രണ്ട് രഹസ്യങ്ങൾ

ശേഖർ മേനോൻ, വിജയകുമാർ പ്രഭാകരൻ, ബാബു തളിപ്പറമ്പ്, പാരീസ് ലക്ഷ്മി, ദിവ്യ ഗോപിനാഥ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതരായ അർജുൻലാൽ, അജിത് കുമാർ രവീന്ദ്രൻ എന്നിവർ കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് 'രണ്ട് രഹസ്യങ്ങൾ'. അതീവ ത്രില്ലർ സ്വഭാവമുള്ള ചിത്രം നിർമിക്കുന്നത് സാക്കിർ അലി. സ്പാനിഷ് താരം ആൻഡ്രിയ റവേര കേന്ദ്രകഥാപാത്രമാകുന്നു. സംവിധായകർ തന്നെയാണ് തിരക്കഥയും സംഭാഷണവും ഒരുക്കുന്നത്. ഛായാഗ്രഹണം ജോമോൻ തോമസ്, അബ്ദുൾ റഹീം. റഫീക്ക് അഹമ്മദിന്റെ വരികൾക്ക് സംഗീതം നൽകുന്നത് വിശ്വജിത്ത്. ആക്ഷൻ-റൺ രവി, കളറിസ്റ്റ്-ഷാൻ ആഷിഫ്. സെപ്റ്റംബറിൽ ഹൈസിൻ ഗ്ലോബൽ വെഞ്ചേഴ്സ് ചിത്രം പ്രദർശനത്തിനെത്തിക്കും.

# വിശ്വനാഥ് ആൻഡ് സൺ, ജിഡിഎൻ എന്നിവ പ്രദർശനത്തിനെത്തി

ആശീർവാദ് സിനിമാസ് നിർമിച്ച ചിത്രത്തിൽ സായ്കുമാർ, മനോജ് കെ. ജയൻ, കോട്ടയം രമേശ്, ജാഫർ ഇടുക്കി, ഗണേഷ് കുമാർ, ചിപ്പി തുടങ്ങി വലിയ താരനിരതന്നെ അണിനിരന്നു. സൂര്യയും മമിത ബൈജുവും പ്രധാനവേഷത്തിലെത്തിയ തമിഴ് ചിത്രം 'വിശ്വനാഥ് ആൻഡ് സൺ'സാണ് ഓണക്കാലത്ത് തീയറ്ററിലെത്തിയ മറ്റൊരു സിനിമ. വെങ്കി അറ്റ്ലൂരി തിരക്കഥയെഴുതി സംവിധാനം ചെയ്ത ചിത്രത്തിൽ രാധിക ശരത്കുമാറാണ് മറ്റൊരു പ്രധാനവേഷം കൈകാര്യം ചെയ്തിരിക്കുന്നത്. രാജ്യത്തെ ഇലക്ട്രിക് മോട്ടറിന്റെ സ്രഷ്ടാവെന്നറിയപ്പെടുന്ന ഗോപാൽസ്വാമി ദൊരൈസ്വാമി നായിഡുവിന്റെ കഥപറയുന്ന ജി.ഡി.എൻ ഇതിനോടകംതന്നെ പ്രദർശനത്തിനെത്തി. ജി.ഡി. നായിഡുവായി മാധവൻ അഭിനയിക്കുന്ന സിനിമയുടെ സംവിധായകൻ കൃഷ്ണകുമാർ രാമകുമാറാണ്. ദേശീയ പുരസ്കാരം നേടിയ റോക്കട്രി: ദ് നമ്പി ഇഫക്റ്റ് എന്ന ചിത്രത്തിനുശേഷം വർഗീസ് മൂലൻ പിക്ചേഴ്സും ട്രൈകളർ ഫിലിംസും മീഡിയ മാക്സ് എന്റർടെയ്ൻമെന്റ്സും ചേർന്നു നിർമിക്കുന്ന ചിത്രമാണ് ജി.ഡി.എൻ.

# കാമറാമാൻ സാദത്ത് സൈനുദ്ദീൻ ഇനി സംവിധായകൻ

വില്യം ആൻഡ് കേയ്റ്റ് ഇന്നവേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ എം.എ. നിഷാദ് കഥയും തിരക്കഥയുമൊരുക്കി, ഛായാഗ്രാഹകനായ സാദത്ത് സൈനുദ്ദീൻ ആദ്യമായി സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ സോംഗ് റെക്കോർഡ് ചെയ്തു. മലയാളത്തിലെ പ്രമുഖ താരങ്ങൾക്കൊപ്പം തെന്നിന്ത്യയിലെ ഒരു സൂപ്പർതാരം കൂടി അഭിനയിക്കുന്ന ഈ ചിത്രം പാൻ ഇന്ത്യൻ പശ്ചാത്തലത്തിലാണ് ഒരുങ്ങുന്നത്. ഒരിടവേളയ്ക്കുശേഷം ജെറി അമൽദേവ് സംഗീത സംവിധാനം നിർവഹിക്കുന്നു എന്ന പ്രത്യേകതയും ഈ ചിത്രത്തിനുണ്ട്. നാലു പതിറ്റാണ്ടിലേറെ നീണ്ട ഇടവേളയ്ക്ക്ശേഷം എം.ജി. ശ്രീകുമാർ-ജെറി അമൽദേവ് സഖ്യം ഒന്നിക്കുന്ന ചിത്രം കൂടിയാണിത്.

## ഗുരുദക്ഷിണ

(27-ാം പേജിൽനിന്നും)

മേഴ്‌സി ഒരു സംസാരപ്രിയ ആണെന്നു തോന്നുന്നു. "അന്നു സാറിനെ ഞങ്ങൾ 'ബോറൻ' എന്നാണ് വിളിച്ചിരുന്നത്. അങ്ങനെ ഒരു അപരനാമം എനിക്കുണ്ടായിരുന്നു എന്നുള്ളത് ഒരു പുതിയ അറിവാണ്. 'അളിയൻ' എന്നു പിള്ളേരു വിളിച്ചിരുന്നത് ഞാനത്ര കാര്യമാക്കിയിരുന്നില്ല."

സാറ് ക്ലാസിലേക്ക് വരുമ്പോൾ 'ബോറൻ വരുന്നുണ്ടെന്നു' പറഞ്ഞ് ഞങ്ങൾ അടക്കം ചിരിക്കുമായിരുന്നു.

"ഇപ്പോഴും ആളൊരു ബോറനാ" അതുവഴി കടന്നുപോയപ്പോൾ കറുകപ്പള്ളി ഒരു കാര്യവുമില്ലാതെ ഒരു കമന്റ് പാസ്സാക്കി.

"സംശയമുണ്ടെങ്കിൽ ഇന്നു വൈകിട്ടത്തെ 'ചിരിയരങ്ങ്' പരിപാടിയിൽ കുറച്ചുനേരം ഇരുന്നാൽ മതി" കൂട്ടത്തിൽ ഉണ്ടായിരുന്ന കാടാപുറം ജോസ് പോളിനെ പിന്താങ്ങി.

അതുകേട്ട് ഞാനൊഴികെ, എന്റെ ഭാര്യ ഉൾപ്പെടെ എല്ലാവരും ചിരിച്ചു.

"എന്തിനാ എന്നെ ബോറൻ എന്നു വിളിച്ചിരുന്നത്?" ഏതിനും ഒരു കാരണം വേണമല്ലോ!

'Bores' എന്നൊരു എസ്സെയാണ് സാറു ഞങ്ങളെ ആദ്യമായി പഠിപ്പിച്ചത്. സത്യത്തിൽ സാറിന്റെ ക്ലാസ് വെറും ബോറായിരുന്നു. മേഴ്‌സി എന്നോട് ഒരു കരുണയും കാണിച്ചില്ല. 'Bores' എന്നൊരു എസ്സേ ഞാൻ പഠിപ്പിച്ചെന്നോ?

ഡിഗ്രി ഉണ്ടായിരുന്നെങ്കിലും ഒരു 'വാഴക്കുല' ലൈനിലായിരുന്നു എന്റെ പഠിത്തം. ഷേക്‌സ്‌പിയർ, ബർണാഡ് ഷാ, ചാൾസ് ഡിക്കൻസ് തുടങ്ങിയ ചില പേരുകൾ കേട്ടിട്ടുണ്ടെങ്കിലും അവരുടെ വിശ്വസാഹിത്യമൊന്നും എന്റെ പിടിയിൽ ഒതുങ്ങുമായിരുന്നില്ല. എങ്കിലും ഞാനും ഒരു പോസ്റ്റ്ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. അത്ഭുതങ്ങൾ, അതങ്ങു സംഭവിക്കുകയാണല്ലോ!

കൺവൻഷൻ കഴിഞ്ഞു വീട്ടിൽ എത്തിയപ്പോഴേക്കും ഗിന്നസ് ബുക്കിൽ ഇടംനേടിയ മട്ടന്നൂർ ശങ്കരൻകുട്ടിയുടെ ചെണ്ടമേളവും മോഹിനിമാരുടെ മോഹിനിയാട്ടവും നന്ദന നടി നവ്യാ നായരുടെ (അധിക) പ്രസംഗവും എന്റെ മനസ്സിൽ നിന്നും മാഞ്ഞുതുടങ്ങിയിരുന്നു.

'ബോറൻ' എന്ന പേര് എനിക്കു സമ്മാനിച്ച ആ കാരണഭൂതൻ ആരാണെന്നറിയാനുള്ള ആകാംക്ഷ എന്നെ അലട്ടിക്കൊണ്ടിരുന്നു.

'അന്വേഷിപ്പിൻ കണ്ടെത്തും' എന്നാണല്ലോ പ്രമാണം. അന്വേഷിച്ചു, കണ്ടെത്തി.

ഇരുപതാം നൂറ്റാണ്ടിലെ ഒരു പ്രശസ്ത സാഹിത്യകാരനായിരുന്ന E.V. Lucas എഴുതിയ 'Bores' എന്ന എസ്സെയെപ്പറ്റി ആയിരുന്നു മേഴ്‌സിയുടെ പരാമർശം.

ദൈനംദിന ജീവിതത്തിലെ സാധാരണ വിഷയങ്ങളെക്കുറിച്ച് ലളിതവും രസകരവുമായ ശൈലിയാണ് അദ്ദേഹം എഴുതിയിരുന്നത്. ബോറന്മാരെക്കുറിച്ച് എത്രയോ കാലങ്ങൾക്ക് മുൻപ് എഴുതിയ ലേഖനം ഇന്നും വളരെ പ്രസക്തമാണ്. ഇക്കൂട്ടത്തിൽപ്പെട്ട ധാരാളം ആളുകളെ അമേരിക്കൻ മലയാളി സമൂഹത്തിൽ കാണാം.

ബോറന്മാർ മറ്റുള്ളവരുടെ സമയത്തെപ്പറ്റി ഒട്ടും ബോധവാന്മാരല്ല. ഇവർ മറ്റുള്ളവരെ സംസാരിക്കുവാൻ അനുവദിക്കാതെ, തങ്ങളുടെ വീരകൃത്യങ്ങൾ വിളമ്പിക്കൊണ്ടേയിരിക്കും.

തങ്ങളുടെ രോഗങ്ങൾ, ശസ്ത്രക്രിയകൾ, കഴിക്കുന്ന മരുന്നുകൾ, ഭക്ഷണരീതി, വ്യായാമം എന്നിവയെപ്പറ്റി മറ്റുള്ളവരോട് വിശദീകരിച്ച് അവരെ അങ്ങേയറ്റം ബോറടിപ്പിക്കും. ചിലർ തങ്ങളുടെ മൂലക്കുരു സർജറി നടന്ന ഭാഗം വരെ പ്രദർശിപ്പിക്കുവാൻ മടിയില്ലാത്തവരാണ്.

തങ്ങളുടെ മക്കളുടെ നേട്ടത്തെപ്പറ്റി വാതോരാതെ സംസാരിക്കുന്ന പലരുമുണ്ട്. കൂട്ടത്തിൽ അവരുടെ ഫോട്ടോയും.

ചിലർക്ക് കുടുംബ പാരമ്പര്യത്തെപ്പറ്റിയുള്ള പൊങ്ങച്ചം പറയുവാനുള്ള താല്പര്യം. 'പകലോമറ്റം' വിട്ടൊരു കളിയില്ല.

കേട്ടവർ വീണ്ടും ചിരിക്കണം എന്നു വാശിപിടിച്ചുകൊണ്ട്, ഒരേ തമാശ പലതവണ ആവർത്തിച്ചു പറയുന്നവരുണ്ട്. (എന്നെപ്പറ്റി അങ്ങനെ ഒരു അപവാദം ഉള്ളതിനെപ്പറ്റി ഞാൻ ബോധവാനാണ്).

പ്രസംഗിച്ചു മനുഷ്യനെ ബോറടിപ്പിച്ചു വെറുപ്പിക്കുന്ന ചിലരുണ്ട് നമ്മുടെ സമൂഹത്തിൽ. എവിടെ മൈക്ക് കണ്ടാലും അവർ ചാടിവീഴും.

പ്രസംഗത്തിലൂടെ ആളുകളെ മുഷിപ്പിക്കുന്ന ചില പുരോഹിതന്മാരുണ്ട്. ആരെങ്കിലും മരിച്ചെന്നറിഞ്ഞാൽ, ഒരു പത്തു പതിനഞ്ചു പട്ടക്കാരെങ്കിലും സഭാവൈരം മറന്ന്, പരേതന് അന്തിമോപചാരം അർപ്പിക്കുവാൻ അവിടെയെത്തും. നല്ലകാര്യം. പക്ഷേ, ഈ പതിനഞ്ചുപേരും ചരമപ്രസംഗം നടത്തണമെന്നു വാശി പിടിക്കുന്നതു ശരിയല്ല. ഒരേ സന്ദേശമാണ് അവരവരുടെ ശൈലിയിൽ അവർ ആവർത്തിക്കുന്നത്.

ഏതെങ്കിലും കുട്ടികൾ മരിച്ചാൽ 'ഒരു തോട്ടക്കാരൻ തന്റെ തോട്ടത്തിലെ ഏറ്റവും മനോഹരമായ പുഷ്പം നുള്ളിയെടുക്കുന്നതുപോലെ, സ്വർഗ്ഗീയ ഭവനം അലങ്കരിക്കുവാനായി കർത്താവ് ആ കുഞ്ഞിനെ നേരത്തെ വിളിച്ചു. അതിൽ നമുക്കു സന്തോഷിക്കാം' കുഞ്ഞിന്റെ മരണത്തിൽ നെഞ്ചു പൊട്ടിയിരിക്കുന്ന മാതാപിതാക്കളോടാണ് കത്തനാര് ഈ കാച്ച് കാച്ചുന്നത്.

"ഞാൻ നല്ല പോരാട്ടം പോരാടി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു" ജീവിച്ചിരുന്ന കാലത്ത് പള്ളിയിൽ കയറാതെ, പട്ടക്കാരെ ചീത്തയും വിളിച്ചു നടന്ന വല്യപ്പനെപ്പറ്റിയാണ് പരാമർശം.

ചില വിവാഹവേളകളിൽ ഉപദേശിമാർ ഇത്തരം കൊലച്ചതി ചെയ്യാറുണ്ട്. ഒരു നല്ല കുടുംബജീവിതം എങ്ങനെ നയിക്കണമെന്ന് വധൂവരന്മാരെ ഉദ്ബോധിപ്പിക്കുകയാണ് നീണ്ട അറുബോറൻ പ്രസംഗത്തിലൂടെ.

"ഒന്നു നിർത്തി പോടേയ്. താനൊന്നു പോയിട്ടു വേണം ഞങ്ങൾക്ക് കുടുംബം ഉണ്ടാക്കുവാനുള്ള ഒരു ശ്രമം നടത്തേണ്ടത്" എന്നായിരിക്കും വധൂവരന്മാരുടെ മനസ്സിൽ.

*** *** ***

വർഷങ്ങൾക്കുശേഷം ഞാൻ പഠിപ്പിച്ച ഒരു വിദ്യാർത്ഥി എന്നെ തിരിച്ചറിഞ്ഞു എന്ന സത്യമാണ്, ഈ ഫൊക്കാന കൺവൻഷനിൽ എനിക്കു ലഭിച്ച ഏറ്റവും വലിയ അംഗീകാരം.

'ബോറൻ' എന്നപേരു ഞാൻപോലും അറിയാതെ എനിക്കു ചാർത്തി തന്ന E.V. Lucas-നോടും എനിക്കുനന്ദിയുണ്ട്.

*** *** ***

മേഴ്‌സി കുറിയാക്കോസിനോട് ഒരു അപേക്ഷയുണ്ട്. ഗുരുദക്ഷിണയായി എനിക്കൊന്നും വേണ്ടാ. എന്നെ ഇനി എവിടെ വെച്ചെങ്കിലും കാണാനിടയായാൽ, ദയവ് ചെയ്ത് ഞാൻ മേഴ്‌സിയുടെ അദ്ധ്യാപകനായിരുന്നു എന്ന് ആരോടും പറയരുതേ!

'മാതാ പിതാ, ഗുരു, ദൈവം'!

## പത്തുകോടിയുടെ എംഡിഎംഎയുമായി മൂന്നുപേർ പിടിയിൽ

മലപ്പുറം: കേരളത്തിലേക്ക് കടത്താൻ ശ്രമിച്ച 12,800 കിലോഗ്രാം എംഡിഎംഎയുമായി വയനാട്, മലപ്പുറം സ്വദേശികളായ മൂന്നു യുവാക്കളെ കോയമ്പത്തൂരിൽ മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തു. കേരള പോലീസിന്റെ ഏറ്റവും വലിയ എംഡിഎംഎ വേട്ടയാണിത്.

വിപണിയിൽ പത്തുകോടിയിലധികം രൂപ വിലമതിക്കുന്ന വീര്യംകൂടിയ എംഡിഎംഎ സംഘത്തിൽനിന്ന് പിടികൂടി.

കേരളത്തിനകത്തും പുറത്തും കണ്ണികളുള്ള ലഹരിവില്പന സംഘത്തിലെ മലപ്പുറം പന്തല്ലൂർ കടമ്പോട് സ്വദേശി മാമ്പ്രവളപ്പിൽ ജാബിർ അലി (32), വയനാട് മേപ്പടി കുന്നമംഗലംവയൽ സ്വദേശി കരിമ്പനയിൽ മുഹമ്മദ് സാലിഹ് (34), മലപ്പുറം ആനക്കയം പുള്ളിലങ്ങാടി സ്വദേശി കടവത്ത് ഷെയിം അക്ബർ (21) എന്നിവരെയാണ് മലപ്പുറം പോലീസ് മേധാവി ചൈത്ര തെരേസ ജോണിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തിലെ മഞ്ചേരി ഇൻസ്‌പെക്ടർ ടി.ജി. ദിലീപ്, ജില്ലാ ഡാൻസാഫ് സ്‌ക്വാഡ് എന്നിവരടങ്ങുന്ന സംഘം കോയമ്പത്തൂരിൽ പിടികൂടിയത്.

ആഴ്ചകൾക്കു മുമ്പ് ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി മഞ്ചേരി ടൗണിൽ സ്വകാര്യ അപ്പാർട്ട്മെന്റിൽ രഹസ്യവിവരത്തെത്തുടർന്ന് പോലീസ് സംഘം നടത്തിയ പരിശോധനയിൽ 100 ഗ്രാം എംഡിഎംഎയുമായി ആറംഗ സംഘത്തെ അറസ്റ്റ് ചെയ്തിരുന്നു. ഇതിലെ പ്രതികളെ പ്രത്യേക അന്വേഷണസംഘം ചോദ്യം ചെയ്തപ്പോഴാണ് കേരളത്തിനകത്തും പുറത്തും വേരുകളുള്ള ലഹരിക്കടത്ത് സംഘത്തിലെ ചിലരെക്കുറിച്ച് സൂചന ലഭിച്ചത്. തുടർന്ന് കൂടുതൽ അന്വേഷണം നടത്തിയതോടെ ഡൽഹി, മുംബൈ, ബംഗളൂരു എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് വൻതോതിൽ എംഡിഎംഎ രഹസ്യകേന്ദ്രങ്ങളിൽ സംഭരിച്ച് കേരളത്തിലും തമിഴ്നാട്ടിലും വില്പന നടത്തുകയാണ് സംഘമെന്ന് പോലീസ് കണ്ടെത്തി.

ലഹരിസംഘത്തിന്റെ ഇടത്താവളം തമിഴ്നാട്ടിലെ കോയമ്പത്തൂർ, പഴനി, കൊടൈക്കനാൽ എന്നിവിടങ്ങളിലാണെന്നും തിരക്കേറിയ ഇത്തരം ടൗണുകളിൽവച്ചാണ് ലഹരി ഇടപാടുകൾ കൂടുതൽ നടക്കുന്നതെന്നും മനസിലായി. ഇത്തരം സ്ഥലങ്ങൾ കേന്ദ്രീകരിച്ചും ഇടനിലക്കാരെ നിരീക്ഷിച്ചും നടത്തിയ അന്വേഷണത്തിൽ കോയമ്പത്തൂർ ടൗണിന് സമീപത്തുനിന്നാണ് പ്രതികളെ പോലീസ് പിടികൂടിയത്. ഇവരെ കൂടുതൽ ചോദ്യംചെയ്തതോടെ കാറിനുള്ളിൽ ഒളിപ്പിച്ച വൻ എംഡിഎംഎ ശേഖരം പോലീസ് കണ്ടെത്തുകയായിരുന്നു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പല സ്ഥലങ്ങളിലായി 100 ഗ്രാം മുതൽ 500 ഗ്രാം വരെ ഡ്രോപ്പ് ചെയ്യാനുള്ള പായ്ക്കറ്റുകളടങ്ങിയനിലയിൽ ഇന്നോവകാറിന്റെ ഡോർ പാഡിനുള്ളിൽ ഒളിപ്പിച്ച നിലയിലാണ് എംഡിഎംഎ കണ്ടെത്തിയത്.

എംഡിഎംഎയുടെ ഉറവിടത്തെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

## ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സുവിശേഷവത്കരണ കാര്യാലയം അംഗം

കൊച്ചി: വരാപ്പുഴ ആർച്ച്ബിഷപ് റവ.ഡോ. ജോസഫ് കളത്തിപ്പറമ്പിലിനെ വത്തിക്കാനിലെ സുവിശേഷവത്കരണ കാര്യാലയം അംഗമായി വീണ്ടും നിയമിച്ചു. അഞ്ചു വർഷത്തെ കാലാവധിയിലേക്കാണ് പുതിയ നിയമനം. 2020 നവംബറിലാണ് ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിനെ സുവിശേഷവത്കരണ കാര്യാലയത്തിൽ ആദ്യമായി നിയമിച്ചത്. സുവിശേഷവത്കരണം, സഭയുടെ നയതന്ത്രം, കാനൻ നിയമം എന്നിവയിലുള്ള ആർച്ച്ബിഷപ്പിന്റെ പരിജ്ഞാനം കണക്കിലെടുത്താണ് പുതിയ നിയമനം.

## നേപ്പാളിലെ മിന്നൽ പ്രളയം

(ഒന്നാം പേജിൽ നിന്നും)

മിന്നൽ പ്രളയം വീണ്ടും ആവർത്തിക്കുമെന്ന ആശങ്കയിൽ ഉറങ്ങാൻ പോലും സാധിക്കാതെ കഴിയുകയാണു റസുവ, ധാടിങ്, നുവാകോട്ട്, ചിത്‌വൻ ജില്ലകളിലെ ആളുകൾ. ത്രിശൂലി നദിയിൽ ആഗസ്റ്റ് 30-ന് പുലർച്ചെയും ഉച്ചയ്ക്കും ജലനിരപ്പ് അപകടകരമായ രീതിയിൽ ഉയർന്നതോടെ ജനം വീണ്ടും ഭീതിയിലായി.

ജലനിരപ്പ് ഉയരുന്നുവെന്നും ഉയർന്ന ഭാഗങ്ങളിലേക്കു പോകണമെന്നുമുള്ള അപായ മുന്നറിയിപ്പ് പുലർച്ചെ നാലരയോടെയാണു നുവാകോട്ട് ജില്ലയിലെ ബിധുറിൽ ലഭിക്കുന്നത്. ഹോട്ടലുകളിൽ ഉറങ്ങിക്കിടന്ന മാധ്യമപ്രവർത്തകരെ ഉൾപ്പെടെ സുരക്ഷാജീവനക്കാർ വിളിച്ചെഴുന്നേൽപ്പിച്ചു.

കൈവശം ലഭിച്ച അവശ്യവസ്തുക്കൾ ബാഗിലിട്ട് ഓടി പുറത്തെത്തുമ്പോൾ ഒരു നാട് മുഴുവൻ ആശങ്കയോടെ നിൽക്കുകയാണ്. ബാഗുകളും തുണിക്കെട്ടുമേന്തി പലരും മുകൾഭാഗത്തേക്കു വേഗത്തിൽ നടക്കുന്നു. മീറ്ററുകൾ അകലെ ത്രിശൂലി നദി ഹുങ്കാരത്തോടെ കുത്തിയൊഴുകുന്നു. മിന്നൽപ്രളയത്തിൽ ഒലിച്ചെത്തിയ കൂറ്റൻ കല്ലുകൾക്കു മുകളിലൂടെ വീണ്ടും വെള്ളം ഒഴുകുന്ന കാഴ്ച ഭീതിപ്പെടുത്തുന്നതായിരുന്നു. റോഡിൽ മണിക്കൂറുകൾ കാത്തിരുന്നു. ഒടുവിൽ ആശങ്കപ്പെടേണ്ടതില്ലെന്ന് അധികൃതർ പറഞ്ഞ ശേഷം താമസസ്ഥലങ്ങളിലേക്കു മടങ്ങുമ്പോൾ നേരം പുലർന്നിരുന്നു. 30-ന് ഉച്ചയ്ക്കും സമാന സാഹചര്യം ആവർത്തിച്ചു.

പ്രളയത്തിന്റെ ആറാം ദിവസവും രക്ഷാപ്രവർത്തനം വെല്ലുവിളിയായി തുടരുകയാണ്. മോശം കാലാവസ്ഥ, ഇടയ്ക്കു പെയ്യുന്ന മഴ എന്നിവയെല്ലാം തടസ്സമാണെന്ന് അധികൃതർ പറയുന്നു.

## ഇതു കലിയുഗമാണോ?

(28-ാം പേജിൽനിന്നും)

എന്നൊക്കെ ഈശോമിശിഹാ പ്രവചിച്ച പ്രവചനങ്ങളൊക്കെയാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇവയൊക്കെ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ഈ ലോകാവസാനം നേരിടും. നാം ഓരോരുത്തരും മരണം വഴിയായി കടന്നുപോകേണ്ടി വരും എന്ന മുന്നറിയിപ്പാണ് ഇന്നു നമുക്കുള്ളത്. മരണാനന്തരജീവിതമാണ് യഥാർത്ഥ ജീവിതം. രണ്ടേരണ്ടു ജീവിതമേ മരണാനന്തരം ലഭിക്കുകയുള്ളൂ. ഒന്ന് നിത്യസൗഭാഗ്യ ജീവിതം അഥവാ മോക്ഷജീവിതം. അത് സ്വർഗ്ഗസ്ഥനായ പിതാവായ ദൈവത്തോടും കോടാനുകോടി വിശുദ്ധ ദൂതന്മാരോടൊത്തുള്ള ജീവിതം അതു പ്രാപിക്കണമെങ്കിൽ ഇന്നു നാം ജീവിച്ചിരിക്കുമ്പോൾ ദൈവത്തിലാശ്രയവും പ്രാർത്ഥിച്ചും പാപങ്ങൾ കഴുകിക്കളഞ്ഞ്, ഒരു വിശുദ്ധജീവിതം നയിക്കേണ്ടിയിരിക്കുന്നു. അതിനുള്ള മാർഗ്ഗങ്ങൾ വിശുദ്ധ വേദപുസ്തകത്തിലുണ്ട്.

"ബൈബിൾ ക്രിസ്ത്യാനികൾക്കു മാത്രമുള്ള പുസ്തകമല്ല. ലോകമാകമാനമുള്ള ജനങ്ങൾക്കു ജീവമാർഗ്ഗം നല്കുവാൻ പരിശുദ്ധനായ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട ഏകസത്യ ഗ്രന്ഥമായ വിശുദ്ധ വേദപുസ്തകം വായിച്ചു പഠിച്ച് ഗ്രഹിച്ച് അതനുസരിച്ചു ജീവിച്ചാൽ മരണാനന്തരജീവിതം നിത്യസൗഭാഗ്യ ജീവിതമായി പരിശുദ്ധനായ ദൈവാധിദൈവത്തോടും കോടാനുകോടി സ്വർഗ്ഗീയ ദൂതന്മാരോടൊത്തും യുഗാനുയുഗം ജീവിക്കാം. അതല്ല ഇന്ന് തങ്ങൾക്കു ബോധിച്ചതുപോലെ അകൃത്യങ്ങളിലും ലംഘനങ്ങളിലും പാപങ്ങളിലും രസിച്ചു ജീവിച്ചാൽ മരണാനന്തര ജീവിതം ഗന്ധകവും തീയും കത്തുന്ന നരക ന്യായവിധിയിലായിരിക്കും എന്നോർക്കുക. ദൈവത്തിനു മുഖപക്ഷമില്ല. ദൈവം സൃഷ്ടിച്ച മനുഷ്യരെല്ലാം ദൈവത്തോടുകൂടെ ദൈവത്താൽ സ്നേഹിക്കപ്പെടും. ദൈവത്തെ സ്നേഹിച്ചും അനുസരിച്ചും ഉല്ലസിച്ചാനന്ദിച്ചും ജീവിക്കേണമെന്നു തന്നെയാകുന്നു ആ ആഗ്രഹം! അതിനായി ദിനംതോറും ആഹ്വാനം ചെയ്തുകൊണ്ടിരിക്കയാകുന്നു. നാം കാണുന്ന മതങ്ങളൊന്നും ദൈവം ഉണ്ടാക്കിയതല്ല. മനുഷ്യർ തങ്ങളുടെ വിശ്വാസങ്ങളനുസരിച്ചും സൗകര്യങ്ങളനുസരിച്ചും ഉണ്ടാക്കിയിട്ടുള്ളതാകുന്നു. അവയിലൊന്നും കുടുങ്ങി നിത്യനാശത്തിലേക്കു വഴുതിവീഴാതെ ദൈവികകല്പനകൾ പ്രമാണിച്ച്, തന്നെത്താൻ ശുദ്ധീകരിച്ചു നീതീകരിച്ച്, പാപങ്ങളൊക്കെ ഏറ്റുപറഞ്ഞു പാപക്ഷമ പ്രാപിച്ച് ദൈവത്തെ വിളിച്ചപേക്ഷിച്ചും പ്രാർത്ഥിച്ചും ആരാധിച്ചും ജീവിച്ച് നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിക്കുവാൻ പരിശുദ്ധനായ ദൈവം ഒരുക്കിയിട്ടുള്ള രക്ഷാമാർഗ്ഗത്തിലൂടെ ദൈവത്തോടുകൂടെ മരണാനന്തരജീവിതം നയിക്കുവാൻ ഈ ലേഖനത്തിലൂടെ പ്രിയവായനക്കാരോട് താഴ്മയോടും വിനയത്തോടും സ്നേഹത്തോടുംകൂടെ ആഹ്വാനം ചെയ്തുകൊള്ളുന്നു. 'കലിയുഗ'മെന്നും ലോകാന്ത്യമെന്നുമൊന്നും ഇല്ല എന്നു വിശ്വസിക്കരുത്. ഒരു ലോകാന്ത്യമുണ്ട്. അത് ചിലപ്പോൾ എപ്പോൾ വേണമെങ്കിലും സംഭവിക്കാം. വഞ്ചിതരാകാതെ ഇന്നുതന്നേ ഒരു തീരുമാനമെടുക്കുവാൻ പ്രിയ വായനക്കാരെ പരിശുദ്ധനായ ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ തല്ക്കാലം നിർത്തുന്നു.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# Grace CONVENTION CENTER
Punnamoodu, Mavelikara




DESTINATION Wedding Package in KERALA

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| | BETROTHAL, BAPTISM, |
| FUSION, TALLMAN SECURITY, | BIRTHDAY PARTIES, |
| PREMIUM CARS, ENTERTAINMENT | HOUSE WARMING, |
| CHURCH CHOIR, ANCHORING | BUSINESS CONFERENCE |
| LED WALL, LIVE STREAMING | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**